# വാർഷിക റിപ്പോർട്ട്

## 2024-2025

***'Towards a safer state'***

സുരക്ഷായനം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ)
Kerala State Disaster Management Authority (KSDMA)
ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്
Observatory Hills, Vikas Bhavan P.O
തിരുവനന്തപുരം, കേരളം – 695033
Thiruvananthapuram, Kerala - 695033
ടെലിഫോൺ | Phone - 0471 2778855, 0471-2778888
ടോൾ ഫ്രീ ടെലിഫോൺ | Toll Free 1070
www.sdma.kerala.gov.in

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.258/2026/DMD തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:- 1. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 24/02/2026 തീയതിയിലെ MTO VII/2509/2025/Admin നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുമുണ്ടായി.


2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (എ&ഇ) കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് ഉൾപ്പെടെ )
കമ്മീഷണർ, ദുരന്ത നിവാരണം ,തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manu S
സെക്ഷൻ ഓഫീസർ
Date: 30-06-2026 11:05:42


KERALA
Multi Hazard Risk Index
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram
LEGEND
No Risk
Low Risk
Moderate Risk
High Risk
Taluk Boundary
District Boundary
Km
0 15 30 60
RISK LAB, KSEOC
Kerala State Disaster Management Authority
Thiruvananthapuram

# ആമുഖം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (SDMA) 2024–25 വർഷത്തെ പ്രവർത്തനങ്ങളെ വിശദീകരിക്കുന്ന സമഗ്ര വാർഷിക റിപ്പോർട്ടാണ് ഇത്. സംസ്ഥാനത്തെ വിവിധ പ്രകൃതിദുരന്തങ്ങൾ, അതിനോടുള്ള പ്രതികരണങ്ങൾ, നയനിർമ്മാണം, ശാക്തീകരണ പ്രവർത്തനങ്ങൾ, പൊതുജന പങ്കാളിത്തം എന്നിവയുടെ വിശദമായ അവലോകനമാണ് ഈ രേഖ നൽകുന്നത്.

മഴയും വെള്ളപ്പൊക്കവും ഉൾപ്പെടെയുള്ള കാലാവസ്ഥാ ദുരന്തങ്ങൾക്കുള്ള പ്രതികരണത്തിൽ SDMAയുടെ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. തീവ്ര മഴയെ തുടർന്ന് ഉണ്ടായ മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, കാറ്റ് തകർച്ച തുടങ്ങിയ സംഭവങ്ങളിൽ അടിയന്തര സഹായം, പുനരധിവാസം, ദുരിതാശ്വാസ വിതരണം എന്നിവ തത്സമയം നടപ്പിലാക്കപ്പെട്ടു. തദ്ദേശ ഭരണസംവിധാനങ്ങളുമായി ഏകീകരിച്ച പ്രവർത്തനങ്ങൾ, ദുരന്ത നിവാരണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ സഹായകമായി.

ശാക്തീകരണ പ്രവർത്തനങ്ങൾ SDMAയുടെ പ്രധാന തൂണുകളിലൊന്നായിരുന്നു. സ്കൂളുകൾ, കോളേജുകൾ, തദ്ദേശ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവയുമായി സഹകരിച്ച്, പരിശീലന പരിപാടികൾ, മോക്ക് ഡ്രില്ലുകൾ, ബോധവത്കരണ ക്യാമ്പുകൾ എന്നിവ നടന്നു. കുട്ടികളെയും യുവാക്കളെയും ലക്ഷ്യമാക്കി പ്രത്യേക പരിപാടികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു.

പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ, SDMA വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തി. ദുരന്തസമയത്ത് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി മൊബൈൽ ആപ്പുകൾ, വെബ് പോർട്ടലുകൾ, ഹോട്ട്ലൈൻ സേവനങ്ങൾ എന്നിവ സജീവമായി പ്രവർത്തിച്ചു. ഈ സംവിധാനങ്ങൾ, ദുരന്തസമയത്തെ ആശയവിനിമയം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിച്ചു.

നയനിർമ്മാണം, SOPs, Updated Disaster Management Plans, Capacity Building Frameworks എന്നിവയുടെ രൂപീകരണത്തിലൂടെ SDMAയുടെ പ്രവർത്തനം കൂടുതൽ ശാസ്ത്രീയവും ദീർഘദർശിയുമായ ദിശയിലേക്ക് നീങ്ങുകയാണ്.

കാലാവസ്ഥാ വ്യതിയാനവും അതിന്റെ ദീർഘകാല പ്രത്യാഘാതങ്ങളും പരിഗണിച്ച്, നയങ്ങൾ കൂടുതൽ സമഗ്രമാക്കുന്നതാണ് ലക്ഷ്യം.

മൊത്തത്തിൽ, SDMAയുടെ 2024–25 പ്രവർത്തനങ്ങൾ, ദുരന്ത നിവാരണത്തിൽ കേരളം സ്വീകരിച്ച സമഗ്ര സമീപനത്തിന്റെ പ്രതിഫലനമാണ്. ശാസ്ത്രീയത, ജനകീയത, ശാക്തീകരണം, നയനിർമ്മാണം, പങ്കാളിത്തം എന്നിവയുടെ ഏകീകരണത്തിലൂടെ, SDMA ഒരു മാതൃകാ സ്ഥാപനമായി മാറുകയാണ്. ഈ റിപ്പോർട്ട്, നയനിർമ്മാതാക്കൾക്കും ഗവേഷകർക്കും, സാമൂഹിക പ്രവർത്തകർക്കും, പൊതുജനങ്ങൾക്കും ഒരു മാർഗദർശകമായി പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 ന് അനുസൃതമായി സംസ്ഥാന സർക്കാർ കേരള സംസ്ഥാന ദുരന്ത നിവാരണ ചട്ടം 2007 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട് (Kerala Extraordinary Gazette S.R.O No. 201/2007 dated 1st March 2007 (amendments vide S.R.O No. 583/2013 dated 17th July 2013 and S.R.O. No. 263/2016 dated 2nd March, 2016). കേന്ദ്ര ദുരന്ത നിവാരണ നിയമം 2005ന്റെ പതിനാലാം വകുപ്പ് അനുസരിച്ച് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2007ൽ രൂപീകൃതമായി.

കേരളം ബഹുവിധ ദുരന്ത സാധ്യതാ പ്രദേശമാണ്. ദുരന്ത സാഹചര്യം ഉളവാക്കാവുന്ന 17 തരം പ്രകൃതി പ്രതിഭാസങ്ങളും 22 തരം മനുഷ്യജന്യ പ്രതിഭാസങ്ങളും കേരളത്തിൽ ഉണ്ടെന്നു കണക്കാക്കുന്നു.

ദുരന്ത സാധ്യത അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 21 താലൂക്കുകൾ ബഹുവിധ ദുരന്ത സാദ്ധ്യതകളാൽ അതീവ ദോഷപൂർണ്ണത (Vulnerability) ഉള്ളവയാണ്.

ദുരന്ത സാദ്ധ്യതകൾ ഉൾക്കൊണ്ട് ആവശ്യമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല ദുരന്തനിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 70 (2) പ്രകാരം ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന നിയമസഭയുടെ മുന്നിൽ സമർപ്പിക്കുന്നതിനായി വാർഷിക റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരമുള്ള (statutory) അതോറിറ്റിയാണ് കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റി.

സംസ്ഥാനത്ത് ദുരന്ത നിവാരണ നിയമത്തിന്റെ നിർവ്വഹണ നയവും, ചട്ടങ്ങളും, പദ്ധതികളും അംഗീകരിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ്. ഈ നിയമത്തിന്റെ നടത്തിപ്പിനായി ആവശ്യമായ തുക വകയിരുത്തുവാൻ സർക്കാരിന് ഉപദേശം നൽകുക, വിവിധ ദുരന്തങ്ങൾ പ്രതിരോധിക്കുവാനും, നേരിടുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശക രേഖകൾ പുറപ്പെടുവിക്കുക എന്നീ കർത്തവ്യങ്ങൾ ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നിയമം അനുശാസിക്കുന്ന വിധം മേൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ച്, വിവിധ വകുപ്പുകളുടെ ചുമതലകൾ നിഷ്കർഷിച്ച് ദുരന്ത ലഘൂകരണം വകുപ്പുകളുടെ സ്ഥിര വികസന പ്രവർത്തികളിൽ നിരന്തരവല്കരിക്കാനുള്ള അധികാരം അതോറിറ്റിയിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുഖ്യമന്ത്രി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| റവന്യൂ വകുപ്പ് മന്ത്രി | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Vice Chairman) |
| ആഭ്യന്തര വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| കൃഷി വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ചീഫ് സെക്രട്ടറി | മുഖ്യ ഭരണ നിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| മുഖ്യ ശാസ്ത്രജ്ഞൻ, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം | അംഗവും കാര്യക്കാരനും (എക്സ്-ഒഫിഷ്യോ) (Member Secretary) |
| ഡോ. ജോയ് ഇളമൺ | അംഗം |

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA)

ദുരന്ത നിവാരണ നിയമത്തിന്റെ ഇരുപതാം വകുപ്പനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, 4 സെക്രട്ടറിമാർ അംഗങ്ങളുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA) പ്രവർത്തിച്ച് വരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക, ദേശീയ, സംസ്ഥാന അതോറിറ്റികളുടെ പദ്ധതികൾ നടപ്പാക്കുക, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പ് വരുത്തുക, പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുക, അടിയന്തര ഘട്ടത്തിൽ ദുരന്ത പ്രതികരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ ഉത്തരവുകളും, നിർദ്ദേശങ്ങളും വിവിധ വകുപ്പുകൾക്ക് ബാധകമായ രീതിയിൽ പുറപ്പെടുവിക്കുക, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തന നിയന്ത്രണം, ദുരന്ത നിവാരണത്തിനായുള്ള സങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയുടെ പ്രവർത്തന നിയന്ത്രണം, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയും (State Disaster Mitigation Fund), സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയും (State Disaster Response Fund) വിനിയോഗ നിയന്ത്രണം എന്നിവ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതിയിൽ നിക്ഷിപ്തമാണ്. സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു. GO (Rt) No. 772/2020/DMD dated 1-10-2020 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ സഹായിക്കുവാൻ ആയി കമ്മീഷണർ ദുരന്ത നിവാരണം എന്ന പദവി സൃഷ്ടിച്ച് ഒരു AIS ഉദ്യോഗസ്ഥനെ നിയോഗിച്ചു.

| | |
|---|---|
| ചീഫ് സെക്രട്ടറി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |

## അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ

സംസ്ഥാനതലത്തിൽ മൂന്ന് അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- പ്രകൃതി ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: GO (Ms) No. 68/2011/DMD dated 8-2-2011.
- മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: GO (Rt) No. 6410/2013/DMD dated 29-11-2013.
- ഖനന മേഖലയിലെ അപകടങ്ങളോട് പ്രതികരിക്കുന്നതിനുള്ള സമിതി: GO (Rt) No. 542/14/ID dated 26-05-2014.
- ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി: GO (Rt) No. 453/2021/DMD dated 3-6-2021

## ഉപദേശക സമിതികൾ

- ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ വിദഗ്ദ്ധ സംഘം: GO (Rt) No. 356/2020/DMD dated 17-03-2020
- മണ്ണിടിച്ചിൽ/ഉരുപൊട്ടൽ മേഖലയിലെ ഗൃഹ നിർമ്മാണം: GO (Rt) No. 644/2018/DMD dated 30-11-2018
- മിനിമം റിലീഫ് കോഡ്: GO (Ms) No. 7/2018/DMD dated 21-6-2018
- സ്കൂൾ സുരക്ഷ: GO (Rt) No. 271/2018/DMD dated 11-05-2018
- ദുരന്ത പ്രതികരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ: GO (Rt) No. 86/2017/DMD dated 12-12-2017
- ഭൂമി കുലുക്ക പ്രതിരോധ നിർമ്മാണം: GO (Rt) No. 1299/2015/DMD dated 12-03-2015
- മുല്ലപ്പെരിയാർ ദുരന്ത ലഘൂകരണം: GO (Rt) No. 6084/2011/DMD dated 17-12-2011

## ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ

ദുരന്ത നിവാരണ നിയമം 2005ൽ നിഷ്കർഷിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ 14 ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതികളും, മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് അതാത് ജില്ലകളിൽ ദുരന്ത നിവാരണ ആസൂത്രണം, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കൽ, അടിയന്തിരഘട്ട പ്രവർത്തന ഏകോപനം, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ദുരന്ത മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ച് പരിപാലിക്കൽ, പൊതുജനങ്ങൾക്ക് ദുരന്ത മുന്നറിയിപ്പ് എത്തിക്കുക, തദ്ദേശ സ്ഥാപനങ്ങൾക്കും, വിവിധ വകുപ്പുകൾക്കും ദുരന്ത ലഘൂകരണത്തിന് ആവശ്യമായ നിർദ്ദേശം നൽകൽ എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിക്ഷിപ്തമായ

കർത്തവ്യമാണ്. ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, പോലീസ്, റവന്യൂ, അഗ്നി സുരക്ഷ എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാ കളക്ടർ | അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Co-Chairman) |
| ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണം (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്) | മുഖ്യ ഭരണനിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ജില്ലാ പോലീസ് മേധാവി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ അഗ്നി സുരക്ഷാ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ഒരു ജില്ലാ തല ഉദ്യോഗസ്ഥൻ അംഗം [(എക്സ്-ഒഫിഷ്യോ) (Member)] | തിരുവനന്തപുരം - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ജലസേചനം |
| | പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ - പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| | കൊല്ലം, ആലപ്പുഴ, കാസർഗോഡ് - ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് |
| | കോട്ടയം - ജില്ലാ സപ്ലൈ ഓഫീസർ |
| | ഇടുക്കി, തൃശൂർ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതു മരാമത്ത് |
| | പാലക്കാട് - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ |
| | എറണാകുളം – റവന്യൂ ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി |

# Contents


1. പ്രവർത്തനങ്ങൾ ..... 15
   - 1.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ..... 15
   - 1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ..... 15
   - 1.3 സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെ പരിശോധനാ കമ്മിറ്റി ..... 15
   - 1.4 സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിൽ നിന്നും അനുവദിച്ച പദ്ധതികൾ 15
   - 1.5 സംസ്ഥാനതല ടെലികോം ദുരന്ത ഏകോപന സമിതി ..... 16
   - 1.6 ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി ..... 16
   - 1.7 കാര്യാലയ പ്രവർത്തനങ്ങൾ ..... 17
   - 1.8 പരിശീലനം - ജവഹർലാൽ ബിസിനസ് സ്കൂൾ, വയനാട് ..... 17
   - 1.9 ഭരണത്തിൽ കൃത്രിമ ബുദ്ധിയുടെ പ്രയോജനങ്ങൾ ..... 17
   - 1.10 ദുരന്തങ്ങളിൽ നിന്നും പുരാവസ്തുക്കളുടെ സുരക്ഷ ..... 18
   - 1.11 വേൾഡ് എൻവയോൺമെന്റ് ഡേ ..... 18
   - 1.12 Incident Response System - പരിശീലന പരിപാടി ..... 19
   - 1.13 ദുരന്തങ്ങൾ നിന്നും ആർക്കൈവ്സ്സുകളുടെ സുരക്ഷ ..... 20
   - 1.14 സുനാമി റെഡി - സുനാമി തിര ബാധിക്കാൻ സാധ്യതയുള്ള പ്രദേശത്തിന്റെ ഭൂപടവും, ഒഴിപ്പിക്കൽ പദ്ധതി തയ്യാറാക്കലും സംബന്ധിച്ച് ശില്പശാല ..... 21
   - 1.15 സുനാമി റെഡി പ്രോഗ്രാം ..... 22
   - 1.16 സുനാമി റെഡി - കരുംകുളം, തിരുവനന്തപുരം ..... 23
   - 1.17 സുനാമി റെഡി - എറണാകുളം, എടവനക്കാട് ..... 23
   - 1.18 സുനാമി റെഡി - ആലപ്പുഴ, പുറക്കാട് ..... 24
   - 1.19 സുനാമി റെഡി - അഴിക്കോട്, കണ്ണൂർ ..... 26
   - 1.20 സുനാമി റെഡി - ആലപ്പാട്, കൊല്ലം ..... 26
   - 1.21 സുനാമി റെഡി - മോക്ക് ഡ്രിൽ ..... 27
   - 1.22 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗം ആയി ഡോ. ജോയ് ഇളമൺ നിയമിതനായി ..... 27
   - 1.23 തിരുവനന്തപുരം - ഇൻഡ്യൻ ദുരന്ത പ്രതികരണ ശൃംഖല (IDRN) പോർട്ടൽ - അപ്ഡേഷൻ ..... 28
   - 1.24 സ്കൂൾ സുരക്ഷ - കരുംകുളം, തിരുവനന്തപുരം ..... 28
   - 1.25 ആശുപത്രി സുരക്ഷ - പുല്ലുവിള CHC, തിരുവനന്തപുരം ..... 29

1.26 പരിശീലന പങ്കാളിത്തം - ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും കുട്ടികളുടെ സംരക്ഷണവും അവകാശങ്ങളും ..... 29
1.27 വെബിനാർ - Navigating Flood Risks: Causes, Models, and Impact Mapping ..... 29
1.28 സെമിനാർ - Urban Heatwave and Climate Change ..... 30
1.29 പാലക്കാട് - RESCUE – Rehabilitation and Emotional Support for Communities Under Emergency ..... 30
1.30 പാലക്കാട് - SAFETYNET ..... 31
1.31 കോട്ടയം - സ്കൂൾ മോക്ക് ഡ്രിൽ ..... 31
1.32 പരിശീലന പങ്കാളിത്തം - District Disaster Management Plan Preparation ..... 31
1.33 പാലക്കാട് - NDRF Familiarization Exercise ..... 32
1.34 തിരുവനന്തപുരം - Design Policy Strategy Workshop ..... 32
1.35 തിരുവനന്തപുരം - Young Idea Conclave on Disaster Management ..... 33
1.36 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - ലോയോള സോഷ്യൽ സയൻസസ് കോളേജ്, തിരുവനന്തപുരം ..... 33
1.37 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - സെന്റ് അലോഷ്യസ് കോളേജ്, തൃശൂർ ..... 34
1.38 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – കൊല്ലം ..... 34
1.39 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – കോഴിക്കോട് ..... 35
1.40 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – കോട്ടയം ..... 35
1.41 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – എറണാകുളം ..... 36
1.42 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – കണ്ണൂർ ..... 36
1.43 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – പത്തനംതിട്ട ..... 36
1.44 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – ആലപ്പുഴ ..... 37
1.45 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – പാലക്കാട് ..... 37
1.46 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – ഇടുക്കി ..... 38
1.47 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – മലപ്പുറം ..... 38
1.48 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – തിരുവനന്തപുരം ..... 39
1.49 ദുരന്ത ലഘൂകരണത്തിൽ കുട്ടികളുടെ പങ്ക് – തൃശൂർ അയ്യന്തോൾ ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ..... 40
1.50 ദുരന്ത ലഘൂകരണത്തിൽ കുട്ടികളുടെ പങ്ക് – കില ..... 40
1.51 അവബോധ പ്രവർത്തനം – ശ്രീ ചിത്ര എൻജിനിയറിങ് കോളേജ്, തിരുവനന്തപുരം ..... 40
1.52 അവബോധ പ്രവർത്തനം – CBSE റീജിയണൽ സയൻസ് എക്സിബിഷൻ 41

1.53 അന്താരാഷ്ട്ര ദുരന്ത നിവാരണ സമ്മേളനം – UNITED '24 ........................ 41
1.54 മോക്ക് ഡ്രിൽ – ഷൊർണൂർ റയിൽവേ യാർഡ് ........................................ 42
1.55 അവബോധ പ്രവർത്തനം – കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ........................................ 42
1.56 പാലക്കാട് – മോക്ക് ഡ്രിൽ ........................................ 43
1.57 കില – ദുരന്ത നിവാരണത്തിൽ യുവാക്കൾ ........................................ 43
1.58 പാലക്കാട് – ഭൂഗത പെട്രോളിയം പൈപ്പ് ലൈൻ ചോർച്ച – മോക്ക് ഡ്രിൽ 44
1.59 പാലക്കാട് – ദുരന്തനിവാരണ ഫണ്ടുകൾ സംബന്ധിച്ച അവബോധ പ്രവർത്തനം ........................................ 44
1.60 പോലീസ് പരിശീലന പരിപാടി ........................................ 44
1.61 മലപ്പുറം - ഗ്യാസ് പൈപ്പ് ലൈൻ ബോധവത്കരണ പരിപാടി .............. 45
1.62 പാലക്കാട് - Teachers Brigade ദുരന്ത നിവാരണ ബോധവത്കരണ പരിപാടി 45
1.63 തിരുവനന്തപുരം - Heat, Lightning and Wind-proof Design പരിശീലനം ..... 46
1.64 Space-Based Inputs for Reduction and Mitigation of Urban Flood Risk പരിശീലനം 46
1.65 മലപ്പുറം - അടിയന്തര പ്രതികരണ സംഘങ്ങൾക്കായി (ERT) പരിശീലനം 46
1.66 പാലക്കാട് - ഹോസോറ 25 ........................................ 47
1.67 പാലക്കാട് - Heat Wave Preparedness and Mitigation ഓൺലൈൻ ബോധവത്കരണ സെഷൻ ........................................ 47
1.68 തിരുവനന്തപുരം - “Role of Space Technology in Disaster Risk Management” ശില്പശാല 47
1.69 CARE-25 അന്താരാഷ്ട്ര സമ്മേളനം ........................................ 48
1.70 മേപ്പാടി ഉരുൾപൊട്ടൽ - 30-7-2024 ........................................ 48
1.71 മേപ്പാടി ഉരുൾപൊട്ടൽ - ദുരന്ത ബാധിതർക്ക് പലവ്യഞ്ജനങ്ങൾ വാങ്ങുവാൻ കൂപ്പൺ ........................................ 66
1.72 മേപ്പാടി ഉരുൾപൊട്ടൽ - പ്രധാനമന്ത്രിയുടെ സന്ദർശനം ........................ 66
1.73 മേപ്പാടി ഉരുൾപൊട്ടൽ - അടിയന്തിര സഹായ മെമ്മോറാണ്ടം ............ 67
1.74 മേപ്പാടി ഉരുൾപൊട്ടൽ - ഔദ്യോഗിക പഠനങ്ങൾ ........................................ 68
1.75 മേപ്പാടി ഉരുൾപൊട്ടൽ - WP (C) No. 28509 of 2024 ബഹു. കേരള ഹൈക്കോടതി കേസ് ........................................ 69
1.76 മേപ്പാടി ഉരുൾപൊട്ടൽ - ചൂരൽമല-മുണ്ടക്കൈ നോ-ഗോ സോൺ ..... 69
1.77 മേപ്പാടി ഉരുൾപൊട്ടൽ - പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസ്സസ്മെന്റ് ...... 70
1.78 മേപ്പാടി ഉരുൾപൊട്ടൽ - പുനരധിവാസ പദ്ധതി ........................................ 72
1.79 മേപ്പാടി ഉരുൾപൊട്ടൽ - പുനർനിർമ്മാണ പദ്ധതി ........................................ 76

1.80 മേപ്പാടി ഉരുൾപൊട്ടൽ - പുന്നപ്പുഴയുടെ പുനരുജ്ജീവനം ...................... 76

1.81 വിലങ്ങാട് ഉരുൾപൊട്ടൽ - 30-7-2024 ................................................................ 77

1.82 ഐ.എ.എസ്. & സംസ്ഥാന സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കായുള്ള പ്രാദേശിക പരിശീലന പരിപാടി.......................................................................... 79

1.83 KaWaCHaM (കേരള വാർണിംഗ്സ് ക്രൈസിസ് ആൻഡ് ഹസാർഡ് മാനേജ്മെന്റ് സിസ്റ്റം)........................................................................................................ 80

1.84 സംസ്ഥാന ഹീറ്റ് ആക്ഷൻ - ഗിഗ് വർക്കേഴ്സിനിടയിൽ വേനൽചൂട് വർദ്ധിക്കുന്നത് മൂലമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി യോഗം .................... 81

1.85 ഇടുക്കി - ഹീറ്റ് ആക്ഷൻ പരിശീലനം............................................................ 82

1.86 തിരുവനന്തപുരം - സുനാമി പ്രതിരോധ മോക്ക് ഡ്രിൽ ........................... 82

1.87 കോട്ടയം - ഉരുൾപൊട്ടൽ മോക്ക്ഡ്രിൽ.......................................................... 83

1.88 ആലപ്പുഴ - വെള്ളപ്പൊക്ക മോക്ക്ഡ്രിൽ ......................................................... 84

1.89 കോഴിക്കോട് – മൂടാടി ഹീറ്റ് ആക്ഷൻ പ്ലാൻ ശിൽപ്പശാല ...................... 85

1.90 അന്താരാഷ്ട്ര വനിതാ ദിനം - "സന്നദ്ധം" - ദുരന്ത ലഘൂകരണത്തിലെ കുടുംബശ്രീ വനിതാ സേന ................................................................................ 86

1.91 പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മർഗ്ഗരേഖ ... 86

1.92 സുരക്ഷിത ഭവന നിർമ്മാണ കൈപ്പുസ്തകം: ഭൂകമ്പം വാല്യം 1, രണ്ടാം പതിപ്പ് 87

1.93 ദുരന്ത നിവാരണ ചട്ടക്കൂടിലേക്ക് അതിഥിത്തൊഴിലാളികളെ ഉൾച്ചേർക്കുന്നതിനുള്ള മാർഗ്ഗരേഖ ..................................................................... 88

1.94 റേഡിയോ ആക്ടീവ് വസ്തുക്കളുടെ സുരക്ഷ സംബന്ധിച്ച മാർഗ്ഗരേഖ 89

1.95 2024ലെ ഓറഞ്ച് പുസ്തകം - കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ................................................................................... 90

1.96 ഇടുക്കി - താപ തരംഗം....................................................................................... 91

1.97 സംസ്ഥാന ദുരന്ത പ്രതികരണ നിധി - നാശനഷ്ടം സംഭവിച്ച വീടുകൾക്കുള്ള ധനസഹായ മാനദണ്ഡം ......................................................................................... 91

1.98 പ്രകൃതിദത്തമായ രീതികൾ ഉപയോഗിച്ച് ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള സമീപനം - കേരളത്തിലെ മാതൃകകൾ........................ 91

1.99 ഏഷ്യ-പസഫിക് മന്ത്രിതല ദുരന്തനിവാരണ സമ്മേളനം ...................... 94

1.100 അന്താരാഷ്ട്ര പരിശീലനം - ഫ്രാൻസ് ............................................................ 95

1.101 ഇൻസ്പ്പയർ (INSPIRE - Institutional Strengthening through Preparedness and Inclusive Response in India) പദ്ധതി ...................................................................................... 95

1.102 പുനരധിവാസവും പുനർനിർമ്മാണവും സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ - പരിശീലന പരിപാടി ................................................................................................ 96

1.103 സന്ദർശനം - ജാർഖണ്ഡ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി..... 96
1.104 സന്ദർശനം - ഫ്രെഞ്ച് വിദഗ്ധരുടെ സന്ദർശനം ............................................. 97
1.105 സന്ദർശനം - ആസാം ദുരന്ത നിവാരണ അതോറിറ്റിയുടെ സന്ദർശനം97
1.106 ഹിമപാതങ്ങൾ (Avalanches), ഗ്ലേഷ്യൽ ലേക്ക് ഔട്ട്ബർസ്റ്റ് ഫ്ലഡുകൾ (GLOFs), മണ്ണിടിച്ചിലുകൾ - ദേശീയ സമ്മേളനം........................................................................ 98
1.107 ഗ്ലോബൽ ഹീറ്റ് ആൻഡ് കൂളിംഗ് ഫോറം ....................................................... 98
1.108 Early Warning to Early Action – A Multi-Hazard, Multi-Stakeholder Approach: Learning from Coastal Ecosystems - ദേശീയ സമ്മേളനം ............................................................................ 99
1.109 NATCON'24...................................................................................................................... 99
സാമ്പത്തിക വിനിയോഗം 2024-2025 ................................................................................ 101
ഉപസംഹാരം ........................................................................................................................ 104

# 1. പ്രവർത്തനങ്ങൾ

## 1.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം

2024-25 സാമ്പത്തിക വർഷത്തിൽ 02-5-2024, 11-10-2024 തീയതികളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്നു.

## 1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം

2024-25 സാമ്പത്തിക വർഷത്തിൽ 20-5-2024, 27-6-2024, 16-8-2024, 24-10-2024, 31-1-2025, 26-1-2025, 11-5-2025, 14-3-2025 എന്നീ ദിവസങ്ങളിൽ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ചേർന്നു.

## 1.3 സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെ പരിശോധനാ കമ്മിറ്റി

സംസ്ഥാന ദുരന്ത പ്രതിരോധ നിധിയുടെ പരിശോധനാ കമ്മിറ്റി GO (Ms) No. 3/2022/DMD dated 8-5-2022 (https://tinyurl.com/4zfra7c7) പ്രകാരം സർക്കാർ നിയോഗിച്ചു. ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷൻ ആയ കമ്മിറ്റിയിൽ, കമ്മീഷണർ ദുരന്ത നിവാരണം, മെംബർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ചീഫ് എൻജിനിയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ് എന്നിവർ ആണ് അംഗങ്ങൾ. സമിതി യോഗം ചേർന്ന തീയതികൾ: 21-6-2024.

## 1.4 സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിൽ നിന്നും അനുവദിച്ച പദ്ധതികൾ

2024-25 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പദ്ധതികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചു.

- ഇടുക്കി – ഏലം തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കൽ. കാലാവസ്ഥാ ബാധിത ഏലം തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ധനസഹായം അനുവദിക്കുന്നു. GO (Rt) No. 75/2025/DMD, 18-02-2025
- CWRDM – കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട നദികളിൽ വെള്ളപ്പൊക്ക പ്രവചനം - വെള്ളപ്പൊക്ക നിയന്ത്രണത്തിനായി നദികളിൽ CWRDM മുഖേന സാങ്കേതിക ഇടപെടലുകൾ. GO (Rt) No. 623/2024/DMD, 22-08-2024
- മലപ്പുറം – എറനാട് താലൂക്ക് – കോട്ടക്കുന്ന് - ഭൂസ്ഖലനം നിയന്ത്രണത്തിനായി ഡ്രെയിനേജ് പുനസംഘടന വഴി ഇടപെടൽ. GO (Rt) No. 606/2024/DMD, 14-08-2024

- കണ്ണൂർ – കണിച്ചാർ പഞ്ചായത്ത് – Living Labs പദ്ധതി. കാനിച്ചാർ പഞ്ചായത്തിനായി Living Labs സമീപനം ഉപയോഗിച്ച് ദുരന്ത ലഘൂകരണ പിന്തുണ. GO (Rt) No. 493/2024/DMD, 21-07-2024
- മലപ്പുറം – പടിഞ്ഞാറ്റുമുറി ദേശം, കൂറ്റിലങ്ങാടി ഗ്രാമം. മലപ്പുറം ജില്ലയിലെ കൂറ്റിലങ്ങാടി ഗ്രാമത്തിൽ മണ്ണിടിച്ചിൽ തടയാൻ റിട്ടൈനിംഗ് വാൾ നിർമ്മാണം. GO (Rt) No. 494/2024/DMD, 21-07-2024

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഈ സാമ്പത്തിക വർഷം വരെ അനുവദിച്ച പദ്ധതികൾ ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/sdmf-projects/.

## 1.5 സംസ്ഥാനതല ടെലികോം ദുരന്ത ഏകോപന സമിതി

ടെലികമ്യുണിക്കേഷൻസ് വകുപ്പ് നേതൃത്വം നല്കുന്നു.

- പ്രധാന ലക്ഷ്യം: ദുരന്തസമയങ്ങളിൽ ടെലികോം സേവനങ്ങൾ തടസ്സമില്ലാതെ തുടരാൻ ടെലികോം സേവനദാതാക്കളും ദുരന്തനിവാരണ അതോറിറ്റികളും അടിയന്തര പ്രതികരണ സംഘങ്ങളും തമ്മിൽ ഏകോപനം ഉറപ്പാക്കുക.
- നോഡൽ ഏജൻസി: ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് (DoT), ടെലികോം അടിയന്തര സേവനങ്ങൾ (ESF) ഏകോപിപ്പിക്കുന്നതിൽ നേതൃത്വം നൽകുന്നു.
- യോഗം ചേർന്ന തീയതികൾ: 20-3-2025
- അംഗങ്ങൾ:
  - പ്രധാന ടെലികോം സേവനദാതാക്കൾ
  - സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA)
  - നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (NDRF)
  - DoT-യുടെ ലോക്കൽ സർവീസ് ഏരിയ (LSA)
  - മറ്റ് ബന്ധപ്പെട്ട ഏജൻസികൾ (പോലീസ്, ഫയർഫോഴ്സ്, സിവിൽ ഡിഫൻസ് മുതലായവ)

## 1.6 ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി

ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി GO (Rt) No. 453/2021/DMD dated 3-6-2021 പ്രകാരം ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി രൂപീകരിക്കപ്പെട്ടു. ഈ സാമ്പത്തിക വർഷം സമിതി 25-5-2024, 18-8-2024 തീയതികളിൽ യോഗങ്ങൾ ചേർന്നു.

## 1.7 കാര്യാലയ പ്രവർത്തനങ്ങൾ

ഈ സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാര്യാലയം 1496 ഫയലുകൾ കൈകാര്യം ചെയ്തു. 40 കോടതി കേസുകൾ കൈകാര്യം ചെയ്തു. 164 നിയമസഭ, പാർലിമെന്റ് ചോദ്യങ്ങൾക്ക് ഉത്തരം നല്കി.

## 1.8 പരിശീലനം - ജവഹർലാൽ ബിസിനസ് സ്കൂൾ, വയനാട്

ജവഹർലാൽ ബിസിനസ് സ്കൂൾ, ലക്കിടിയിൽ 2024 ഏപ്രിൽ 3-ന് നടന്ന ഇന്റഗ്രേറ്റഡ് ഡിസാസ്റ്റർ മാനേജ്മെന്റ് അക്കാദമിക് സെഷൻ MBA പ്രഥമ വർഷ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു. ജില്ലാ ഹസാർഡ് അനലിസ്റ്റ് ശ്രീമതി ലേഖ ചാക്കോ സെഷൻ നയിച്ചു. ദുരന്ത നിവാരണത്തിന്റെ അടിസ്ഥാന ഘടകങ്ങൾ, സ്വകാര്യ മേഖലയിലെ പങ്ക്, ബിസിനസ് തുടർച്ചയും പ്രതിരോധ ശേഷിയും തുടങ്ങിയ വിഷയങ്ങൾ വിശദീകരിച്ചു. ആഗോളവും പ്രാദേശികവുമായ ദുരന്ത സാഹചര്യങ്ങളിൽ ബിസിനസ് രംഗം എങ്ങനെ പ്രതികരിക്കണം എന്നതിനെക്കുറിച്ചും ചർച്ചകൾ നടന്നു. 60 വിദ്യാർത്ഥികൾ പങ്കെടുത്ത സെഷനിൽ സ്ത്രീകൾ 41, പുരുഷന്മാർ 19 എന്നിങ്ങനെയാണ് പങ്കാളിത്തം. ഭാവിയിലെ ബിസിനസ് നേതാക്കൾക്ക് ദുരന്ത നിവാരണത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ബോധവത്കരണ ശ്രമമായിരുന്നു ഈ പരിപാടി. https://tinyurl.com/8cumd7c9

## 1.9 ഭരണത്തിൽ കൃത്രിമ ബുദ്ധിയുടെ പ്രയോജനങ്ങൾ

കേരള സർക്കാർ ഭരണ സംവിധാനത്തിൽ കൃത്രിമ ബുദ്ധിയുടെ പ്രയോജനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി ഐ.ടി മിഷൻ സംഘടിപ്പിച്ച "AI in Governance" വർക്ക്ഷോപ്പ് 2024 മേയ് 8-ന് ANERT ട്രെയിനിംഗ് ഹാളിൽ നടന്നു. AI Task Force അംഗങ്ങൾ, IAS ഉദ്യോഗസ്ഥർ, വിവിധ വകുപ്പുകളിലെ യൂസർ ചാമ്പ്യന്മാർ തുടങ്ങിയവർ പങ്കെടുത്തു. ശ്രീ പുനീത് കുമാർ IAS (ACS, Personnel & Administrative Reforms) സ്വാഗതം പ്രസംഗം നടത്തി. ശ്രീമതി അനു കുമാരി IAS (ഡയറക്ടർ, ഐ.ടി മിഷൻ) വർക്ക്ഷോപ്പിന്റെ ആമുഖം അവതരിപ്പിച്ചു.

പ്രധാന അവതരണങ്ങളിൽ ഡോ. സാജി ഗോപിനാഥ് (ഡിജിറ്റൽ യൂണിവേഴ്സിറ്റി ഡയറക്ടർ) സർക്കാർ ക്ലൗഡ് നയത്തിന്റെ സാധ്യതകളും AI സംരംഭങ്ങൾക്ക് അതിന്റെ പിന്തുണയും വിശദീകരിച്ചു. ശ്രീ സുനിൽ പ്രഭാകർ (മാതൃഭൂമി കൺസൾട്ടന്റ്) വിവിധ AI പ്ലാറ്റ്ഫോമുകൾ (ഭാഷിണി, അനുവാദിനി), വോയ്സ് ടൂളുകൾ, ഡിസൈൻ ടൂളുകൾ, GPT, Deep Fakes, Wave to Lip തുടങ്ങിയ നവീന സാങ്കേതികവിദ്യകളും NLP, NLG, മോഡൽ തത്വങ്ങളും വിശദമായി അവതരിപ്പിച്ചു.

SDMA-യെ പ്രതിനിധീകരിച്ച് കമ്മ്യൂണിക്കേഷൻ എഞ്ചിനീയർ ശ്രീമതി ഗീതു എസ്.എസ് പങ്കെടുത്തു. https://tinyurl.com/3dbcws96

## 1.10 ദുരന്തങ്ങളിൽ നിന്നും പുരാവസ്തുക്കളുടെ സുരക്ഷ

കേരള പുരാവസ്തു വകുപ്പും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്നു സംഘടിപ്പിച്ച "ദുരന്തങ്ങളിൽ നിന്നും പുരാവസ്തുക്കളുടെ സുരക്ഷ" സെഷൻ തൃപ്പൂണിത്തുറ ഹിൽ പാലസിൽ 2024 മെയ് 30-ന് നടന്നു. മ്യൂസിയം ഗൈഡുകൾ ഉൾപ്പെടെ 47 പേർ പങ്കെടുത്ത ഈ മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള സെഷനിൽ, മ്യൂസിയങ്ങൾക്കുള്ള ദുരന്ത സാധ്യതകളും അതിനുള്ള തയ്യാറെടുപ്പുകളും വിവിധ ഘട്ടങ്ങളിലായി (ദുരന്തത്തിന് മുമ്പ്, സമയത്ത്, ശേഷം) വിശദമായി ചർച്ച ചെയ്തു. പുരാവസ്തുക്കളുടെ പുനരധിവാസവും സംരക്ഷണവും ഉൾപ്പെടെ പ്രായോഗിക വീക്ഷണത്തിൽ സെഷൻ ആവിഷ്കരിച്ചു.

സെൻഡായ് ഫ്രെയിംവർക്കിന്റെ നാലാം മുൻഗണന (പ്രതികരണ ശേഷി വർദ്ധിപ്പിക്കൽ, പുനർനിർമ്മാണം, പുനരധിവാസം) ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ 10-പോയിന്റ് അജണ്ടയിലെ ആദ്യത്തെ പോയിന്റ് (വികസന മേഖലകൾ ദുരന്ത നിവാരണ തത്വങ്ങൾ ഉൾക്കൊള്ളണം) ഈ സെഷനിലൂടെ പ്രാവർത്തികമാക്കാൻ ശ്രമിച്ചു. Sustainable Development Goal 11 (നഗരങ്ങളും മനുഷ്യവാസ കേന്ദ്രങ്ങളും ഉൾക്കൊള്ളാവുന്നതും സുരക്ഷിതവും പ്രതിരോധ ശേഷിയുള്ളതും ആക്കുക) എന്ന ലക്ഷ്യവും Target 11.4 (സാംസ്കാരിക, പ്രകൃതിദത്ത പൈതൃക സംരക്ഷണം) എന്ന ലക്ഷ്യവും ഈ പരിപാടിയിലൂടെ ലക്ഷ്യം വയ്ക്കുന്നു. https://tinyurl.com/49tdfw7a

## 1.11 വേൾഡ് എൻവയോൺമെന്റ് ഡേ

2024-ലെ വേൾഡ് എൻവയോൺമെന്റ് ഡേയുടെ ആഗോള തീമായ “ഭൂമിയുടെ പുനസ്ഥാപനം, മരുഭൂമീകരണം, വരൾച്ച പ്രതിരോധം” എന്ന ആശയത്തെ അടിസ്ഥാനമാക്കി KSDMA വിവിധ പരിപാടികൾ 5-6-2024ന് സംഘടിപ്പിച്ചു. “Our Land. Our Future. We are Generation Restoration” എന്ന മുദ്രാവാക്യത്തിൽ ആഹ്വാനം ചെയ്ത പരിപാടികൾക്ക് തുടക്കം കുറിച്ചത് സപ്ലിംഗ് നട്ടുപിടുത്തത്തിലൂടെയായിരുന്നു. തുടർന്ന് ഓഫീസിന് മുന്നിൽ അംഗങ്ങൾ പ്രതിജ്ഞയെടുത്തു.

ഉച്ചയ്ക്ക് നടന്ന ഓൺലൈൻ ടോക് സീരീസിൽ രണ്ട് പ്രഗത്ഭരായ വ്യക്തികൾ പങ്കെടുത്തു:

- ശ്രീ. അനന്ദൻ പൊക്കുടൻ: "കേരളത്തിലെ മാങ്ങ്രോവ് പുനസ്ഥാപനവും സംരക്ഷണവും" എന്ന വിഷയത്തിൽ സംസാരിച്ചു. മാങ്ങ്രോവുകളുടെ പരിസ്ഥിതി പ്രാധാന്യവും, മത്സ്യബന്ധന സമൂഹത്തിന് നൽകുന്ന സഹായവും, തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിലെ പങ്കും വിശദീകരിച്ചു.
- ശ്രീമതി. വാണി വിജിത്ത്: "ഓർഗാനിക് പാരഡൈസ് ഇൻ കേരള – എ ട്രൂ മോഡൽ" എന്ന വിഷയത്തിൽ തന്റെ അനുഭവങ്ങൾ പങ്കുവെച്ചു. ഹരിപ്പാട് സ്വദേശിയായ ഈ പരിസ്ഥിതി പ്രവർത്തകയുടെ 4.5 ഏക്കർ കൃഷിയിടം 5000-ലധികം വൃക്ഷങ്ങളോടും, 3000-ലധികം തരം കായ്കറികളും, ഔഷധസസ്യങ്ങളും, ജൈവവൈവിധ്യ സംരക്ഷണ സംവിധാനങ്ങളോടും സമ്പന്നമാണ്. ജൈവ കൃഷിയിലൂടെയും സംയുക്ത കൃഷിയിലൂടെയും അവർ നേടിയ 17 Sustainable Development Goals-ഉം പങ്കുവെച്ചു.

ഭാവിയിൽ പരിസ്ഥിതി സംരക്ഷണത്തിനായി KSDMA, DDMA, പൊതുജനങ്ങൾ എന്നിവർക്കായി ടോക് സീരീസ്, വെബിനാറുകൾ, ക്യാമ്പയിനുകൾ തുടങ്ങിയവ സംഘടിപ്പിക്കാമെന്ന തീരുമാനത്തോടെ പരിപാടിയുടെ സമാപനം "The Way Forward" എന്ന ഭാഗത്തിലൂടെ നടന്നു. https://tinyurl.com/2bpm32e6

## 1.12 Incident Response System - പരിശീലന പരിപാടി

2024-ലെ മൺസൂൺ സജ്ജീകരണത്തിന്റെ ഭാഗമായി, കേരളത്തിലെ എല്ലാ ജില്ലകളിലെയും താലൂക്കുകളിലെയും IRS ഉദ്യോഗസ്ഥർക്കായി ഓൺലൈൻ പരിശീലന പരിപാടികൾ 11–14 ജൂൺ 2024 സംഘടിപ്പിച്ചു. Zoom പ്ലാറ്റ്ഫോമിൽ 11:30 AM മുതൽ 12:30 PM വരെ നടന്ന ഈ സെഷനുകൾ വിവിധ ജില്ലകളിലായി നാല് ദിവസങ്ങളിലായി നടന്നു.

**പരിശീലന ലക്ഷ്യങ്ങൾ:**

- IRS ഘടനയും അതിലെ ഓരോ സ്ഥാനത്തിനും നിർവചിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളും വിശദീകരിക്കുക
- ദുരന്ത സമയങ്ങളിൽ ജില്ലാതല ഉദ്യോഗസ്ഥർക്കിടയിൽ ഏകോപനവും സഹകരണവും വർദ്ധിപ്പിക്കുക
- IRS വഴി പ്രതികരണ ഘട്ടത്തിലെ ആശയക്കുഴപ്പം കുറയ്ക്കുക

**പ്രധാന അവതാരകർ:**

- ശ്രീ. രാകേഷ് എം.സി (Deputy Tahsildar, വയനാട്)
- ശ്രീ. സിജി എം തങ്കച്ചൻ (AM, KSCCAM)

- ശ്രീമതി അമൃത (Hazard Analyst, KSEOC)

**പങ്കാളിത്തം:**

| തീയതി | ജില്ലകൾ | പങ്കെടുത്തവർ |
|---|---|---|
| 11.06.2024 | കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് | 164 |
| 12.06.2024 | മലപ്പുറം, തൃശൂർ, പാലക്കാട് | 253 |
| 13.06.2024 | എറണാകുളം, ഇടുക്കി, ആലപ്പുഴ, കോട്ടയം | 248 |
| 14.06.2024 | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | 128 |

IRS-ന്റെ ചരിത്രം, ഘടന, ഉത്തരവാദിത്വങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദമായ അവതരണങ്ങൾ സെഷനുകളിൽ ഉൾപ്പെടുത്തിയിരുന്നു. കേരളത്തിൽ ആവർത്തിച്ച് സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾക്കിടയിൽ IRS പ്രോട്ടോകോളുകൾ പ്രയോഗിച്ച് പ്രതികരണ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് ഈ പരിശീലന പരിപാടി. https://tinyurl.com/fch7jshd

## 1.13 ദുരന്തങ്ങൾ നിന്നും ആർക്കൈവ്സ്സുകളുടെ സുരക്ഷ

കേരള സ്റ്റേറ്റ് ആർക്കൈവ്സ് ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ 2024 ജൂൺ 12-ന് നളന്ദ, തിരുവനന്തപുരം ആസ്ഥാനത്ത് "Disaster Risk Reduction in Archives" എന്ന വിഷയത്തിൽ രണ്ട് മണിക്കൂർ ദൈർഘ്യമുള്ള സെഷൻ സംഘടിപ്പിച്ചു. ആർക്കൈവ്സ് സ്ഥാപനങ്ങളുടെ ഭൗതിക വിന്യാസം, ദുരന്ത സാധ്യതകൾ, അതിനുള്ള മുൻകരുതലുകൾ, പ്രതികരണ ഘട്ടങ്ങൾ, പുനരധിവാസ നടപടികൾ എന്നിവയെ ആസ്പദമാക്കി സെഷൻ രൂപകൽപ്പന ചെയ്തിരുന്നു.

**പ്രധാന വിഷയങ്ങൾ:**

- ആർക്കൈവ്സ് സ്ഥാപനങ്ങളുടെ ഭൗതിക വിന്യാസം ദുരന്ത സാധ്യതകൾക്ക് എങ്ങനെ പ്രതികരിക്കണം
- Pre-disaster, during-disaster, post-disaster ഘട്ടങ്ങളിലെ നടപടികൾ
- Repository-കളിൽ അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള തന്ത്രങ്ങൾ

**പങ്കാളിത്തം:**

- മൊത്തം പങ്കെടുത്തവർ: 53
- സ്ത്രീകൾ: 25
- പുരുഷന്മാർ: 27

**പ്രധാന ലക്ഷ്യങ്ങൾ:**

- Repository-കളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് ദുരന്ത നിവാരണ തത്വങ്ങൾക്കുള്ള ബോധവത്കരണം
- Sendai Framework Priority 4: "Build Back Better"
- PM's 10-Point Agenda Point 1: എല്ലാ വികസന മേഖലകളും ദുരന്ത നിവാരണ തത്വങ്ങൾ ഉൾക്കൊള്ളണം
- SDG Goal 11, Target 11.4: സാംസ്കാരിക പൈതൃക സംരക്ഷണം

ലിങ്ക്: https://tinyurl.com/4e6m49v7

## 1.14 സുനാമി റെഡി - സുനാമി തിര ബാധിക്കാൻ സാധ്യതയുള്ള പ്രദേശത്തിന്റെ ഭൂപടവും, ഒഴിപ്പിക്കൽ പദ്ധതി തയ്യാറാക്കലും സംബന്ധിച്ച് ശില്പശാല

മസ്ക്കറ്റ്, ഒമാൻ നഗരത്തിൽ 2024 ഏപ്രിൽ 21 മുതൽ 25 വരെ നടന്ന 'സുനാമി തിര ബാധിക്കാൻ സാധ്യതയുള്ള പ്രദേശത്തിന്റെ ഭൂപടം തയ്യാറാക്കലും, ഒഴിപ്പിക്കൽ പദ്ധതിയും' എന്ന മേഖലാ ശില്പശാലയിൽ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രതിനിധിയായി ഡോ. ശേഖർ എൽ. കുര്യാക്കോസ് പങ്കെടുത്തു. യുഎൻഎസ്കാപ് ഫണ്ടിംഗ് ലഭിച്ച 'North-West Indian Ocean Regional Cooperation Phase 2c' പദ്ധതിയുടെ ഭാഗമായി, ഇന്ത്യ, ഒമാൻ, യു.എ.ഇ, ഇറാൻ, പാകിസ്ഥാൻ എന്നീ രാജ്യങ്ങളിലെ പൈലറ്റ് പ്രദേശങ്ങളിൽ ഈ ഭൂപടങ്ങളും ഒഴിപ്പിക്കൽ പദ്ധതികളും വികസിപ്പിക്കുന്നതിനുള്ള സംയുക്ത പ്രവർത്തനരീതികൾ രൂപപ്പെടുത്തുക എന്നതാണ് ശില്പശാലയുടെ പ്രധാന ലക്ഷ്യം. വിവിധ ഘട്ടങ്ങളിലായി പരിശീലന സെഷനുകൾ, ഫീൽഡ് സന്ദർശനം, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, പ്രായോഗിക പരിശീലനം എന്നിവയിലൂടെ പങ്കെടുത്ത രാജ്യങ്ങൾ തമ്മിൽ അറിവ് പങ്കുവെക്കലും പ്രവർത്തനരീതികളുടെ ഏകീകര ണവും നടന്നു.




കേരളത്തിൽ 2022 മുതൽ ആരംഭിച്ച സുനാമി റെഡി പരിപാടിയുടെ തുടർച്ചയായി, 2024-ലെ ശില്പശാലയുടെ അടിസ്ഥാനത്തിൽ 9 തീരദേശ ഗ്രാമപഞ്ചായത്തുകളിൽ (കരുമ്കുളം മുതൽ വളിയപറമ്പ വരെ) സുനാമി തിര ബാധിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കലും, ഒഴിപ്പിക്കൽ

പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനപദ്ധതി രൂപീകരിച്ചു. ഭൂപടങ്ങൾ, ആസൂത്രണ യോഗങ്ങൾ, പങ്കാളിത്ത ഗ്രാമീണ വിലയിരുത്തൽ, പൊതുജന ബോധവത്കരണ പ്രവർത്തനങ്ങൾ, സൈൻബോർഡുകൾ സ്ഥാപിക്കൽ, മോക്ക് ഡ്രിൽ എന്നിവ ഉൾപ്പെടുന്ന ഈ പ്രവർത്തനങ്ങൾ ജൂലൈ-ഓഗസ്റ്റ് 2024 കാലയളവിൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ഐഎൻകോയ്സ്, കെഎസ്ഡിഎംഎ, ഡിഡിഎംഎ, കില, അമൃത വിശ്വവിദ്യാപീഠം, കുഫോസ് തുടങ്ങിയ ഏജൻസികൾ ചേർന്ന് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

## 1.15 സുനാമി റെഡി പ്രോഗ്രാം

INCOIS-UNESCOയുമായി സഹകരിച്ച് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സുനാമി റെഡി പ്രോഗ്രാം നടപ്പാക്കുന്നതിനായി മെയ് 24, 2024 ഒരു ഹൈബ്രിഡ് കൺസൾട്ടേഷൻ തിരുവനന്തപുരത്തു സംഘടിപ്പിച്ചു.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് ഒമ്പത് തീരദേശ ജില്ലകളെ സുനാമി റെഡി പദ്ധതി തയ്യാറാക്കുന്നതിനുള്ള സമഗ്ര ആശയം വിശദീകരിച്ചു. കേരള തീരം മുഴുവൻ ഉൾക്കൊള്ളുക എന്ന ദീർഘകാല ലക്ഷ്യത്തോടെ ഒമ്പത് തീരദേശ പഞ്ചായത്തുകൾക്ക് മുൻഗണന നൽകുന്നതാണ് ഈ പരിപാടി. കേരളത്തിന്റെ തീരദേശ സമൂഹങ്ങളുമായി സുനാമി തയ്യാറെടുപ്പുകളെ ശാശ്വതമായി സമന്വയിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

കില അമൃത വിശ്വവിദ്യാപീഠം കുഫോസ് കേരള കാർഷിക സർവ്വകലാശാല ഉൾപ്പെടയുള്ള അക്കാഡമിക് സ്ഥാപനങ്ങൾ ഈ സംരംഭത്തിലെ പ്രധാന പങ്കാളികളെന്ന നിലയിൽ വിലപ്പെട്ട ഉൾകാഴ്ചകൾ പങ്കിട്ടു. GO (Rt) No. 813/2024/DMD dated 23-10-2024 പ്രകാരം ഈ പദ്ധതിക്കായി സർക്കാർ 37.05ലക്ഷം രൂപ അനുവദിച്ചു. പദ്ധതി നടപ്പാക്കുന്ന പഞ്ചായത്ത്കൾ:

- കരുംകുളം, തിരുവനന്തപുരം
- ആലപ്പാട്, കൊല്ലം
- പുറക്കാട്, ആലപ്പുഴ
- എടവനക്കാട്, എറണാകുളം
- എരിയാട്, തൃശ്ശൂർ
- വെളിയൻകോട്, മലപ്പുറം
- ചെമഞ്ചേരി, കോഴിക്കോട്

- അഴിക്കോട്, കണ്ണൂർ
- വലിയപറമ്പ, കാസർഗോഡ്

## 1.16 സുനാമി റെഡി - കരുംകുളം, തിരുവനന്തപുരം

2024 ജൂൺ 11-ന് തിരുവനന്തപുരം, കരുംകുളം പഞ്ചായത്ത് ഹാളിൽ Tsunami Ready Programme-ന്റെ ഭാഗമായി ജില്ലാതല കൺസൾട്ടേഷൻ മീറ്റിംഗ് സംഘടിപ്പിച്ചു. പോലീസ്, ഫയർ & റെസ്ക്യൂ, കുടുംബശ്രീ, സ്കൂളുകൾ, ASHA പ്രവർത്തകർ, പൊതുമരാമത്ത് വകുപ്പ് (PWD) എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടെ ഏകദേശം 35 പേർ പങ്കെടുത്തു.

**പ്രധാന അവതരണങ്ങൾ:**

- ഹസാർഡ് അനലിസ്റ്റിന്റെ സ്വാഗതം പ്രസംഗത്തോടെ സെഷൻ ആരംഭിച്ചു.
- Dr. മിഥില മല്ലിക (State Project Officer, KSDMA) Tsunami Ready Programme-ന്റെ ലക്ഷ്യങ്ങളും, കമ്മ്യൂണിറ്റികൾ Tsunami Ready സ്റ്റാറ്റസ് നേടുന്നതിനുള്ള നടപടികളും വിശദീകരിച്ചു.
- പങ്കെടുത്തവർ തങ്ങളുടെ പ്രദേശങ്ങളുമായി ബന്ധപ്പെട്ട ആശങ്കകൾ പങ്കുവെച്ചു; SPO വിശദമായ മറുപടികൾ നൽകി.
- Ms. ഷിഫാന (Disaster Management Plan Coordinator) നന്ദി പ്രസംഗം നടത്തി.

**പങ്കാളിത്തം:**

- മൊത്തം പങ്കെടുത്തവർ: 32
- പ്രധാന റിസോഴ്സ് പേഴ്സൺ: Dr. മിഥില മല്ലിക
- സംഘാടകർ: Ms. ഗായത്രി പി നായർ (Hazard Analyst, DDMA)

**ലക്ഷ്യം**: സമുദ്രഭീഷണികൾ നേരിടാൻ സമൂഹത്തെ ശാക്തീകരിക്കുക. https://tinyurl.com/4w68mc8b

## 1.17 സുനാമി റെഡി - എറണാകുളം, എടവനക്കാട്

2024 ജൂൺ 20-ന് എടവനക്കാട് പഞ്ചായത്തിൽ Tsunami Ready Programme (TRP) സർട്ടിഫിക്കേഷൻ ലക്ഷ്യമാക്കി സമഗ്ര പരിശീലന സെഷൻ സംഘടിപ്പിച്ചു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (KSDMA) സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ ഡോ. മിഥില മല്ലിക സെഷൻ നയിച്ചു.

**പ്രധാന ഘടകങ്ങൾ:**

- ഹസാർഡ് അനലിസ്റ്റ് ശ്രീമതി അഞ്ജലി പരമേശ്വരൻ സ്വാഗതം പ്രസംഗം നടത്തി. TRP-യുടെ ലക്ഷ്യങ്ങൾ, tsunami preparedness, community resilience എന്നിവ വിശദീകരിച്ചു.
- പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അസീന അബ്ദുൽ സലാം പങ്കാളിത്തത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി.
- വൈസ് പ്രസിഡന്റ് ശ്രീ വി.കെ. ഇഖ്ബാൽ 2004-ലെ സുനാമി അനുഭവങ്ങൾ പങ്കുവെച്ച് TRP പോലുള്ള പദ്ധതികളുടെ ആവശ്യകത വിശദീകരിച്ചു.

**പരിശീലന സെഷൻ:**

- ഡോ. മിഥില മല്ലിക TRP-യുടെ ഘടന, സർട്ടിഫിക്കേഷൻ നടപടികൾ, hazard assessment, community outreach, emergency operations plan എന്നിവ വിശദമായി അവതരിപ്പിച്ചു.
- പരിശീലനം പ്രായോഗികവും സംവാദപരവുമായിരുന്നു; drills, exercises, plan updates എന്നിവയുടെ ആവശ്യം ചർച്ച ചെയ്തു.

**സമൂഹ സംവാദം:**

- വാർഡ് അംഗങ്ങളും സമൂഹ പ്രതിനിധികളും സമുദ്രനിരപ്പ് ഉയരുന്നതിന്റെ സ്വാധീനത്തെക്കുറിച്ച് ആശങ്കകൾ പങ്കുവെച്ചു.
- ഡോ. മിഥില, ഹസാർഡ് അനലിസ്റ്റ് അഞ്ജലി, LSG DM Plan Coordinator അഭിമന്യു എം എന്നിവർ സംശയങ്ങൾക്കുള്ള മറുപടികൾ നൽകി.

**പിന്തുണ:**

- സെക്രട്ടറി: ലോറൻസ് ആന്റോണിയോ അൽമേഡ
- അസിസ്റ്റന്റ് സെക്രട്ടറി: ഉഷാരാണി എം വി
- ഹസാർഡ് അനലിസ്റ്റ്: അഞ്ജലി പരമേശ്വരൻ
- DM Plan Coordinator: അഭിമന്യു എം

**സംഗ്രഹം:** ഈ TRP പരിശീലനം എടവനക്കാട് പഞ്ചായത്തിന് tsunami preparedness-ലേക്ക് ഒരു നിർണായക പടിയായിരുന്നു. KSDMA, LSGs, സമൂഹം എന്നിവയുടെ സംയുക്ത ശ്രമം TRP സർട്ടിഫിക്കേഷൻ ലക്ഷ്യത്തിലേക്ക് നയിക്കുന്നു.

ലിങ്ക്**:** https://tinyurl.com/8x8frs67.

## 1.18 സുനാമി റെഡി - ആലപ്പുഴ, പുറക്കാട്

പുറക്കാട് ഗ്രാമപഞ്ചായത്തിൽ 2024 ജൂൺ 22-ന് Tsunami Ready Programme-ന്റെ ഭാഗമായി പരിശീലനവും ബോധവത്കരണ പരിപാടിയും സംഘടിപ്പിച്ചു.

സംസ്ഥാനത്തെ ഒൻപത് തീരദേശ ജില്ലകളിൽ നിന്നുള്ള ഓരോ LSG-യും Tsunami Ready സർട്ടിഫിക്കേഷൻ ലക്ഷ്യമിട്ട് പൈലറ്റ് പദ്ധതിയായി തിരഞ്ഞെടുത്തതിന്റെ ഭാഗമായി പുരക്കട ഈ പരിപാടിക്ക് ആതിഥേയത്വം വഹിച്ചു.

**പ്രധാന അവതാരകർ:**

- ശ്രീ. എ.എസ്. സുധർഷൻ (ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)
- ശ്രീ രാമമൂർത്തി (ജൂനിയർ സൂപ്രണ്ടന്റ്, ദുരന്ത നിവാരണ വിഭാഗം)
- ശ്രീമതി ചിന്തു (ഹസാർഡ് അനലിസ്റ്റ്, ആലപ്പുഴ)
- ഡോ. മിധില മല്ലിക (സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, KSDMA)
- ശ്രീ രാഹുൽ കുമാർ എസ് (DM Plan Coordinator, ആലപ്പുഴ)

**പങ്കാളിത്തം:**

ഫയർ & റെസ്ക്യൂ, മെഡിക്കൽ, റവന്യൂ, ഫിഷറീസ്, സോഷ്യൽ ജസ്റ്റിസ്, വനിതാ-ശിശു വികസനം, PWD, Asha പ്രവർത്തകർ, ഹരിത കർമ്മസേന, NGOs, വാർഡ് അംഗങ്ങൾ എന്നിവ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.



**പ്രധാന നിർദ്ദേശങ്ങൾ:**

- സർക്കാർ സ്കൂളുകളിൽ സ്കൂൾ സുരക്ഷാ പരിശീലനം
- ആശുപത്രി സുരക്ഷാ പരിപാടികൾ
- 13-ാം പ്രവർത്തന ഗ്രൂപ്പ് (ദുരന്ത നിവാരണവും കാലാവസ്ഥാ മാറ്റവും) ശക്തിപ്പെടുത്തൽ
- എവാക്കേഷൻ തടസ്സപ്പെടുത്തുന്ന ഹൈവേ അണ്ടർപാസ് അഭാവം പരിഹരിക്കൽ
- വകുപ്പുകൾ തമ്മിൽ സഹകരിച്ച് കൂടുതൽ കാര്യക്ഷമമായ പ്രതികരണ പദ്ധതി രൂപപ്പെടുത്തൽ
- Warning sign-കൾ സ്ഥാപിച്ച് ട്രാൻസെക്റ്റ് വാക്കുകൾ നടത്തൽ
- പഞ്ചായത്തിൽ മൊക്ക് ഡ്രില്ലുകൾ സംഘടിപ്പിക്കൽ

ഈ പരിപാടി പുറക്കാട് ഗ്രാമപഞ്ചായത്തിന് Tsunami Ready സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നിർണായക ഘട്ടമായിരുന്നു. https://tinyurl.com/ysnz7yu8.

## 1.19 സുനാമി റെഡി - അഴിക്കോട്, കണ്ണൂർ

2024 ജൂൺ 25-ന് കണ്ണൂർ ജില്ലയിലെ അഴിക്കോട് ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച സുനാമി റെഡി പരിപാടി, തീരദേശ സമൂഹത്തെ സുനാമി പോലുള്ള ദുരന്തങ്ങൾ നേരിടാൻ സജ്ജമാക്കുന്നതിനുള്ള ഒരു സമഗ്ര ശ്രമമാണ്. വിവിധ സർക്കാർ വകുപ്പുകൾ, അടിയന്തര പ്രതികരണ സംഘം, ആഷാ പ്രവർത്തകർ, എൻജിഒകൾ, വാർഡ് അംഗങ്ങൾ എന്നിവരുടെ പങ്കാ ളിത്തത്തോടെ നടന്ന പരിപാടിയിൽ, സ്കൂൾ സുരക്ഷാ പരിശീലനം, ആശുപത്രി സുരക്ഷാ പദ്ധതി, 13-ാം പ്രവർത്തന സമിതിയും LSG അടിയന്തര പ്രതികരണ സംഘവും ഉൾപ്പെടുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾ അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അജീഷ് കെ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ, സംസ്ഥാന പദ്ധതിഅധികാരി ഡോ. മിഥില മല്ലിക പരിശീലനവും, ജില്ലാ ഹസാർഡ് അനലിസ്റ്റ് ഐശ്വര്യ ഹസാർഡ് വിശകലനവും, തസ്ലീം ഫാസിൽ ദുരന്തനിവാരണ പദ്ധതി ഏകീകരണവും കൈകാര്യം ചെയ്തു. https://tinyurl.com/mrrxfbmu

## 1.20 സുനാമി റെഡി - ആലപ്പാട്, കൊല്ലം

2024 ജൂലൈ 9-ന് കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ സുനാമി റെഡി പദ്ധതിയുടെ ഭാഗമായി സുനാമി ഒഴിപ്പിക്കൽ പദ്ധതിക്ക് മുന്നോടിയായ പ്രീ-പ്ലാനിംഗ് യോഗം റോട്ടറി ഹാളിൽ നടന്നു. അളപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. യു. ഉല്ലാസ് അധ്യക്ഷനായി, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ CEOയും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമായ ശ്രീ. അനിൽ സി.എസ് ഉദ്ഘാടനം നിർവഹിച്ചു. ഡോ. മിഥില മല്ലിക (സംസ്ഥാന പദ്ധതിഅധികാരി, KSDMA) "സുനാമി റെഡി പ്രോജക്റ്റ് – LSG നടപ്പാക്കൽ ഫോർമാറ്റ്" എന്ന വി ഷയത്തിൽ വിശദമായ അവതരണം നടത്തി.

പദ്ധതിയുടെ ആറു ഘട്ടങ്ങൾ, സുനാമി റെഡി സൂചികകൾ, ഒഴിപ്പിക്കൽ പദ്ധതിയുടെ ഘടകങ്ങൾ എന്നിവ വിശദീകരിച്ചു. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സ്കൂൾ സുരക്ഷാ പരിപാടികൾ നടത്താനും, Amrita Universityയുടെ സഹായത്തോടെ PRA ടൂളുകൾ ഉപയോഗിച്ച് ഒഴിപ്പിക്കൽ മാപ്പുകൾ തയ്യാറാക്കാനും തീരുമാനിച്ചു. ഫയർ & റെസ്ക്യൂ, റവന്യൂ, ആരോഗ്യ, വിദ്യാഭ്യാസ, വനിതാ ശിശു വികസനം, ആംഗൻവാടി, കുഡുംബശ്രീ, ASHA, MGNREGS പ്രവർത്തകർ ഉൾപ്പെടെ വിവിധ വകുപ്പുകളും, പ്രാദേശിക സമൂഹ പ്രതിനിധികളും പങ്കെടുത്തു. https://tinyurl.com/bdeu4h8w

## 1.21 സുനാമി റെഡി - മോക്ക് ഡ്രിൽ



കേരളത്തിലെ തീരദേശ ജനതയുടെ ചരിത്രത്തിൽ വേദന നിറഞ്ഞ ആദ്യ അധ്യായമാണ് 2004-ലെ സുനാമി. 20 വർഷം പഴക്കമുണ്ടെങ്കിലും അവഷശേഷിക്കുന്ന പഴയ തലമുറയിലെ അംഗങ്ങൾക്ക് ചില മുന്നോരുക്കൽ പാഠങ്ങൾ അവ പകർന്നു നൽകിയിട്ടുണ്ട്. ശാസ്ത്രീയ സുനാമി മുന്നറിയിപ്പ് സംവിധാനവുമായുള്ള ബന്ധത്തിൽ ഇന്ത്യൻ മഹാസമുദ്രതീരങ്ങളിലുള്ള ഇന്ത്യയുൾപ്പടെയുള്ള രാഷ്ട്രങ്ങൾ ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. സുനാമി വാർഷികത്തിന്റെ ഭാഗമായി തീരദേശ ജനതയുടെ ദുരന്തമുന്നൊരുക്കങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഏകോപിച്ചു പ്രവർത്തിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെൻ്റ് അതോറിറ്റി (കെഎസ്ഡിഎംഎ) യുടെ സാങ്കേതിക സഹകരണത്തോടെ ഒ രു മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. തിരഞ്ഞെടുക്കപ്പെട്ട ഒൻപതു തീരദേശ പഞ്ചായത്തുകളിൽ, കണ്ണൂർ ജില്ലയിലെ അഴീക്കോട് പഞ്ചായത്തിലും കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിലും ആണ് ഈ പരിപാടി 5-11-2024ന് നടത്തപ്പെട്ടത്. ഇന്ത്യൻ നാഷണൽ സെൻ്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS), യുനെസ്കോ (UNESCO) എന്നീ ദേശീയ-അന്തർദേശീയ സ്ഥാപങ്ങളുടെയും ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെയും പ്രാദേശിക പഞ്ചായത്തുകളുടെയുംസഹകരണത്തോടെ 2024 മെയ് മാസം മുതൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടപ്പിലാക്കി വരുന്ന സുനാമി അതിജീവനം (tsunami readiness) പരിപാടിയുടെ പരിസമാപ്തിയാണിത്. തീരദേശ ദുരന്തങ്ങൾ നേരിടാനായി ജീവനും ഉപജീവനവും സംരക്ഷിച്ചു കൊണ്ടുള്ള കൂട്ടായ പ്രതിരോധപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന ഈ പരിപാടി മറ്റ് ഏഴു ജില്ലകളിലും തുടർന്നുള്ള ആഴ്ചകളിൽ നടത്തപ്പെടും.

## 1.22 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗം ആയി ഡോ. ജോയ് ഇളമൺ നിയമിതനായി



സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗം ആയി GO (Rt) No. 832/2024-DMD dated 6-11-2024, GO (P) No. 4/2024-DMD dated 7-11-2024 പ്രകാരം ഡോ. ജോയ് ഇളമൺ നിയമിതനായി. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) മുൻ ഡയറക്ടർ ജനറലായിരുന്ന

ഡോ. ജോയ് ഇളമൺ എം.ബി.ബി.എസും, എം.പി.എച്ചും ബിരുദങ്ങൾ ഉള്ള ഒരു മെഡിക്കൽ ഡോക്ടറാണ്. വികേന്ദ്രീകരണം, പ്രാദേശിക ഭരണം, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ വിപുലമായ വൈദഗ്ധ്യമുള്ള അദ്ദേഹം കേരളത്തിന്റെ ജനകീയ പദ്ധതി കാമ്പെയ്നിൽ ഗണ്യമായ സംഭാവനകൾ നൽകി, കൂടാതെ SDC-CapDecK-ലെ ചീഫ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, ഇന്റർകോപ്പറേഷൻ സോഷ്യൽ ഡെവലപ്മെൻ്റ് ഇന്ത്യയുടെ സി.ഇ.ഒ തുടങ്ങിയ സുപ്രധാന ചുമതലകൾ വഹിച്ചിട്ടുണ്ട്. ഡോ. ഇളമോൻ യുഎൻഡിപിയുടെ വികേന്ദ്രീകരണ കമ്മ്യൂണിറ്റിയുടെ മോഡറേറ്ററായും ഹെൽവെറ്റാസ് സ്വിസ് ഇൻറർകോപ്പറേഷൻെറ മുതിർന്ന ഉപദേശകനായും സേവനമനുഷ്ഠിച്ചു. കമ്മ്യൂണിറ്റി വികസനത്തിലും ഭരണത്തിലും അദ്ദേഹത്തിൻ്റെ പ്രവർത്തനത്തിന് അംഗീകാരം ലഭിച്ച അദ്ദേഹത്തിന് UNDP ഇന്ത്യയുടെ മികച്ച കമ്മ്യൂണിറ്റി ബിൽഡർ അവാർഡ് ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

### 1.23 തിരുവനന്തപുരം - ഇൻഡ്യൻ ദുരന്ത പ്രതികരണ ശൃംഖല (IDRN) പോർട്ടൽ - അപ്ഡേഷൻ

ഇൻഡ്യൻ ദുരന്ത പ്രതികരണ ശൃംഖല (IDRN) പോർട്ടൽ അപ്ഡേഷൻ സെഷൻ 2024 ജൂൺ 27-ന് തിരുവനന്തപുരം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ സെക്ഷൻ ഹാളിൽ നടന്നു. പോലീസ് (റൂറൽ, സിറ്റി), ഫയർ & റെസ്ക്യൂ, മത്സ്യബന്ധനം, ജില്ലാ മെഡിക്കൽ ഓഫീസ്, LSGD എന്നീ അഞ്ച് വകുപ്പുകളിൽ നിന്നുള്ള 14 പ്രതിനിധികൾ പങ്കെടുത്തു. സെഷൻ Ms. ഗായത്രി പി നായർ (ഹസാർഡ് അനലിസ്റ്റ്, DDMA) നയിച്ചു. https://tinyurl.com/43hhtakr

### 1.24 സ്കൂൾ സുരക്ഷ - കരുംകുളം, തിരുവനന്തപുരം

2024 ജൂൺ 28-ന് കരുംകുളം പഞ്ചായത്തിലെ സർക്കാർ വിദ്യാലയമായ പുല്ലുവിള മുഹമ്മദൻ എൽ.പി. സ്കൂളിൽ സുനാമി റെഡി പരിപാടിയുടെ ഭാഗമായി സ്കൂൾ സുരക്ഷാ പരിശീലനം നടന്നു. ഡോ. പ്രതീഷ് മാമൻ നേതൃത്വം നൽകിയ സെഷനിൽ, സ്കൂൾ സുരക്ഷയുടെ പ്രാധാന്യം വിശദീകരിക്കുകയും "U-School App" പരിചയപ്പെടുത്തുകയും ചെയ്തു. PTA പ്രസിഡന്റും അഞ്ച് അധ്യാപകരും പങ്കെടുത്ത സെഷനിൽ, കുട്ടികൾക്കായി ഹാസ്യപരമായ വീഡിയോകളിലൂടെ അടിസ്ഥാന ദുരന്തതയാറെടുപ്പ് പാഠങ്ങൾ അവതരിപ്പിച്ചു. 31 വിദ്യാർത്ഥികൾ പങ്കെടുത്ത

പരിപാടി ഉത്സാഹപൂർവം നടന്നു. സെഷൻ അവസാനിച്ച ശേഷം, ജൂലൈ 15-നകം സ്കൂൾ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കാൻ DDMA നിർദ്ദേശം നൽകി. https://tinyurl.com/yzk77r29

### 1.25 ആശുപത്രി സുരക്ഷ - പുല്ലുവിള CHC, തിരുവനന്തപുരം

2024 ജൂൺ 29-ന് പുല്ലുവിള CHC-യിൽ സുനാമി റെഡി പരിപാടിയുടെ ഭാഗമായി ആശുപത്രി സുരക്ഷാ സെഷൻ നടന്നു. KSDMAയിലെ പബ്ലിക് ഹെൽത്ത് ഹസാർഡ് അനലിസ്റ്റായ ഡോ. ജസീല സെഷൻ നയിച്ചു. ആശുപത്രി സുരക്ഷയുടെ പ്രാധാന്യവും, എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും സമഗ്ര സുരക്ഷാ പദ്ധതി നടപ്പാക്കേണ്ടതിന്റെ ആവശ്യകതയും അവൾ വിശദീകരിച്ചു. സെഷൻ ഹസാർഡ് അനലിസ്റ്റ് പരിപാടിയുടെ ആമുഖം അവതരിപ്പിച്ച് ഡോ. ജസീലയെ പരിചയപ്പെടുത്തുന്നതോടെ ആരംഭിച്ചു. 2:30-ന് സെഷൻ അവസാനിച്ചപ്പോൾ CHC ഹെൽത്ത് ഓഫീസർ നന്ദി പറഞ്ഞു. മൊത്തം 25 പേർ പങ്കെടുത്തു. https://tinyurl.com/wbmjvrnz

### 1.26 പരിശീലന പങ്കാളിത്തം - ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും കുട്ടികളുടെ സംരക്ഷണവും അവകാശങ്ങളും

2024 ജൂൺ 3 മുതൽ 7 വരെ ആന്ധ്രാപ്രദേശിലെ വിജയവാഡയിൽ സ്ഥിതിചെയ്യുന്ന NIDM South Campus-ൽ നടന്ന "ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും കുട്ടികളുടെ സംരക്ഷണവും അവകാശങ്ങളും" എന്ന വിഷയത്തിൽ പരിശീലകരെ ലക്ഷ്യമിട്ടുള്ള പരിശീലന പരിപാടിയിൽ പാലക്കാട് ജില്ലാ ഹസാർഡ് അനലിസ്റ്റായ ലേഖ ചാക്കോ പങ്കെടുത്തു. സംസ്ഥാന പരിശീലന സ്ഥാപനങ്ങൾ, സർവകലാശാലകൾ, SDMA-കൾ, സിവിൽ സൊസൈറ്റി സംഘടനകൾ എന്നിവയിലെ പ്രതിനിധികൾക്കായി രൂപകൽപ്പന ചെയ്ത ഈ അഞ്ച് ദിവസത്തെ പരിശീലനത്തിൽ, കുട്ടികളുടെ അവകാശങ്ങൾ, ദുരന്തസമയത്തെ സംരക്ഷണ സംവിധാനങ്ങൾ, വിദ്യാഭ്യാസ തുടർച്ച, മാനസികാരോഗ്യ പരിചരണം, പോഷണ സുരക്ഷ, CCDRR വർക്ക്ഷോപ്പ്, NDRF ഫീൽഡ് വിസിറ്റ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി. കേരള സർക്കാരിന്റെ മികച്ച പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്ന സ്ലൈഡ്ഡെക്കും പങ്കുവെക്കപ്പെട്ടു. https://tinyurl.com/3hk34673

### 1.27 വെബിനാർ - Navigating Flood Risks: Causes, Models, and Impact Mapping

2024 ജൂലൈ 5-ന് Google Meet വഴി നടന്ന "Navigating Flood Risks: Causes, Models, and Impact Mapping" എന്ന വെബിനാറിൽ, TUFLOW ഇന്ത്യ ലീഡ് ആയ ശ്രീ. റിഷി ഡി.എസ്. വിവിധ തരത്തിലുള്ള വെള്ളപ്പൊക്കങ്ങൾ, അവയുടെ കാരണങ്ങൾ, പ്രതിരോധ

മാർഗങ്ങൾ, കൂടാതെ TUFLOW ഉപയോഗിച്ച് 1D, 2D, 3D ഫ്ലഡ് മോഡലിംഗിന്റെ പ്രാധാന്യം വിശദീകരിച്ചു. കാദം ഡാം (തെലങ്കാന), 2006-ലെ സുറത് നഗരത്തിലെ Tapi നദി വെള്ളപ്പൊക്കം, ഹൂഗ്ലി എസ്റ്റ്വറിയിലെ സെഡിമെന്റ് പ്രവാഹം എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഇന്ത്യൻ കേസുകൾ അവതരിപ്പിച്ചു. വെബിനാർ, പുരോഗമനപരമായ ഫ്ലഡ് മോഡലിംഗിന്റെ പ്രാധാന്യവും ദുരന്ത സാധ്യതാ മാനേജ്മെന്റിലെ അതിന്റെ പ്രായോഗികതയും ഊന്നിപ്പറഞ്ഞു. https://tinyurl.com/2svctw5e

### 1.28 സെമിനാർ - Urban Heatwave and Climate Change

2024 ജൂലൈ 24-ന് തിരുവനന്തപുരം College of Architecture and Technology (C.A.T) സെമിനാർ ഹാളിൽ നടന്ന "Urban Heatwave and Climate Change" വിഷയത്തിലുള്ള സെമിനാറിൽ KSEOC-യിലെ ഹസാർഡ് അനലിസ്റ്റായ ഫഹദ് മർസൂക്ക് ടി.യു. മുഖ്യ പ്രഭാഷണം നടത്തി. C.A.T-യുടെ സെമസ്റ്റർ 9 ഡിസൈൻ സ്റ്റുഡിയോയുടെ ഭാഗമായി സംഘടിപ്പിച്ച സെഷനിൽ നഗര താപതരംഗങ്ങളുടെ സ്വഭാവം, അതിന്റെ സാമൂഹ്യ-പരിസ്ഥിതി ആഘാതങ്ങൾ, കേരള സംസ്ഥാന താപനില പ്രവർത്തന പദ്ധതി (HAP), താപ പ്രതിരോധ തന്ത്രങ്ങൾ എന്നിവ വിശദീകരിച്ചു. 44 പേർ പങ്കെടുത്ത സെമിനാറിൽ 30 വനിതകളും 14 പുരുഷന്മാരുമായിരുന്നു. സെഷൻ നഗര ഡിസൈൻ വിദ്യാഭ്യാസത്തിൽ താപ പ്രതിരോധം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും, അക്കാദമിക് സ്ഥാപനങ്ങൾക്കും ദുരന്തനിവാരണ അതോറിറ്റികൾക്കും ഇടയിലെ സഹകരണ സാധ്യതകളും ഊന്നിപ്പറഞ്ഞു. https://tinyurl.com/5254teze

### 1.29 പാലക്കാട് - RESCUE – Rehabilitation and Emotional Support for Communities Under Emergency

2024 ഓഗസ്റ്റ് 9-ന് പാലക്കാട് ജില്ലാ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ, Kerala Association of Professional Social Workers (KAPS) – പാലക്കാട് ചാപ്റ്ററും കുഡുംബശ്രീയും സംയുക്തമായി സംഘടിപ്പിച്ച "RESCUE – Rehabilitation and Emotional Support for Communities Under Emergency" എന്ന ഏകദിന പരിപാടിയുടെ ഭാഗമായി "Basics of Disaster Management" സെഷൻ നടന്നു. ജില്ലാ ഹസാർഡ് അനലിസ്റ്റ് ലേഖ ചാക്കോ നയിച്ച സെഷനിൽ, ദുരന്ത സാധ്യത കുറയ്ക്കൽ, പ്രതികരണ തന്ത്രങ്ങൾ, ദുരന്തനിവാരണ ചക്രം, സാമൂഹിക പ്രവർത്തകരുടെ പങ്ക് എന്നിവ വിശദീകരിച്ചു. 45 വനിതകളും 25 പുരുഷന്മാരും പങ്കെടുത്ത പരിപാടി, സാമൂഹിക പ്രവർത്തകരെ ദുരന്തസജ്ജതയും

മാനസികാരോഗ്യ പരിചരണവും ഉൾപ്പെടെയുള്ള മേഖലകളിൽ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടതായിരുന്നു. https://tinyurl.com/uyxmh93k

### 1.30 പാലക്കാട് - SAFETYNET

2024 ഓഗസ്റ്റ് 9-ന് പാലക്കാട് DRDA ഹാളിൽ കുടുംബശ്രീയുടെ SAFETYNET പരിപാടിയുടെ ഭാഗമായി Vigilant Group അംഗങ്ങൾക്കായി "Natural and Anthropogenic Disasters" എന്ന വിഷയത്തിൽ അവബോധ സെഷൻ നടന്നു. ജില്ലാ ഹസാർഡ് അനലിസ്റ്റ് ലേഖ ചാക്കോ നയിച്ച സെഷനിൽ, വിവിധ പ്രകൃതിദുരന്തങ്ങളും മനുഷ്യനിർമ്മിത ദുരന്തങ്ങളും, അവയുടെ കാരണങ്ങളും, സമൂഹതലത്തിൽ തയ്യാറെടുപ്പിന്റെ പ്രാധാന്യവും വിശദീകരിച്ചു. KSEB, ഫയർ & റെസ്ക്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സുരക്ഷാ മാർഗങ്ങൾ, പ്രാഥമിക പ്രതികരണ തന്ത്രങ്ങൾ, അപകടശമന സാങ്കേതികതകൾ എന്നിവയും പങ്കുവെച്ചു. 46 വനിതകളും 3 പുരുഷന്മാരും പങ്കെടുത്ത സെഷൻ, സമൂഹ അടിസ്ഥാനത്തിലുള്ള ദുരന്ത സാധ്യതാ കുറയ്ക്കലിന്റെ ശക്തി തെളിയിച്ചു. https://tinyurl.com/yztmmwbv

### 1.31 കോട്ടയം - സ്കൂൾ മോക്ക് ഡ്രിൽ

2024 ഓഗസ്റ്റ് 23-ന് കോട്ടയം ജില്ലയിലെ കുമരകം കുടവെച്ചൂർ സെന്റ് മൈക്കൽസ് എച്ച്.എസ്.എസ്-ൽ ATREE (Ashoka Trust for Research in Ecology and the Environment)യും സ്കൂളും സംയുക്തമായി സംഘടിപ്പിച്ച "Disaster Preparedness Workshop and Mock Drill" പരിപാടിയിൽ SDMA-യുടെ ഹസാർഡ് അനലിസ്റ്റ് ഡെയ്സി ഡേവിസ് "ദുരന്തനിവാരണത്തിന്റെ അടിസ്ഥാനങ്ങൾ" എന്ന വിഷയത്തിൽ സെഷൻ നയിച്ചു. വിദ്യാർത്ഥികൾ ദുരന്തനിവാരണ ആശയങ്ങളിൽ വലിയ താത്പര്യം കാണിക്കുകയും, വർദ്ധിച്ചുവരുന്ന ദുരന്ത സംഭവങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. വൈക്കം ഫയർ & റെസ്ക്യൂ സ്റ്റേഷനിലെ ഉദ്യോഗസ്ഥർ വിവിധ ഉയർത്തൽ സാങ്കേതികതകൾ, ഫസ്റ്റ് എയ്ഡ്, ഫയർ എക്സ്റ്റിംഗ്വിഷർ ഉപയോഗം എന്നിവ പ്രായോഗികമായി അവതരിപ്പിച്ചു. മൊത്തം 152 കുട്ടികൾ (67 പെൺകുട്ടികൾ, 85 ആൺകുട്ടികൾ) പങ്കെടുത്തു. https://tinyurl.com/2p9pnxv3

### 1.32 പരിശീലന പങ്കാളിത്തം - District Disaster Management Plan Preparation

2024 സെപ്റ്റംബർ 4 മുതൽ 6 വരെ ഡൽഹിയിലെ NIDM ക്യാമ്പസിൽ നടന്ന "District Disaster Management Plan Preparation" പരിശീലനത്തിൽ കോട്ടയം ജില്ലാ ഹസാർഡ് അനലിസ്റ്റായ ഡെയ്സി ഡേവിസ് SDMAയുടെ പ്രതിനിധിയായി പങ്കെടുത്തു. DDMAs-ൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കായി രൂപകൽപ്പന ചെയ്ത ഈ മൂന്ന് ദിവസത്തെ

റെസിഡൻഷ്യൽ പരിശീലനത്തിൽ ദുരന്തനിവാരണത്തിന്റെ അടിസ്ഥാന ആശയങ്ങൾ, DRR-ലേക്കുള്ള പരിവർത്തനം, ഇന്ത്യയിലെ സ്ഥാപനാത്മക ഘടന, DDMPയുടെ ആവശ്യകതയും ഘടനയും, തിരഞ്ഞെടുത്ത DDMPകളുടെ SWOT വിശകലനം, ശമന-തയ്യാറെടുപ്പ് പദ്ധതികൾ, വിവിധ



വകുപ്പുകളുടെ SOPs, IRS പരിചയം, ഗ്രൂപ്പ് പ്രവർത്തനങ്ങളും അവതരണങ്ങളും ഉൾപ്പെടുത്തി. 17 വനിതകളും 37 പുരുഷന്മാരും പങ്കെടുത്ത പരിശീലനം നിലവിലുള്ള DDMPകളിൽ മൂല്യവർദ്ധന നടത്താനും പുതിയ പദ്ധതികൾ രൂപപ്പെടുത്താനും സഹായകമായി. https://tinyurl.com/nhd54nh9

### 1.33 പാലക്കാട് - NDRF Familiarization Exercise

2024 നവംബർ 28-ന് പാലക്കാട് കഞ്ചിക്കോട്-Saint Gobain SEFPRO പ്ലാന്റിൽ NDRFൻ്റെ FAMEX (Familiarization Exercise) പരിപാടി നടന്നു. 04-ാം ബറ്റാലിയൻ NDRFയും DDMAയും സംയുക്തമായി സംഘടിപ്പിച്ച സന്ദർശനത്തിൽ Saint Gobain ഉദ്യോഗസ്ഥർ സ്ഥാപനത്തിന്റെ സുരക്ഷാ പ്രോട്ടോകോളുകൾ വിശദീകരിക്കുകയും, പ്ലാന്റ് സന്ദർശനത്തിനുശേഷം LPG ഫ്യൂവൽ ബുള്ളറ്റ് സൈറ്റും കാണിക്കുകയും ചെയ്തു. SDMA-യെ പ്രതിനിധീകരിച്ച് ജില്ലാ ഹസാർഡ് അനലിസ്റ്റ് ലേഖ ചാക്കോയും LSG ദുരന്തനിവാരണ പദ്ധതി കോഓർഡിനേറ്റർ ആശ വി.കെ. മേനോനും പങ്കെടുത്തു. മൊത്തം 19 പേർ (16 പുരുഷൻമാർ, 3 വനിതകൾ) പങ്കെടുത്ത പരിപാടിയിൽ NDRF, DDMA, Saint Gobain ഉദ്യോഗസ്ഥർ ഉൾപ്പെട്ടിരുന്നു. https://tinyurl.com/4brdkuey

### 1.34 തിരുവനന്തപുരം - Design Policy Strategy Workshop

2024 സെപ്റ്റംബർ 26 മുതൽ 28 വരെ തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടന്ന "Design Policy – Strategy Workshop" കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) രൂപകൽപ്പന ചെയ്ത സംസ്ഥാന ഡിസൈൻ നയത്തിന്റെ നടപ്പാക്കൽ തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനായുള്ള സംവാദപരിപാടിയായിരുന്നു. ടൂറിസം വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മികച്ച ഡിസൈൻ പദ്ധതികളുടെ കേസ് സ്റ്റഡികൾ അവതരിപ്പിക്കുകയും, 6 ഗ്രൂപ്പുകളായി വിഭജിച്ച പ്രതിനിധികൾക്ക് ത sectors അടിസ്ഥാനമാക്കി ആക്ഷൻ പ്ലാനുകൾ രൂപപ്പെടുത്താൻ

ചർച്ചകൾ നടത്തുകയും ചെയ്തു. അവസാന ദിവസം ഓരോ ഗ്രൂപ്പും തങ്ങളുടെ നിർദേശങ്ങൾ അവതരിപ്പിക്കുകയും, കോഓർഡിനേറ്റർ അവ സംയോജിപ്പിക്കുകയും ചെയ്തു. 25 വനിതകളും 33 പുരുഷന്മാരും പങ്കെടുത്ത പരിപാടി, കേരളത്തിലെ ടൂറിസം മേഖലയിൽ ഡിസൈൻ നയത്തിന്റെ സാധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള ഒരു പ്രധാന വേദിയായി മാറി. https://tinyurl.com/42zmt5us

### 1.35 തിരുവനന്തപുരം - Young Idea Conclave on Disaster Management

2024 ഒക്ടോബർ 4-ന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ DJ ഹാളിൽ നടന്ന "Young Idea Conclave on Disaster Management" വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സംവാദപരിപാടിയായിരുന്നു. SDMA, IVAEX, Habitat Technology Group തുടങ്ങിയ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ Adv. പി.എ. മുഹമ്മദ് റിയാസ്, Dr. G. Shankar, Ms. Geethu S.S., Mr. Muhammed Safeer E, Dr. Jyothi Krishnan, Dr. Anil Kumar, Mr. KC Bipin, Mr. Shafeed Rawther ഉൾപ്പെടെ വിവിധ മേഖലകളിലെ വിദഗ്ധർ പങ്കെടുത്തു. 750-ത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്ത conclave-ൽ, ആശയപിച്ചിംഗ് മത്സരങ്ങൾ, നൂതന സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയുള്ള സെഷനുകൾ, ബയോഡൈവർസിറ്റിയും ദുരന്തങ്ങളും തമ്മിലുള്ള ബന്ധം, അക്കാദമിക്-പ്രായോഗിക സംവേദനം എന്നിവയിലൂടെ ദുരന്തസജ്ജതയുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. conclave, വിദ്യാർത്ഥികളിൽ ദുരന്തനിവാരണത്തെക്കുറിച്ചുള്ള അറിവും പങ്കാളിത്തവും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടതായിരുന്നു. https://tinyurl.com/muahnr6y

### 1.36 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - ലോയോളാ സോഷ്യൽ സയൻസസ് കോളേജ്, തിരുവനന്തപുരം

2024 ഒക്ടോബർ 13-ന് ലോയോളാ സോഷ്യൽ സയൻസസ് കോളേജിൽ അന്താരാഷ്ട്ര ദുരന്ത നിവാരണ ദിനം "നമ്മുടെ ദുരന്ത നിവാരണം" എന്ന പ്രാദേശിക തീമിൽ ആചരിച്ചു. ഓഖി ചുഴലിക്കാറ്റ്, കടൽക്ഷോഭം, പുനരധിവാസം, തുടങ്ങിയ വിഷയങ്ങൾ ഫ്ലാഷ് മോബ്, തെരുവ് നാടകം, കോളാജ് പ്രദർശനം എന്നിവയിലൂടെ വിദ്യാർത്ഥികൾ അവതരിപ്പിച്ചു. ദുരന്തബാധിതരും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും പങ്കെടുത്ത സമ്മേളനത്തിൽ പുനരധിവാസ പദ്ധതികളുടെ അപാകതകൾ, മത്സ്യത്തൊഴിലാളികളുടെ ജീവിതസമസ്യകൾ, ലിംഗവ്യത്യാസം, ശാസ്ത്രീയ മുന്നൊരുക്കങ്ങൾ, തീരപ്രദേശങ്ങളിലെ വികസന സമ്മർദ്ദങ്ങൾ തുടങ്ങിയവ ചർച്ചയായി. വിവിധ പഞ്ചായത്തുകളിലെ പ്രതിനിധികൾ ദുരന്ത

നിവാരണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്, പരിശീലനങ്ങളുടെ ആവശ്യകത, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം എന്നിവ ഉന്നയിച്ചു. സംവാദം, ചോദ്യോത്തര സെഷൻ, സമാപന പ്രസംഗം എന്നിവയോടെ പരിപാടികൾ സമാപിച്ചു. https://tinyurl.com/34s7ys58

### 1.37 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - സെന്റ് അലോഷ്യസ് കോളേജ്, തൃശൂർ

2024 ഒക്ടോബർ 17-ന് തൃശൂർ സെന്റ് അലോഷ്യസ് കോളേജിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി International Day for Disaster Risk Reduction (IDDRR) ആചരിച്ചു. ശ്രീ. അതുൽ സാഗർ IAS (അസിസ്റ്റന്റ് കളക്ടർ) പരിപാടി ഉദ്ഘാടനം ചെയ്തു; പ്രിൻസിപ്പൽ പ്രൊഫ. ചാക്കോ ജോസ്, ഡെപ്യൂട്ടി കളക്ടർ ശ്രീ. ബാലസുബ്രമണ്യം, NCC ഓഫീസർ ഡോ. ജൈസൺ ജേക്കബ്, തഹസിൽദാർ ശ്രീമതി ജയശ്രീ എന്നിവർ പങ്കെടുത്തു. രണ്ട് സെഷനുകൾ സംഘടിപ്പിച്ചു: മുങ്ങൽ അപകടങ്ങൾ സംബന്ധിച്ച ബോധവത്കരണം, ദുരന്ത നിവാരണത്തെക്കുറിച്ചുള്ള ബോധവത്കരണം. SDMA/DDMA-യുടെ ഭാഗത്ത് നിന്ന് ശ്രീ. അരുൺ ഭാസ്കർ (സിവിൽ ഡിഫൻസ് അക്കാദമി ഡയറക്ടർ), ശ്രീ. പ്രസാന്ത് (NDRF SI) എന്നിവർ റിസോഴ്സ് പേഴ്സണ്മാരായി പങ്കെടുത്തു. 100 വിദ്യാർത്ഥികൾ പങ്കെടുത്ത പരിപാടി യുവജനങ്ങളിൽ ദുരന്തബോധം വളർത്തുന്നതിൽ ശ്രദ്ധേയമായി. https://tinyurl.com/yk9fusds

### 1.38 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – കൊല്ലം

2024 ഒക്ടോബർ 18-ന് കൊല്ലം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ International Day for Disaster Risk Reduction ആചരിച്ചു. “ഒരു പ്രതിരോധഭാവിയിലേക്കുള്ള യുവത്വശക്തി” എന്ന ആഗോള തീമിന്റെ ഭാഗമായി, ആപ്ത മിത്രാ സന്നദ്ധസേനാംഗങ്ങളുടെ സംഭാവനകൾ ആദരിക്കുന്ന പരിപാടി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ശ്രീ. എൻ. ദേവിദാസ് IAS ഉദ്ഘാടനം ചെയ്തു; മികച്ച സേവനം നൽകിയ 10 സന്നദ്ധപ്രവർത്തകർക്ക് ബാഡ്ജ് ഓഫ് ഓണർ നൽകി. 11 ഫയർ സ്റ്റേഷനുകളിൽ നിന്നുള്ള 79 സന്നദ്ധപ്രവർത്തകർ പങ്കെടുത്തു. അനുഭവങ്ങൾ പങ്കുവെക്കുന്ന സെഷനിൽ, രക്ഷാപ്രവർത്തനത്തിലെ വെല്ലുവിളികളും ശുപാർശകളും ചർച്ചയായി: നീന്തൽ പരിശീലനം, ആലപ്പാട് തീരത്ത് ആപ്ത മിത്രാ ഔട്ട്പോസ്റ്റ്, BLS റിഫ്രഷർ പരിശീലനം, സ്റ്റേഷൻ അടിസ്ഥാനത്തിൽ മീറ്റപ്പുകൾ എന്നിവ ഉൾപ്പെടുന്നു. പരിപാടി സന്നദ്ധതയുടെ മൂല്യവും

സമൂഹനിരപ്പിലെ പ്രതിരോധശേഷിയുടെയും പ്രാധാന്യവും ഊന്നിപ്പറഞ്ഞു. https://tinyurl.com/mruukubv

## 1.39 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – കോഴിക്കോട്

2024 ഒക്ടോബർ 18-ന് കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും KSDMAയും ചേർന്ന് International Day for Disaster Risk Reduction ആചരിച്ചു. "ദുരന്തമുക്ത ഭാവിയിലേക്കുള്ള യുവത്വശക്തിയുടെ വിദ്യാഭ്യാസപങ്ക്" എന്ന ആഗോള തീമിന്റെ ഭാഗമായി, 300-ത്തിലധികം ആപ്ദ മിത്രാ സന്നദ്ധസേനാംഗങ്ങൾ പങ്കെടുത്ത പരിപാടിയിൽ 10 പേരെ Badge of Honour നൽകി ആദരിച്ചു; മറ്റ് സേനാംഗങ്ങൾക്ക് അഭിനന്ദന സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ജില്ലാ കളക്ടർ ശ്രീ. സ്നേഹിൽ കുമാർ സിംഗ് IAS ഉദ്ഘാടനം നിർവഹിച്ചു; വിവിധ ഡെപ്യൂട്ടി കളക്ടർമാരും ഫയർ ഓഫീസർമാരും ചടങ്ങിൽ പങ്കെടുത്തു. അതിനുപുറമെ, ഒക്ടോബർ 15-ന് ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ 150 വിദ്യാർത്ഥികൾക്ക് ദുരന്തബോധവും ഫയർ സുരക്ഷയും സംബന്ധിച്ച പരിശീലനം നൽകി. ആപ്ദ മിത്രാ സേനയുടെ പ്രവർത്തനങ്ങൾ യുവത്വത്തെ DRR-ലേക്ക് സംയോജിപ്പിക്കുന്ന മാതൃകയായി ചർച്ചയായി. https://tinyurl.com/5n7x6mr8

## 1.40 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – കോട്ടയം

2024 ഒക്ടോബർ 21-ന് കോട്ടയം കളക്ടറേറ്റിലെ വിപഞ്ചിക കോൺഫറൻസ് ഹാളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും KSDMAയും ചേർന്ന് International Day for Disaster Risk Reduction ആചരിച്ചു. 58 ആപ്ത മിത്രാ സന്നദ്ധസേനാംഗങ്ങൾ പങ്കെടുത്ത പരിപാടിയിൽ, COVID-19, ബ്രഹ്മപുരം തീപിടിത്തം, വയനാട് ഉരുൾപൊട്ടൽ rescue തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള സേവനങ്ങൾ ആദരിച്ചു; 10 പേരെ Badge of Honour നൽകി. 'സന്നദ്ധ സേവനത്തിലൂടെ പ്രതിരോധ സമൂഹങ്ങൾ' എന്ന വിഷയത്തിൽ ഗ്രൂപ്പ് ചർച്ചയും അനുഭവ പങ്കുവെപ്പും നടന്നു. സന്നദ്ധർ നേരിടുന്ന ground-level വെല്ലുവിളികൾ - ഉപകരണങ്ങളുടെ അഭാവം, ആരോഗ്യസഹായം, യാത്രാച്ചെലവുകൾ, തദ്ദേശ സ്ഥാപനങ്ങളുടെ അവഗണന—ഉന്നയിച്ചു. ഭാവിയിലേക്കുള്ള നിർദ്ദേശങ്ങൾ: ആവർത്തിച്ച പരിശീലനം, ആരോഗ്യ ഇൻഷുറൻസ്, ഉത്സവങ്ങളിൽ സേവനം, താത്കാലിക തൊഴിൽ അവസരങ്ങൾ, പരിശീലകമാരായി ഉപയോഗിക്കൽ. ADMK സ്മൃതി പാനന്ദ്, ഫയർ ഓഫീസർ റെജി കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി. https://tinyurl.com/2jpffnk6

### 1.41 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – എറണാകുളം

2024 ഒക്ടോബർ 22-ന് എറണാകുളം ജില്ലാ കളക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും KSDMAയും ചേർന്ന് International Day for Disaster Risk Reduction ആചരിച്ചു. "ദുരന്തമുക്ത ഭാവിയിലേക്കുള്ള യുവത്വശക്തിയുടെ വിദ്യാഭ്യാസപങ്ക്" എന്ന ആഗോള തീമിന്റെ ഭാഗമായി, 10 ആപ്ദ മിത്രാ സന്നദ്ധസേനാംഗങ്ങൾക്ക് Badge of Honour നൽകി; മറ്റ് സേനാംഗങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ജില്ലാ കളക്ടർ ഉമേഷ് NSK IAS, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ഫയർ ഓഫീസർ ഹരികുമാർ കെ, അസിസ്റ്റന്റ് കളക്ടർ അഞ്ജീത് സിംഗ് IAS, ഡെപ്യൂട്ടി കളക്ടർമാർ, ഹസൂർ ഷെരിസ്തദാർ, ഫിനാൻസ് ഓഫീസർ, ഹസാർഡ് അനലിസ്റ്റ് തുടങ്ങിയവർ പങ്കെടുത്തു. സന്നദ്ധർ പങ്കുവെച്ച അനുഭവങ്ങൾ, DRR-ലുള്ള യുവത്വത്തിന്റെ പങ്ക്, 2018 വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള ഓർമ്മകൾ, പരിശീലന ആവശ്യകതകൾ എന്നിവ ചർച്ചയായി. പരിപാടി DRR-ലുള്ള വിദ്യാഭ്യാസം, സന്നദ്ധത, യുവത്വശക്തി എന്നിവയുടെ സംയോജനം ഊന്നിപ്പറഞ്ഞു. https://tinyurl.com/45d68hmr

### 1.42 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – കണ്ണൂർ

2024 ഒക്ടോബർ 23-ന് കണ്ണൂർ ഫയർ സ്റ്റേഷനിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും KSDMAയും ചേർന്ന് International Day for Disaster Risk Reduction ആചരിച്ചു. "ഒരു പ്രതിരോധഭാവിയിലേക്കുള്ള യുവത്വശക്തി" എന്ന ആഗോള തീമിന്റെ ഭാഗമായി, 10 ആപ്ദ മിത്രാ സന്നദ്ധസേനാംഗങ്ങൾക്ക് Badge of Honour നൽകി; 93 പേർക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. ഫയർ ഓഫീസർ കെ. ഹരിനാരായണൻ ദുരന്ത നിവാരണത്തിലെ മികച്ച രീതികളും പ്രതികരണ തന്ത്രങ്ങളും പങ്കുവെച്ചു. ഗ്രൂപ്പ് ചർച്ചയിൽ സന്നദ്ധർ ആശങ്കകളും നിർദ്ദേശങ്ങളും ഉന്നയിച്ചു: സിവിൽ ഡിഫൻസ് പോലുള്ള അംഗീകാരം, സുരക്ഷാ ബൂട്ട്, സൈറൺ ലൊക്കേഷനുകൾ, ഇൻഷുറൻസ് പുതുക്കൽ, തദ്ദേശ സ്ഥാപനങ്ങളുടെ അംഗീകാരം, സ്കൂൾ സുരക്ഷാ പരിപാടികൾ, പുതിയ ട്രെൻഡുകളെക്കുറിച്ചുള്ള ബോധവത്കരണം, പ്രായപരിധി പാലിക്കൽ തുടങ്ങിയവ. പരിപാടി സന്നദ്ധതയുടെ മൂല്യവും യുവത്വശക്തിയുടെ പങ്കും DRR-ലുള്ള സംയോജനത്തിന്റെ ആവശ്യകതയും ഊന്നിപ്പറഞ്ഞു. https://tinyurl.com/5n9xjjku

### 1.43 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – പത്തനംതിട്ട

2024 ഒക്ടോബർ 24-ന് പത്തനംതിട്ട ജില്ലാ കളക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഫയർ ആൻഡ് റെസ്ക്യൂ വിഭാഗവും

ചേർന്ന് International Day for Disaster Risk Reduction ആചരിച്ചു. വയനാട് ഉരുൾപൊട്ടലിൽ മികച്ച സേവനം നൽകിയ ആപ്ദ മിത്രാ സന്നദ്ധസേനാംഗങ്ങളെ ആദരിക്കുന്നതായിരുന്നു പരിപാടിയുടെ പ്രധാന ആകർഷണം. ജില്ലാ കളക്ടർ പ്രേംകൃഷ്ണൻ IAS ഉദ്ഘാടനം നിർവഹിച്ചു; സന്നദ്ധർ സബരിമല തീർത്ഥാടന കാലയളവിൽ ദുരന്ത നിവാരണത്തിൽ നിർണായക പങ്ക് വഹിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. 10 പേരെ Badge of Honour നൽകി, മറ്റ് സേനാംഗങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അനുഭവ പങ്കുവെപ്പിൽ, സന്നദ്ധർ പരിശീലന ആവശ്യം, പ്രത്യേക യൂണിഫോം, തിരിച്ചറിയൽ, സ്ഥിരമായ ശേഷിവളർച്ചാ പരിപാടികൾ എന്നിവ ആവശ്യപ്പെട്ടു. താലൂക്ക് തല ഉദ്യോഗസ്ഥരും ഫയർ ഓഫീസർമാരും പങ്കെടുത്ത പരിപാടി, സമൂഹനിരപ്പിലെ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നതിൽ ശ്രദ്ധേയമായി. https://tinyurl.com/ycyhsnuf

### 1.44 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – ആലപ്പുഴ

2024 ഒക്ടോബർ 24-ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹാളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഫയർ ആൻഡ് റെസ്ക്യൂ വിഭാഗവും ചേർന്ന് International Day for Disaster Risk Reduction ആചരിച്ചു. വയനാട് ഉരുൾപൊട്ടലിലും മറ്റ് അടിയന്തര സാഹചര്യങ്ങളിലും മികച്ച സേവനം നൽകിയ 10 ആപ്ദ മിത്രാ സന്നദ്ധസേനാംഗങ്ങൾക്ക് Badge of Honour നൽകി; മറ്റു സേനാംഗങ്ങൾക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. ജില്ലാ കളക്ടർ അലക്സ് വർഗീസ് IAS ഉദ്ഘാടനം നിർവഹിച്ചു; ADM ശ്രീമതി ആശാ സി. എബ്രഹാം മുഖ്യപ്രഭാഷണം നടത്തി. സന്നദ്ധർ ഗ്യാസ് ചോർച്ച, വാഹനാപകടം, തീപിടിത്തം തുടങ്ങിയ സാഹചര്യങ്ങളിൽ CPR ഉൾപ്പെടെ ഫസ്റ്റ് എയ്ഡ് നൽകി ജീവൻ രക്ഷിച്ച അനുഭവങ്ങൾ പങ്കുവെച്ചു. വനിതാ സന്നദ്ധപ്രവർത്തകയുടെ വ്യക്തിപരമായ രക്ഷാപ്രവർത്തനങ്ങൾ ശ്രദ്ധേയമായി. പരിശീലന ആവശ്യകതകൾ, ഹാം റേഡിയോ ഉപയോഗം, വാഹന സുരക്ഷ, ഗ്യാസ് ചോർച്ച ബോധവത്കരണം, സന്നദ്ധരുടെ മാപ്പിംഗ് തുടങ്ങിയ നിർദ്ദേശങ്ങൾ ഉന്നയിച്ചു. https://tinyurl.com/23yvwne8

### 1.45 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – പാലക്കാട്

2024 ഒക്ടോബർ 24-ന് പാലക്കാട് കഞ്ചിക്കോട് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും SDMAയും ചേർന്ന് International Day for Disaster Risk Reduction ആചരിച്ചു. ജില്ലാ കളക്ടർ ഡോ. ചിത്ര എസ്. IAS ഉദ്ഘാടനം നിർവഹിച്ചു; ആപ്ദ മിത്രാ സന്നദ്ധസേനയുടെ സേവനങ്ങൾ she പ്രശംസിച്ചു. 10 മികച്ച

സന്നദ്ധർക്ക് Badge of Honour നൽകി, മറ്റ് അംഗങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വയനാട് ദുരന്ത രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തവർക്കും പ്രത്യേക ആദരം നൽകി. റീജിയണൽ സ്പോർട്ട്സ് മീറ്റിലെ വിജയികൾക്ക് പൊന്നാട അണിയിച്ചു. ഫയർ ഓഫീസർമാർ, ഹസാർഡ് അനലിസ്റ്റ്, സിവിൽ ഡിഫൻസ് കോർഡിനേറ്റർ, KYLA ഫെലോ എന്നിവർ പങ്കെടുത്തു. 155 പേർ പങ്കെടുത്ത പരിപാടിയിൽ, DRR-ലുള്ള സന്നദ്ധതയുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. https://tinyurl.com/ye9vmc4v

## 1.46 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – ഇടുക്കി

2024 ഒക്ടോബർ 24-ന് ഇടുക്കി ജില്ലാ കളക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും SDMAയും ഫയർ ആൻഡ് റെസ്ക്യൂ വിഭാഗവും റെവന്യൂ ഓഫീസും ചേർന്ന് International Day for Disaster Risk Reduction ആചരിച്ചു. 10 ആപ്ത മിത്രാ സന്നദ്ധസേനാംഗങ്ങൾക്ക് Badge of Honour നൽകി; മറ്റ് അംഗങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ജില്ലാ കളക്ടർ വി. വിഘ്നേശ്വരി IAS ഉദ്ഘാടനം നിർവഹിച്ചു; ജൂനിയർ സൂപ്രണ്ട് നാരായണൻകുട്ടി അധ്യക്ഷനായി. ഹസാർഡ് അനലിസ്റ്റ് രാജീവ് T. R സ്വാഗതം ആശംസിച്ചു. EL, UL, HSS വിഭാഗം വിദ്യാർത്ഥികൾക്കായി ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. DRR-ലുള്ള സന്നദ്ധതയുടെ പ്രാധാന്യവും, സമൂഹനിരപ്പിലെ പങ്കാളിത്തവും പരിപാടി ഊന്നിപ്പറഞ്ഞു. https://tinyurl.com/4an9xsj3

## 1.47 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – മലപ്പുറം

ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ രക്ഷാപ്രവർത്തകർ നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്ത് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം മലപ്പുറം കളക്ടറേറ്റ് കോൺഫ്രൻസ് ഹാളിൽ നടന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ നടന്ന പരിപാടി ജില്ലാ കളക്ടർ വി.ആർ വിനോദ് ഉദ്ഘാടനം ചെയ്തു. ആഗോളതലത്തിൽ ദുരന്ത സാധ്യതാ ലഘൂകരണ സംസ്കാരം വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്രസഭയുടെ സംയുക്ത തീരുമാനപ്രകാരം ആരംഭിച്ചതാണ് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം. ദുരന്തലഘൂകരണ പ്രവർത്തനങ്ങളിൽ ലോകം കൈവരിച്ച നേട്ടങ്ങളെ ഓർത്തെടുക്കാനുള്ള അവസരമാണ് ഈ ദിനം. 'സുസ്ഥിരമായ ഭാവിക്കായി യുവ തലമുറയെ ശാക്തീകരിക്കുക' എന്ന ആശയമാണ് ഈ വർഷത്തെ അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം മുന്നോട്ടുവയ്ക്കുന്നത്.



ഈ ആശയത്തെ മുൻനിർത്തി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും മലപ്പുറം ജില്ലാ ഫയർഫോഴ്സ് വകുപ്പും സംയുക്തമായി 13-12-2024ന് ജില്ലയിലെ ആപ്ദാ മിത്ര അംഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 10 പേർക്ക് ബാഡ്ജ് ഓഫ് ഹോണർ നൽകി ജില്ലാ കളക്ടർ ചടങ്ങിൽ ആദരിച്ചു. രാജ്യം പലതരത്തിലുള്ള ദുരന്തങ്ങൾ നേരിടുന്ന സാഹചര്യത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ മാനം കണ്ടെത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ആപദാ മിത്ര എന്ന പദ്ധതി കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിയത്. എല്ലാ ജില്ലകളിൽ നിന്നും സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം നൽകി ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഫലവത്തായി നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മലപ്പുറം ജില്ലയിലെ 500 ഓളം വരുന്ന ആപ്ദാ മിത്ര അംഗങ്ങളിൽ 101 പേർ ട്രൈബൽ വളണ്ടിയേഴ്സാണ്.

ചടങ്ങിൽ എ.ഡി.എം മുഹമ്മദ് റഫീഖ് സി, ഡെപ്യൂട്ടി കളക്ടർ എൽ.ആർ അൻവർ സാദത്ത്, മലപ്പുറം ഫയർ സ്റ്റേഷൻ ഓഫീസർ അബ്ദുൽ സലീം, പെരിനൽമണ്ണ സ്റ്റേഷൻ ഓഫീസർ ബാബുരാജ്, ആപ്ദാ മിത്ര കോർഡിനേറ്റർ മുഹമ്മദലി, ഹസാർഡ് അനലിസ്റ്റ് ആദിത്യ ടി.എസ് തുടങ്ങിയവർ സംസാരിച്ചു.

### 1.48 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – തിരുവനന്തപുരം

2024 ഒക്ടോബർ 29-ന് തിരുവനന്തപുരം കളക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ "Orange Book 2024" പരിചയപ്പെടുത്തൽ പരിപാടി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും SDMAയും ചേർന്ന് സംഘടിപ്പിച്ചു. രാവിലെ 11 മണിക്ക് ആരംഭിച്ച യോഗത്തിൽ 350 ഉദ്യോഗസ്ഥർ പങ്കെടുത്തു. ജില്ലാ കളക്ടർ ഉദ്ഘാടന പ്രസംഗം നടത്തി; തുടർന്ന് ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം) Orange Book-ന്റെ പ്രസക്തിയെക്കുറിച്ച് സംസാരിച്ചു. SDMA-യുടെ ഭാഗത്ത് നിന്ന് ശ്രീ. പ്രദീപ് G. S. (HRA, SEOC) Orange Book 2024-ന്റെ വിശദമായ അവതരണം നടത്തി. തുടർന്ന് ചർച്ചയും സംവാദവും നടന്നു. 185 വനിതകളും 170 പുരുഷന്മാരും പങ്കെടുത്ത പരിപാടി 1:30-ന് സമാപിച്ചു. DRR-ലുള്ള

പ്രോട്ടോകോളുകളും പ്രായോഗിക മാർഗനിർദേശങ്ങളും ഉൾക്കൊള്ളുന്ന Orange Book-ന്റെ പ്രാധാന്യം ഉദ്യോഗസ്ഥ തലത്തിൽ ഊന്നിപ്പറഞ്ഞു. https://tinyurl.com/28kkx9pt

### 1.49 ദുരന്ത ലഘൂകരണത്തിൽ കുട്ടികളുടെ പങ്ക് – തൃശൂർ അയ്യന്തോൾ ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ

2024 സെപ്റ്റംബർ 30-ന് തൃശൂർ അയ്യന്തോൾ ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ "Disaster Management and Involvement of Children in DM" എന്ന വിഷയത്തിൽ ബോധവത്കരണ സെഷൻ സംഘടിപ്പിച്ചു. വിവിധ ദുരന്തങ്ങൾ, വ്യക്തിപരമായ മുന്നൊരുക്കങ്ങൾ, കുട്ടികളുടെ പങ്കാളിത്തം എന്നിവയെക്കുറിച്ച് District Hazard Analyst ശ്രീമതി ലേഖ ചാക്കോ നേതൃത്വം നൽകിയ സെഷനിൽ വിശദീകരിച്ചു. സുരക്ഷാ പരിശീലനങ്ങളിലും ബോധവത്കരണ പ്രവർത്തനങ്ങളിലും കുട്ടികൾക്ക് നിർണായക പങ്കുണ്ടെന്ന് ചർച്ചയായി. സംവാദങ്ങളും യാഥാർത്ഥ്യ ഉദാഹരണങ്ങളും ഉൾപ്പെടുത്തി, കുട്ടികൾക്ക് ദുരന്ത നിവാരണത്തെക്കുറിച്ചുള്ള ധാരണയും സമൂഹ സുരക്ഷയിലേക്കുള്ള പ്രതിബദ്ധതയും വളർത്താൻ സെഷൻ സഹായിച്ചു. 32 പെൺകുട്ടികളും 19 ആൺകുട്ടികളും പങ്കെടുത്തു. https://tinyurl.com/5ys6wvz9

### 1.50 ദുരന്ത ലഘൂകരണത്തിൽ കുട്ടികളുടെ പങ്ക് – കില

2024 ഒക്ടോബർ 1-ന് തൃശൂർ KILA-യിൽ NSS, Student Police, Scouts & Guides സന്നദ്ധപ്രവർത്തകരെ ലക്ഷ്യമാക്കി "Disaster Management and Involvement of Children in DM" എന്ന വിഷയത്തിൽ ബോധവത്കരണ സെഷൻ സംഘടിപ്പിച്ചു. ജില്ലാ ഹസാർഡ് അനലിസ്റ്റ് ശ്രീമതി ലേഖ ചാക്കോ നേതൃത്വം നൽകിയ സെഷനിൽ, വിവിധ ദുരന്തങ്ങൾ, വ്യക്തിപരമായ മുന്നൊരുക്കങ്ങൾ, കുട്ടികളുടെ പങ്കാളിത്തം, സുരക്ഷാ ഡ്രില്ലുകൾ, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ ചർച്ചയായി. യാഥാർത്ഥ്യ ഉദാഹരണങ്ങളും സംവാദങ്ങളും ഉൾപ്പെടുത്തി, കുട്ടികൾക്ക് ദുരന്ത നിവാരണത്തെക്കുറിച്ചുള്ള ധാരണയും സമൂഹ സുരക്ഷയിലേക്കുള്ള പ്രതിബദ്ധതയും വളർത്താൻ സെഷൻ സഹായിച്ചു. 25 പെൺകുട്ടികളും 21 ആൺകുട്ടികളും പങ്കെടുത്തു. https://tinyurl.com/36tezemf

### 1.51 അവബോധ പ്രവർത്തനം – ശ്രീ ചിത്ര എൻജിനിയറിങ് കോളേജ്, തിരുവനന്തപുരം

2024 നവംബർ 7-ന് തിരുവനന്തപുരം Sree Chirta College of Technology-യിൽ "Innovations in Early Warning System in Disaster Management" എന്ന വിഷയത്തിൽ വിദഗ്ദ

സെഷൻ സംഘടിപ്പിച്ചു. SDMA-യുടെ കമ്മ്യൂണിക്കേഷൻ എഞ്ചിനീയർ ഗീതു എസ്. എസ്. നേതൃത്വം നൽകിയ സെഷനിൽ, കേരളത്തിലെ ദുരന്ത നിവാരണത്തിൽ ഉപയോഗിക്കുന്ന പുതിയ മുന്നറിയിപ്പ് സാങ്കേതികവിദ്യകൾ വിശദീകരിച്ചു. Cell Broadcasting, CAP-Sachet, ERSS 112 Extension, KaWaCHaM (EWDS), Flying COWs തുടങ്ങിയ സംവിധാനങ്ങൾ അവതരിപ്പിച്ചു. CAP-Sachet multilingual alert dissemination, KaWaCHaM-ന്റെ last-mile connectivity, Flying COWs-ന്റെ drone-based LTE support എന്നിവ ചർച്ചയായി. 130 വിദ്യാർത്ഥികൾ പങ്കെടുത്ത സെഷനിൽ scalability, security, AI-യും Big Data-യും ഉൾപ്പെടെയുള്ള ആശങ്കകളും ചർച്ചയും നടന്നു. KaWaCHaM dashboard, EWDS infrastructure, CAP workflows എന്നിവ സ്ലൈഡുകൾ വഴി വിശദീകരിച്ചു. Kerala-യുടെ DRR-ലുള്ള സാങ്കേതിക മുന്നേറ്റങ്ങൾ വിദ്യാർത്ഥികളിൽ പ്രചോദനം നൽകുന്നതായി സെഷൻ ചൂണ്ടിക്കാട്ടി. https://tinyurl.com/yakpyhab

## 1.52 അവബോധ പ്രവർത്തനം – CBSE റീജിയണൽ സയൻസ് എക്സിബിഷൻ

2024 നവംബർ 8–9 തീയതികളിൽ കൊച്ചിയിലെ കടയിരിപ്പു സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ CBSE റീജിയണൽ സയൻസ് എക്സിബിഷൻ സംഘടിപ്പിച്ചു. "Science and Technology for a Sustainable Future" എന്ന തീമിന്റെ ഭാഗമായി, 6 മുതൽ 11 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾ 140-ത്തിലധികം പ്രദർശനങ്ങൾ അവതരിപ്പിച്ചു. SDMA-യുടെ ഭാഗത്ത് നിന്ന് ഹസാർഡ് അനലിസ്റ്റ് അമൃത കെ. പങ്കെടുത്ത സെഷനിൽ, Disaster Management വിഭാഗത്തിൽ ഭൂസ്ഥിതിയിലുണ്ടാകുന്ന ഉരുൾപൊട്ടലുകൾ പ്രവചിക്കാൻ സെൻസർ അടിസ്ഥാനത്തിലുള്ള മോഡലുകൾ, Waste Management വിഭാഗത്തിൽ പ്ലാസ്റ്റിക് പുനരുപയോഗം, ഡ്രൈനേജ് മെച്ചപ്പെടുത്തൽ തുടങ്ങിയ ആശയങ്ങൾ വിദ്യാർത്ഥികൾ അവതരിപ്പിച്ചു. വിദ്യാർത്ഥികളുടെ നവോത്ഥാനശേഷിയും ദൗത്യംബോധവും DRR-ലുള്ള ഭാവി പങ്കാളിത്തത്തിനുള്ള പ്രതീക്ഷകൾ ഉയർത്തുന്നതായി സെഷൻ ചൂണ്ടിക്കാട്ടി. https://tinyurl.com/yey8db8c

## 1.53 അന്താരാഷ്ട്ര ദുരന്ത നിവാരണ സമ്മേളനം – UNITED '24

2024 നവംബർ 14–17 തീയതികളിൽ തിരുവല്ലയിലെ Believers Church Medical College Hospital-ൽ UNITED '24 എന്ന പേരിൽ ആദ്യ അന്താരാഷ്ട്ര ദുരന്ത നിവാരണ സമ്മേളനം സംഘടിപ്പിച്ചു. "Unfolding Newer Innovations for Tomorrow's Emergencies and Disasters" എന്ന തീമിന്റെ അടിസ്ഥാനത്തിൽ, ദുരന്ത നിവാരണത്തിന്റെ വിവിധ ഘട്ടങ്ങളിലേക്കുള്ള നവീന സമീപനങ്ങൾ, ആരോഗ്യരംഗത്തെ പ്രതികരണ

തന്ത്രങ്ങൾ, നൈതികത, ശാരീരിക–മാനസിക ആരോഗ്യ സംരക്ഷണം, സ്ഥാപനങ്ങളുടെയും സമൂഹങ്ങളുടെയും പങ്ക് എന്നിവ ചർച്ചയായി.

KSDMA-യുടെ ഭാഗത്ത് നിന്ന് Dr. Jazeela A (Public Health), Ms. Ziya Arun (Psychology), Dr. Midhila Mallika (State Project Officer), Mr. Fahad Marzook (Meteorology), Dr. Pratheesh C Mammen (UNICEF–KSDMA) എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. കുട്ടികളുടെ മാനസിക പ്രതിരോധശേഷി, സമൂഹാരോഗ്യ മുന്നറിയിപ്പുകൾ, നൈതികതയുള്ള triage, സ്ഥാപനങ്ങൾ തമ്മിലുള്ള സംയോജിത പ്രവർത്തനം, hospital safety plans എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 443 പേർ പങ്കെടുത്ത സമ്മേളനം, DRR-ലുള്ള ആരോഗ്യരംഗത്തെ പങ്ക്, നയനിർമ്മാണം, പരിശീലനം, പങ്കാളിത്തം എന്നിവയെ ആഴത്തിൽ വിലയിരുത്തിയ ഒരു സമഗ്ര വേദിയായി മാറി. https://tinyurl.com/33nxxvxt

## 1.54 മോക്ക് ഡ്രിൽ – ഷൊർണൂർ റയിൽവേ യാർഡ്

2024 നവംബർ 24–25 തീയതികളിൽ ശൊർണൂർ റെയിൽവേ സ്റ്റേഷനിൽ NDRFയും Shornur Railway Division-ഉം ചേർന്ന് റെയിൽ അപകട പ്രതികരണ മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. ആദ്യദിനം VIP ലൗഞ്ചിൽ Tabletop Exercise നടത്തി, പോലീസ്, ആരോഗ്യ, ഫയർ ആൻഡ് റെസ്ക്യൂ, ജില്ലാ–താലൂക്ക് ഭരണകൂടം, റെയിൽവേ ഉദ്യോഗസ്ഥർ തുടങ്ങിയവർ അടിയന്തര പ്രതികരണ തന്ത്രങ്ങൾ ചർച്ച ചെയ്തു. രണ്ടാംദിനം Shornur Yard-ൽ രണ്ട് കോച്ചുകൾ പാളം വിട്ട് തീപിടിത്തം സംഭവിച്ചെന്നു കണക്കാക്കി യാഥാർത്ഥ്യ മോക്ക് ഡ്രിൽ നടന്നു. RPF, GRP, NDRF, ഫയർ ആൻഡ് റെസ്ക്യൂ, റെയിൽവേയുടെ വിവിധ വിഭാഗങ്ങൾ (Engineering, Mechanical, Operations, Safety) സംയോജിതമായി പ്രവർത്തിച്ച് "തീയിൽ കുടുങ്ങിയ യാത്രക്കാരെ" രക്ഷപ്പെടുത്തി, താൽക്കാലിക മെഡിക്കൽ ക്യാമ്പിൽ ചികിത്സ നൽകി. SDMA/DDMA, Ottappalam Taluk Administration, Taluk IRT എന്നിവയുടെ സഹകരണത്തോടെ നടന്ന ഈ ഡ്രിൽ, 371 പേർ പങ്കെടുത്തതിലൂടെ, യാഥാർത്ഥ്യ ദുരന്ത സാഹചര്യങ്ങളിൽ ഏജൻസികൾ തമ്മിലുള്ള സംയോജിത പ്രവർത്തനത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. https://tinyurl.com/2eb9nhup

## 1.55 അവബോധ പ്രവർത്തനം – കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ

2024 ഡിസംബർ 18-ന് നടന്ന "Disaster Management in Hospitals" സെമിനാർ കേരള സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിൽ (KSIHFW) നടന്നു. ആശുപത്രികളിലെ ദുരന്തനിർമ്മാണം ശക്തിപ്പെടുത്തുന്നതിനുള്ള നയപരമായ

മാർഗരേഖകളും പ്രായോഗിക ശുപാർശകളും ഈ സെമിനാറിൽ ചർച്ച ചെയ്തു. അപകടസാധ്യതകളുടെ തിരിച്ചറിയൽ, അടിയന്തര പ്രതികരണ സംവിധാനങ്ങൾ, ജീവനക്കാരുടെ പരിശീലനം, സുരക്ഷാ മാനദണ്ഡങ്ങൾ, ആശയവിനിമയ സംവിധാനം എന്നിവയുടെ ഏകീകരിത സമീപനം ഈ രേഖയിൽ പ്രമേയമാകുന്നു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി സഹകരിച്ച്, ആശുപത്രികൾക്ക് തങ്ങളുടെ ദുരന്തനിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനും സഹായിക്കുന്നതിന്റെ ഭാഗമായി, ഈ റിപ്പോർട്ട് ഒരു പ്രവർത്തനരീതിയും പരിശീലന ഉപാധിയുമാണ്. റിപ്പോർട്ട് ലഭിക്കാൻ: bit.ly/KSIHFW-DMH

## 1.56 പാലക്കാട് – മോക്ക് ഡ്രിൽ

2024 നവംബർ 6-നും 27-നും പാലക്കാട് ജില്ലയിൽ നടന്ന മലമ്പുഴ റോപ്പ് വേ കേബിൾ കാർ അപകടം അനുകരിച്ച NDRF മോക്ക് ഡ്രിൽ, ജില്ലാപ്രശാസനയും ദേശീയ ദുരന്ത പ്രതികരണ സേനയും ചേർന്ന് സംഘടിപ്പിച്ചു. ആദ്യഘട്ടത്തിൽ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ടേബിൾടോപ്പ് അഭ്യാസം നടന്നു; രണ്ടാംഘട്ടത്തിൽ മലമ്പുഴ ഗാർഡനിൽ കേബിൾ കാർ തകരാറിലായി യാത്രക്കാർ കുടുങ്ങിയെന്ന അനുകരണത്തിലൂടെ രക്ഷാപ്രവർത്തനവും മെഡിക്കൽ സഹായവും നടപ്പിലാക്കി. ജില്ലാതല, താലൂക്കുതല IRT അംഗങ്ങൾ, ഫയർ & റെസ്ക്യൂ, ആരോഗ്യവകുപ്പ്, പോലീസ്, NDRF എന്നിവ ചേർന്ന് സംയുക്തമായി drill നടപ്പാക്കി. 73 പേർ പങ്കെടുത്ത ഈ അഭ്യാസത്തിൽ ലേഖ ചാക്കോ (ഹസാർഡ് അനലിസ്റ്റ്), ആശ വി.കെ. മേനോൻ (LSG DM കോർഡിനേറ്റർ) എന്നിവർ നേതൃത്വം നൽകി. റിപ്പോർട്ട്: https://tinyurl.com/MD-RWPkd-2024

## 1.57 കില – ദുരന്ത നിവാരണത്തിൽ യുവാക്കൾ

2024 ഡിസംബർ 17-ന് തൃശൂരിലെ KILAയിൽ Bring Back Green Foundationയും KILAയും ചേർന്ന് സംഘടിപ്പിച്ച പഞ്ചായത്ത് ക്ലൈമറ്റ് പാർലമെന്റ് ഓറിയന്റേഷൻ സെഷനിൽ, ക്രൈസ്റ്റ് കോളേജ്, സെന്റ് ജോസഫ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് "ദുരന്തനിവാരണത്തിൽ യുവജനങ്ങളുടെ പങ്ക്" എന്ന വിഷയത്തിൽ സെഷൻ നടന്നു. ലേഖ ചാക്കോ (ജില്ലാ ഹസാർഡ് അനലിസ്റ്റ്) നേതൃത്വം നൽകിയ സെഷനിൽ, ദുരന്തനിവാരണത്തിന്റെ അടിസ്ഥാനങ്ങൾ, വ്യത്യസ്ത ഹസാർഡുകൾ, വ്യക്തിഗത തലത്തിൽ തയ്യാറെടുപ്പുകൾ, കുട്ടികളുടെ പങ്ക് തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തു. 46 വിദ്യാർത്ഥികൾ പങ്കെടുത്ത പരിപാടിയിൽ, യഥാർത്ഥ സംഭവങ്ങൾ ഉൾപ്പെടുത്തി

സംവാദങ്ങളും ബോധവത്കരണ പ്രവർത്തനങ്ങളും നടന്നു. റിപ്പോർട്ട്: https://tinyurl.com/YouthDM-2024

### 1.58 പാലക്കാട് – ഭൂഗത പെട്രോളിയം പൈപ്പ് ലൈൻ ചോർച്ച – മോക്ക് ഡ്രിൽ

2024 ഡിസംബർ 20-21 തീയതികളിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (BPCL), കാഞ്ചിക്കോട് കേന്ദ്രമായി പാലക്കാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും, BPCL സംഘവും ചേർന്ന് ഭൂഗത പെട്രോളിയം പൈപ്പ് ലൈൻ ചോർച്ചയെ അടിസ്ഥാനമാക്കി മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. റോഡ് അറ്റകുറ്റപ്പണിക്കിടെ പൈപ്പ് ചോർച്ച സംഭവിച്ചതായി അനുകരിച്ച സംഭവത്തിൽ ജില്ലാതല, താലൂക്കുതല IRS ടീമുകൾ, BPCL ഉദ്യോഗസ്ഥർ, വിവിധ വകുപ്പുകൾ ചേർന്ന് സംയുക്തമായി രക്ഷാപ്രവർത്തനങ്ങൾ നടപ്പാക്കി. 20-ന് BPCL മീറ്റിംഗ് ഹാളിൽ ടേബിൾടോപ്പ് അഭ്യാസം നടന്നു. 67 പേർ പങ്കെടുത്ത പരിപാടിയിൽ ലേഖ ചാക്കോ (ഹസാർഡ് അനലിസ്റ്റ്), ആശ വി.കെ. മേനോൻ (LSG DM കോർഡിനേറ്റർ) എന്നിവർ നേതൃത്വം നൽകി. റിപ്പോർട്ട്: https://tinyurl.com/BPCL-MockDrill-2024

### 1.59 പാലക്കാട് – ദുരന്തനിവാരണ ഫണ്ടുകൾ സംബന്ധിച്ച അവബോധ പ്രവർത്തനം

2024 ഡിസംബർ മുതൽ 2025 മാർച്ച് വരെ പാലക്കാട് ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽ നടന്ന "ദുരന്തനിവാരണ ഫണ്ടുകൾ" സെഷനുകൾ, LSG ദുരന്തനിവാരണ പദ്ധതികളുടെ അപ്ഡേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു. ആലത്തൂർ, കൊല്ലങ്കോട്, ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, കൊടുമ്പ് പഞ്ചായത്തുകളിൽ നടന്ന സെഷനുകളിൽ ദേശീയ, സംസ്ഥാന, പ്രാദേശിക തലങ്ങളിലെ ഫണ്ടുകളുടെ ഘടന, ഉപയോഗ മാർഗനിർദ്ദേശങ്ങൾ, മികച്ച ആസൂത്രണവും നടപ്പിലാക്കലും സംബന്ധിച്ച വിശദീകരണം നൽകി. 451 പേർ പങ്കെടുത്ത സെഷനുകൾക്ക് SDMA-യെ പ്രതിനിധീകരിച്ച് ലേഖ ചാക്കോ (ജില്ലാ ഹസാർഡ് അനലിസ്റ്റ്) നേതൃത്വം നൽകി. റിപ്പോർട്ട്: https://tinyurl.com/DMFunds-Palakkad

### 1.60 പോലീസ് പരിശീലന പരിപാടി

2025 ജനുവരി 15-ന് മലപ്പുറം MSP ഓഡിറ്റോറിയത്തിൽ DDMA മലപ്പുറംയും പോലീസ് വകുപ്പും ചേർന്ന് നടത്തിയ പോലീസ് പരിശീലന പരിപാടിയിൽ, ദുരന്തനിവാരണത്തിന്റെ മൂന്ന് ഘട്ടങ്ങളിലുമുള്ള പോലീസ് വകുപ്പിന്റെ പങ്ക് വിശദീകരിച്ചു. ഗ്രൂപ്പ് ആക്റ്റിവിറ്റിയിലൂടെ പ്രാക്ടിക്കൽ ചിന്തനവും, Disaster Management Act, 2005, Orange Book, KaWaCHaM പ്ലാറ്റ്ഫോം എന്നിവയുടെ പരിചയവും ഉൾപ്പെടുത്തി.

110 പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്ത സെഷനിൽ, ERT-കളിൽ അവരുടെ ചുമതലകൾ, നിയമം പാലിക്കൽ, ഒഴിപ്പിക്കൽ, രക്ഷാപ്രവർത്തനം, പുനരധിവാസം തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തു. SDG 11, 13, 16 ലക്ഷ്യങ്ങൾക്കും Sendai Framework Priorities 1, 2, 4-നും PM Agenda Points 1, 3, 8, 9-നും ഈ പരിശീലനം പിന്തുണ നൽകി. റിപ്പോർട്ട്: https://tinyurl.com/PoliceDM-MPM2025

## 1.61 മലപ്പുറം - ഗ്യാസ് പൈപ്പ് ലൈൻ ബോധവത്കരണ പരിപാടി

2025 ജനുവരി 27-ന് മലപ്പുറം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും GAIL (ഇന്ത്യ) ലിമിറ്റഡും ചേർന്ന് ഗ്യാസ് പൈപ്പ് ലൈൻ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. 68 കിലോമീറ്റർ നീളമുള്ള 24-ഇഞ്ച് പ്രകൃതിവാതക പൈപ്പ് ലൈൻ മലപ്പുറം ജില്ലയിലെ 13 ഗ്രാമങ്ങളിലൂടെ കടന്നുപോകുന്നതിന്റെ സുരക്ഷാ മാനദണ്ഡങ്ങൾ, നിയമപരമായ ചട്ടങ്ങൾ (1962 ലെ പെട്രോളിയം ആൻഡ് മിനറൽ പൈപ്പ് ലൈൻസ് ആക്ട്), RoU നിയന്ത്രണങ്ങൾ, SCADA നിരീക്ഷണം, കാതോഡിക് സംരക്ഷണം, എമർജൻസി റെസ്പോൺസ് പ്ലാൻ (ERDMP) തുടങ്ങിയവ വിശദീകരിച്ചു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ, GAIL സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടറിന് കൈമാറി. പരിപാടി Sendai Framework, PM's 10-Point Agenda, SDG ലക്ഷ്യങ്ങൾ എന്നിവയുമായി സുസ്ഥിരമായി ഒത്തുചേരുന്നതാണ്. റിപ്പോർട്ട്: https://shorturl.at/gmJQ7

## 1.62 പാലക്കാട് - Teachers Brigade ദുരന്ത നിവാരണ ബോധവത്കരണ പരിപാടി

2025 ഫെബ്രുവരി 2-ന് പാലക്കാട് KSTA മന്ദിരത്തിൽ സ്കൂൾ അധ്യാപക സന്നദ്ധപ്രവർത്തകരെ ലക്ഷ്യമിട്ട് നടത്തിയ Teachers Brigade ദുരന്ത നിവാരണ ബോധവത്കരണ പരിശീലനത്തിൽ, ദുരന്തം, അപകടം, അപകടസാധ്യത, ഭേദ്യത, ശേഷി തുടങ്ങിയ അടിസ്ഥാനപരിഭാഷകൾ വിശദീകരിക്കുകയും, കേരളത്തിന്റെ അപകടപ്രവണതയും ദുരന്തനിവാരണ നിയമവും (2005) ഉൾപ്പെടെയുള്ള ഭരണഘടനാ ഘടനകളും അവതരിപ്പിക്കുകയും ചെയ്തു. LSG ദുരന്തനിവാരണ പദ്ധതികൾ, സ്കൂൾ സുരക്ഷാ പദ്ധതികൾ, Orange Book അടിയന്തര പ്രതികരണ മാർഗ്ഗനിർദ്ദേശങ്ങൾ, NDMA Pocketbook, അടിയന്തര കിറ്റുകൾ, ടോൾ-ഫ്രീ നമ്പറുകൾ, തീ സുരക്ഷാ മാർഗ്ഗങ്ങൾ എന്നിവയും ഉൾപ്പെടുത്തി. Tilly Smith-ന്റെ കഥ ഉദാഹരണമായി പങ്കുവെച്ചത് ബോധവത്കരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നതിനായിരുന്നു. റിപ്പോർട്ട്: https://shorturl.at/ehmN7

### 1.63 തിരുവനന്തപുരം - Heat, Lightning and Wind-proof Design പരിശീലനം

2025 ഫെബ്രുവരി 5-ന് തിരുവനന്തപുരം IMG-യിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും IMGയും ചേർന്ന് LSGD എഞ്ചിനീയർമാർക്കായി "Heat, Lightning and Wind-proof Design" വിഷയത്തിൽ പരിശീലന സെഷൻ സംഘടിപ്പിച്ചു. നഗര വികസനത്തിന്റെ പുനർനിർമ്മാണ, പുനർരൂപകൽപ്പന, പുനർസജ്ജീകരണ പ്രവർത്തനങ്ങളിൽ ദുരന്ത പ്രതിരോധ തത്വങ്ങൾ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ചചെയ്തു. പാസിവ്-ആക്റ്റീവ് ഡിസൈൻ തന്ത്രങ്ങൾ, SCADA, കാറ്റ്-നിലവാര നിർമാണം, താപ പ്രതിരോധം, മിന്നലിൽ നിന്ന് സംരക്ഷണം തുടങ്ങിയവ വിശദീകരിച്ചു. സെഷൻ Priority 4 of Sendai Framework, PM Agenda Point 1, SDG Goals 9 & 11 എന്നിവയുമായി ഒത്തുചേരുന്നതാണ്. റിപ്പോർട്ട്: https://shorturl.at/ehmU7

### 1.64 Space-Based Inputs for Reduction and Mitigation of Urban Flood Risk പരിശീലനം

2025 ഫെബ്രുവരി 3 മുതൽ 7 വരെ ISRO-യുടെ IIRS (Dehradun) DMS പദ്ധതിയുടെ ഭാഗമായി നാഗ്പൂരിലെ NRSC-ൽ നടന്ന "Space-Based Inputs for Reduction and Mitigation of Urban Flood Risk" പരിശീലനത്തിൽ ജിയോസ്പേഷ്യൽ സാങ്കേതികവിദ്യകൾ, VHRS ഡാറ്റ ഉപയോഗിച്ച് നഗരപ്രദേശങ്ങളിലെ വെള്ളപ്പൊക്ക സാധ്യതാ മാപ്പിംഗ്, SWMM, HEC-HMS, HEC-RAS മോഡലുകൾ, SAR ഡാറ്റ ഉപയോഗിച്ച് മൈക്രോവേവ് റിമോട്ട് സെൻസിംഗ്, BHUVAN, Bhoonidhi, MOSDAC പോർട്ടലുകൾ, 3D drainage system modeling, rainwater harvesting, and early warning systems എന്നിവയിൽ സിദ്ധാന്തപരവും പ്രായോഗികവുമായ പരിശീലനം ലഭിച്ചു. കേരളത്തിൽ നിന്നുള്ള കുമാരി ഷെനു ജോസ് കെ (ഹൈഡ്രോളജിസ്റ്റ്), കുമാരി ദേവിക ബി.എസ് (ഹസാർഡ് അനലിസ്റ്റ് – ജില്ലാ ദുരന്ത നിവാരണ വിഭാഗം) എന്നിവർ പങ്കെടുത്തു. റിപ്പോർട്ട്: https://shorturl.at/ehmW3

### 1.65 മലപ്പുറം - അടിയന്തര പ്രതികരണ സംഘങ്ങൾക്കായി (ERT) പരിശീലനം

2025 ഫെബ്രുവരി 10 മുതൽ 20 വരെ മലപ്പുറം ജില്ലയിലെ 15 ബ്ലോക്കുകളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഫയർ ആൻഡ് റെസ്ക്യൂ വകുപ്പും ചേർന്ന് അടിയന്തര പ്രതികരണ സംഘങ്ങൾക്കായി (ERT) പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. 106 LSGD-കളിൽ നിന്നുള്ള Shelter Management, Early Warning, First Aid, Rescue & Response ടീമുകൾ പങ്കെടുത്ത ഈ പരിശീലനം, മോൺസൂൺ കാലത്തെ ദുരന്ത പ്രതിരോധത്തിനായി തയാറെടുപ്പിന്റെ ഭാഗമായാണ് നടപ്പാക്കിയത്. ഫയർ ആൻഡ് റെസ്ക്യൂ വിഭാഗം ആദ്യ സഹായം, തിരച്ചിലും രക്ഷാപ്രവർത്തനവും കൈകാര്യം ചെയ്തപ്പോൾ, വനിതാ ശിശു വികസന വകുപ്പ് ക്യാമ്പ് മാനേജ്മെന്റിൽ പരിശീലനം

നൽകി. ഹസാർഡ് അനലിസ്റ്റ് ആകെ കോർഡിനേഷൻ നിർവഹിക്കുകയും, DM പ്ലാൻ കോർഡിനേറ്റർ വകുപ്പുകൾ തമ്മിലുള്ള ഏകീകരണം കൈകാര്യം ചെയ്യുകയും ചെയ്തു. Sendai Framework Priority 1 & 4, PM Agenda Points 1, 5, 8, 9, SDG 3, 11, 13, 17 എന്നിവയുമായി ഈ പരിപാടി ഒത്തുചേരുന്നതാണ്. റിപ്പോർട്ട്: https://shorturl.at/ehmY2

### 1.66 പാലക്കാട് - ഹോറസോറ 25

2025 മാർച്ച് 25-ന് പാലക്കാട് ഹോറസോറ 25-ൽ നടന്ന "Social Work in Disaster Management" അക്കാദമിക് സെഷനിൽ സാമൂഹ്യപ്രവർത്തന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ദുരന്ത നിവാരണത്തിന്റെ സാമൂഹിക-മാനവിക വശങ്ങൾ വിശദീകരിച്ചു. ദുരന്തത്തെക്കുറിച്ചുള്ള അടിസ്ഥാന ധാരണ, സാമൂഹിക ഇടപെടലുകളുടെ ഘടന, ദുരന്താനന്തര മാനസികാരോഗ്യ പിന്തുണ, സാമൂഹിക നീതി, പുനരധിവാസം, സാമൂഹിക പ്രവർത്തകരുടെ പങ്ക് തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തു. സെഷനിൽ ഹസാർഡ് അനലിസ്റ്റ്, ഡിഎം പ്ലാൻ കോർഡിനേറ്റർ, സാമൂഹ്യപ്രവർത്തന അധ്യാപകർ എന്നിവർ പങ്കെടുത്തു. Sendai Framework Priority 1 & 4, PM Agenda Point 5, SDG 3, 11, 13 എന്നിവയുമായി ഈ സെഷൻ ഒത്തുചേരുന്നതാണ്. റിപ്പോർട്ട്: https://shorturl.at/ehmZ5


### 1.67 പാലക്കാട് - Heat Wave Preparedness and Mitigation ഓൺലൈൻ ബോധവത്കരണ സെഷൻ

2025 ഫെബ്രുവരി 26-ന് ശാസ്ത്രവേദി പാലക്കാട് സംഘടിപ്പിച്ച ശാസ്ത്രീയ ലക്ചർ പരമ്പരയുടെ ഭാഗമായി "Heat Wave Preparedness and Mitigation" എന്ന വിഷയത്തിൽ ഓൺലൈൻ ബോധവത്കരണ സെഷൻ Google Meet വഴി നടന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പങ്കാളികൾക്ക് അത്യാധിക ചൂട് അനുഭവപ്പെടുന്ന കാലങ്ങളിൽ സ്വയം, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരെ സുരക്ഷിതമായി നിലനിർത്തുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ പങ്കുവെച്ചു. 27 വനിതകളും 32 പുരുഷന്മാരും പങ്കെടുത്ത സെഷൻ ജില്ലാ ഹസാർഡ് അനലിസ്റ്റ് ലേഖാ ചാക്കോ നയിച്ചു. റിപ്പോർട്ട്: https://shorturl.at/ehmX9

### 1.68 തിരുവനന്തപുരം - "Role of Space Technology in Disaster Risk Management" ശില്പശാല

2025 മാർച്ച് 10–11 തീയതികളിൽ തിരുവനന്തപുരം ILDM-ൽ നടന്ന "Role of Space Technology in Disaster Risk Management" ശില്പശാല NIDM (MHA)യും NRSC (ISRO)യും സംയുക്തമായി സംഘടിപ്പിച്ചു. ജിയോസ്പേഷ്യൽ സാങ്കേതികവിദ്യകൾ ദുരന്ത

നിവാരണത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള ഈ രണ്ട് ദിവസത്തെ പരിശീലനത്തിൽ ഹൈഡ്രോളജിക്കൽ, ജിയോളജിക്കൽ, കാലാവസ്ഥാ ദുരന്തങ്ങൾ, മൾട്ടി ഹസാർഡ് DRR, കുട്ടികളുടെ സംരക്ഷണവും അവകാശങ്ങളും ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ചചെയ്തു. ISRO-യുടെ DMS പ്രോഗ്രാം, NDEM, Optical & Microwave Remote Sensing, Urban Flood Modelling, Glacier Lake Risk Assessment, Drone & Thermal Imaging, Lightning Sensor Networks, Forest Fire Detection, Drought Risk Management തുടങ്ങിയവ ഉൾപ്പെടുത്തി. 20 വനിതകളും 39 പുരുഷന്മാരും പങ്കെടുത്ത പരിപാടിയിൽ DDMA പാലക്കാട് നാമനിർദ്ദേശം ചെയ്ത ഹസാർഡ് അനലിസ്റ്റ് ലേഖാ ചാക്കോ പങ്കെടുത്തു. റിപ്പോർട്ട്: https://shorturl.at/ehm15




## 1.69 CARE-25 അന്താരാഷ്ട്ര സമ്മേളനം

CARE-25 അന്താരാഷ്ട്ര സമ്മേളനം 2025 മാർച്ചിൽ കൊച്ചിൻ സയൻസ് ആൻഡ് ടെക്നോളജി സർവകലാശാലയിൽ സംഘടിപ്പിക്കപ്പെട്ടു. കാലാവസ്ഥാ അനുകൂലനവും പ്രതിരോധ ശേഷിയും എന്ന വിഷയത്തിൽ ശാസ്ത്രം, സാങ്കേതികവിദ്യ, നയനിർമ്മാണം, സമൂഹങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്നതിൽ ഈ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിച്ചു. KSDMA, KSBB, IMD, CMFRI, KILA തുടങ്ങിയ സ്ഥാപനങ്ങൾ പങ്കെടുത്ത ഈ സമ്മേളനം, നയപരമായ ഇടപെടലുകൾക്കും, AI അടിസ്ഥാനമാക്കിയ കാലാവസ്ഥാ പ്രവചനം, MRRM പോലുള്ള സമൂഹനേതൃത്വത്തിലുള്ള ജലവൈദ്യുത നിയന്ത്രണങ്ങൾ, കർഷക ജൈവവൈവിധ്യ സംരക്ഷണം എന്നിവയ്ക്കും ശക്തമായ വേദിയായിരുന്നു. റിപ്പോർട്ട്: bit.ly/CARE2025Report.

## 1.70 മേപ്പാടി ഉരുൾപൊട്ടൽ - 30-7-2024

2024 ജൂലൈ 30ന് പുലർച്ചെ വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ മുണ്ടക്കൈ-ചൂരൽമല പ്രദേശത്തുണ്ടായ ഉരുൾപൊട്ടൽ സമാനതകളില്ലാത്ത മഹാദുരന്തമാണ് സൃഷ്ടിച്ചത്. ഒരു പ്രദേശമാകെ തകർന്നു പോവുന്ന സാഹചര്യമുണ്ടായി. രാജ്യത്തെ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ ഏറ്റവും വലിയ

ഉരുൾപൊട്ടലുകളുടെ ഗണത്തിലാണ് ഈ ദുരന്തം രേഖപ്പെടുത്തപ്പെട്ടത്. മനുഷ്യന്റെ ഇടപെടലുകൾ തന്നെയില്ലാത്ത വനത്തിനകത്തുള്ള പ്രഭവ കേന്ദ്രത്തിൽ നിന്ന് കിലോമീറ്ററുകൾ അകലെയുള്ള പ്രദേശങ്ങളെ പോലും തകർത്ത് തരിപ്പണമാക്കിയാണ് മേപ്പാടിയിലെ ഉരുൾപൊട്ടിയിറങ്ങിയത്. കോഴിക്കോട് വിലങ്ങാടിലും, വയനാട്ടിൽ മേപ്പാടിയിലും ജനങ്ങളുടെയും, സന്നദ്ധ പ്രവർത്തകരുടെയും, തദ്ദേശ സർക്കാരുകളുടെയും, ജില്ല ഭരണ സംവിധാനത്തിന്റെയും ജാഗ്രത കൊണ്ട് ഒട്ടനവധി ജീവനുകൾ രക്ഷപ്പെട്ടു.

**2024 മൺസൂൺ മഴക്കാലം**

കടുത്ത വേനലിന് ശേഷമെത്തിയ തെക്ക് പടിഞ്ഞാറൻ കാലവർഷം സാധാരണയേക്കാൾ കൂടുതലായിരിക്കുമെന്നായിരുന്നു കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ പ്രവചനം. എന്നാൽ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള തെക്ക് പടിഞ്ഞാറൻ കാലവർഷം ഇക്കുറി കേരളത്തിൽ സാധാരണയേക്കാൾ 13% കുറവ് മഴയാണ് നൽകിയത്. പൊതുവെ കൂടുതൽ മഴ ലഭിക്കുന്ന ജില്ലകളായ ഇടുക്കി (33% മഴക്കുറവ്) വയനാട് (30% മഴക്കുറവ്) എറണാകുളം (27% മഴക്കുറവ്) ആലപ്പുഴ (21% മഴക്കുറവ്) കോഴിക്കോട് (10% മഴക്കുറവ്) തുടങ്ങിയ ജില്ലകളിലെല്ലാം വലിയ രീതിയിലുള്ള മഴ കുറവാണ് സീസണിൽ ഉണ്ടായിരിക്കുന്നത്. എന്നാൽ സീസണിലെ ആകെ പെയ്ത മഴയുടെ അളവിൽ കുറവായിരിക്കുമ്പോഴും മഹാദുരന്തങ്ങളിലേക്ക് നയിച്ച അതിതീവ്ര മഴ കുറഞ്ഞ സമയം കൊണ്ട് പെയ്യുന്ന സാഹചര്യമുണ്ടായി. ഇത്തരം അതിതീവ്ര മഴയാണ് നമ്മുടെ സംസ്ഥാനത്ത് തുടർച്ചയായി അപകടങ്ങൾ വിതയ്ക്കുന്നത്. ഭൂമിശാസ്ത്രപരമായ സവിശേഷതകൾക്ക് പുറമെ വയനാട് ജില്ലയിലെ ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടലിനും കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ഉരുൾപൊട്ടലിനും പ്രധാനകാരണമായത് ഇത്തരം അതിതീവ്ര മഴയാണെന്ന ശാസ്ത്രീയ വിശകലനങ്ങൾ അന്താരാഷ്ട്ര ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടെ പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞു. അതിതീവ്ര മഴയാണ് മഹാദുരന്തത്തിലേക്ക് നയിച്ചതെന്ന വസ്തുത അവിതർക്കിതമാണ്.

മഴയുടെ വിന്യാസത്തിൽ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ കാരണമുള്ള വ്യത്യാസങ്ങൾ വലിയ അളവിലുണ്ടാകുന്ന പ്രദേശങ്ങളാണല്ലോ പൊതുവെ മലയോര മേഖലകൾ. കേന്ദ്ര കാലാവസ്ഥ വകുപ്പിന് ഇത്തരം പ്രദേശങ്ങളിൽ മഴമാപിനികൾ കുറവാണ് എന്നതിനാൽ തന്നെ ഇവിടങ്ങളിൽ ഇപ്പോൾ ലഭിക്കുന്ന മഴയും മുൻകാലങ്ങളിലെ മഴയുടെയും തോതിലുള്ള വ്യതിയാനങ്ങൾ കൃത്യമായി

രേഖപ്പെടുത്തുക പ്രയാസകരമാണ്. മറ്റ് ഏജൻസികളുടെ ഉൾപ്പെടെയുള്ള മഴമാപിനികളിൽ നിന്നുള്ള വിവരങ്ങൾ കൂടി സംസ്ഥാന സർക്കാർ ഇത്തരം മേഖലകളിൽ ആശ്രയിക്കുന്നുണ്ട്. കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ മഴ മാപിനികൾ മേപ്പാടിയിൽ ഇല്ലാത്തത് കൊണ്ട് തന്നെ ജലസേചന വകുപ്പിൻറെ ഉടമസ്ഥതയിലുള്ള കള്ളാടിയിലെ മഴ മാപിനിയിലെ വിവരങ്ങളാണ് ആശ്രയിക്കാൻ സാധിക്കുന്നത്. ഇവിടെ ജൂലൈ 29ന് 200.2 മില്ലിമീറ്ററും 30.07.2024ന് 372.6 മില്ലിമീറ്ററും മഴയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിലങ്ങാടിലാകട്ടെ കോഴിക്കോട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ കണക്ക് പ്രകാരം 48 മണിക്കൂറിൽ 307 മില്ലിമീറ്റർ മഴയാണ് രേഖപ്പെടുത്തപ്പെട്ടത്. എന്നാൽ ഉരുൾപൊട്ടലുകൾ ഉദ്ഭവിച്ച മലമുകളിലെ വനപ്രദേശങ്ങളിൽ ഒരുപക്ഷെ അതിൽ കൂടുതൽ മഴയും പെയ്തിരിക്കാൻ സാധ്യതയുണ്ട്. ഇത്ര വലിയ അളവിൽ കുറഞ്ഞ സമയം കൊണ്ട് പെയ്യുന്ന മഴ ഭൂമിയിലേക്ക് എത്തിക്കുന്നത് വളരെ വലിയ അളവിലുള്ള വെള്ളമാണ്. ഈ അതിതീവ്ര മഴയാണ് ഉരുൾപൊട്ടലിലേക്ക് നയിച്ച പ്രധാനകാരണമായി വിലയിരുത്തപ്പെടുന്നത്.


**ദുരന്തസാധ്യത പ്രവചനവും, മുന്നറിയിപ്പും സ്വീകരിച്ച നടപടികളും**


ദുരന്ത മുന്നറിയിപ്പ് എന്നത് 4 ഘടങ്ങൾ ഉൾപ്പെടുന്നതാണ്:

- ദുരന്ത സാധ്യത സംബന്ധിച്ച അറിവ് - ദുരന്ത സാധ്യത എന്നതിൽ ദുരന്ത കാരണം ആകാവുന്ന പ്രതിഭാസം എവിടെ ഉണ്ടാകാം, എപ്പോഴൊക്കെ ആണ് ഉണ്ടാകുന്നത്, എന്തൊക്കെ തീവ്രതയിൽ ഉണ്ടാകാം എന്നത് സംബന്ധിച്ച വിവരം, ഇത്തരം പ്രതിഭാസങ്ങളിൽ ബാധിക്കപ്പെടാവുന്ന മനുഷ്യ ജീവനും, സ്വത്തും, ബാധിക്കപ്പെടാവുന്ന സമൂഹത്തിന്റെയും വ്യക്തികളുടെയും സ്വത്തുക്കളുടെയും ദോഷപൂർണ്ണത എന്നിവ ഉൾപ്പെടുന്നു. ഇവയിൽ ദുരന്ത കാരണം ആകാവുന്ന പ്രതിഭാസം എവിടെ ഉണ്ടാകാം, എപ്പോഴൊക്കെ ആണ് ഉണ്ടാകുന്നത്, എന്തൊക്കെ തീവ്രതയിൽ ഉണ്ടാകാം എന്നത് സംബന്ധിച്ച അതിസൂക്ഷ്മ വിവരം തയ്യാറാക്കി നൽകേണ്ടത് ദേശീയ ദുരന്ത നിവാരണ പദ്ധതി ഉത്തരവാദിത്വപ്പെട്ട ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ട്.
- ദുരന്തകാരണം ആകാവുന്ന പ്രതിഭാസങ്ങളെ സംബന്ധിച്ച് നിരീക്ഷണവും, ദൈനംദിന പ്രവചനവും - ഇത്തരം നിരീക്ഷണവും പ്രവചനവും നടത്തുവാൻ ഉള്ള ചുമതല ദേശീയ തലത്തിൽ നിയോഗിക്കപ്പെട്ട സ്ഥാപനങ്ങൾക്കാണ്.

- പ്രവചനത്തെ അടിസ്ഥാനപ്പെടുത്തി സമൂഹം സ്വീകരിക്കേണ്ട നടപടികൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നത് - Standard Operating Procedure അനുസരിച്ച് ഓരോ തീവ്രതയും ഉള്ള ദുരന്ത പ്രവചനത്തിനും അനുസരിച്ചുള്ള മുന്നറിയിപ്പും, നടപടികളും ജനങ്ങളിലേക്ക് എത്തിക്കുവാൻ ഉള്ള സംവിധാനം (സൈറൺ, മൊബൈൽ ഫോൺ, സാമൂഹിക മാധ്യമങ്ങൾ, ദൃശ്യ-പത്ര-ശ്രവ്യ മാധ്യമങ്ങൾ എന്നിവ വഴി) ഒരുക്കുക എന്നത് സംസ്ഥാന തല ചുമതലയാണ്.
- പ്രതികരണ സംവിധാനങ്ങൾ - ഷെൽറ്ററുകൾ സ്ഥാപിക്കുക, പ്രതികരണ സേനകളെ ഏകോപിപ്പിക്കുക, വോളൻറ്റിയർമാർ, അടിയന്തിര ദുരിതാശ്വാസ സാമഗ്രികൾ എന്നിവ തയ്യാറാക്കുക എന്നത് സംസ്ഥാന തല ചുമതലയാണ്.


ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ദുരന്ത സാധ്യത സംബന്ധിച്ച അറിവ്, അവയുടെ സാധ്യത സംബന്ധിച്ച പ്രവചനം എന്നിവ നൽകാൻ രാജ്യത്ത് ചുമതലപ്പെടുത്തിയിരിക്കുന്നത് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയെന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. GSI കേരളത്തിൽ ഉരുൾപൊട്ടൽ മുന്നറിയിപ്പ് പരീക്ഷണാടിസ്ഥാനത്തിൽ നൽകി വരുന്നത് വയനാട് ജില്ലക്ക് മാത്രമാണ്. അങ്ങനെ പരീക്ഷണാടിസ്ഥാനത്തിൽ 2024 ജൂലൈ 29ന് ഉച്ചക്ക് 2 മണിക്ക് GSI ലഭ്യമാക്കിയ മുന്നറിയിപ്പ് പ്രകാരം വയനാട് ജില്ലക്കും ജില്ലയിലെ വൈത്തിരി ഉൾപ്പെടെ 3 താലൂക്കുകൾക്കും അടുത്ത 2 ദിവസത്തേക്ക് 'പച്ച' അലെർട് അഥവാ ഉരുൾപൊട്ടൽ ഉണ്ടാകാനുള്ള ഏറ്റവും കുറഞ്ഞ സാധ്യത മാത്രമാണ് നൽകിയിരുന്നത്. അതായത് ജൂലൈ 29 ന് ഉച്ചക്ക് 2 മണി വരെയോ അതിൻറെ മുന്നേയുള്ള ദിവസങ്ങളിലോ ജൂലൈ 29, 30 തീയതികളിൽ ഔദ്യോഗിക സംവിധാനങ്ങളിൽ നിന്ന് ഉരുൾപൊട്ടൽ പ്രവചിക്കപ്പെട്ടിട്ടില്ല.




മഴയുടെ കാര്യത്തിൽ പ്രവചനം നൽകാൻ ഉത്തരവാദിത്വപ്പെട്ട ഏജൻസി

കേന്ദ്ര കാലാവസ്ഥ വകുപ്പാണ്. ഓരോ ദിവസവും ജില്ലാടിസ്ഥാനത്തിലുള്ള അടുത്ത 5 ദിവസത്തേക്കുള്ള മഴ പ്രവചനമാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നത്. ഇതുപ്രകാരം ജൂലൈ 27ന് പുറപ്പെടുവിച്ച 5 ദിവസത്തെ മഴ സാധ്യത പ്രവചനപ്രകാരം ജൂലൈ 28ന് വയനാട് ജില്ലക്ക് മഞ്ഞ അലേർട്ടും കോഴിക്കോട് ജില്ലക്ക് ഓറഞ്ച് അലേർട്ടും നൽകിയിരുന്നു. ജൂലൈ 28 ൻറെ പ്രവചനത്തിലും മുന്നറിയിപ്പ് അതേപടി തുടരുകയും ജൂലൈ 29, 30 തീയതികളിലേക്ക് കോഴിക്കോട് വയനാട് ജില്ലകൾക്ക് മഞ്ഞ അലേർട്ട് മാത്രം നൽകുകയും ചെയ്തു. ജൂലൈ 29ന് ഉച്ചക്ക് പുറപ്പെടുവിച്ച പ്രവചനപ്രകാരം വയനാട്, കോഴിക്കോട് ജില്ലകൾക്ക് അന്നേ ദിവസത്തേക്ക് മാത്രമായി ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചു. 24 മണിക്കൂറിൽ 115നും 204 മില്ലിമീറ്ററിനും ഇടയിൽ മഴ ലഭിക്കുമെന്ന് പ്രതീക്ഷിക്കാമെന്നാണ് ഓറഞ്ച് അലെർട്ട് വഴി കേന്ദ്ര കാലാവസ്ഥ വകുപ്പ് സംസ്ഥാനത്തെ അറിയിച്ചത്. എന്നാൽ കാലാവസ്ഥ വകുപ്പ് മഞ്ഞ അലേർട്ട് മാത്രം നൽകിയിരുന്ന ആദ്യത്തെ 24 മണിക്കൂറിനുള്ളിൽ 200 മില്ലി മീറ്ററും അടുത്ത 24 മണിക്കൂറിനുള്ളിൽ 372 മില്ലിമീറ്റർ മഴയാണ് ഈ പ്രദേശത്തു ആകെ പെയ്തത് എന്നത് കൂടി ഓർക്കണം. അതായത് എല്ലാ പ്രവചനങ്ങളേയും അപ്രസക്തമാക്കിക്കൊണ്ടാണ് യഥാർത്ഥ മഴ ലഭിച്ചത്. കാലാവസ്ഥ വകുപ്പിൻറെ ഏറ്റവും ഉയർന്ന മുന്നറിയിപ്പായ റെഡ് അലെർട്ട് പ്രഖ്യാപിക്കുന്നത് ചൂരൽമലയിലും വിലങ്ങാടും ഉരുൾപൊട്ടിയ ശേഷം പുലർച്ചെ 6 മണിയോട് കൂടി മാത്രമായിരുന്നു എന്നത് ദുരന്ത സാധ്യത പ്രവചനം എത്രമാത്രം അപര്യാപ്തമായിരുന്നു എന്ന് വ്യക്തമാക്കുന്നതാണ്.



भारत सरकार
भारत मौसम विज्ञान विभाग
(पृथ्वी विज्ञान मंत्रालय)
मौसम केन्द्र
विकासभवन पीओ
तिरुवनंतपुरम - 695 033

GOVERNMENT OF INDI
INDIA METEOROLOGIC
DEPARTMENT
(Ministry of Earth Sciences)
METEOROLOGICAL CENT
VikasBhavan P.O
Thiruvananthapuram - 695033

District Rainfall Forecast For Kerala and Lakshadweep

29 July 2024 — Time of Issue: 1300 HRS IST

| District | | 29-Jul | 30-Jul | 31-Jul | 1-Aug | 2-Aug |
|---|---|---|---|---|---|---|
| Thiruvananthapuram | Intensity: | ISOL. H | L to M | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Kollam | Intensity: | ISOL. H | L to M | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Pathanamthitta | Intensity: | ISOL. H | L to M | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Alappuzha | Intensity: | ISOL. H | L to M | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Kottayam | Intensity: | ISOL. H | L to M | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Ernakulam | Intensity: | ISOL. H | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Idukki | Intensity: | ISOL. H | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Thrissur | Intensity: | ISOL. H | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Palakkad | Intensity: | ISOL. H | L to M | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Malappuram | Intensity: | ISOL 'H to VH | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Kozhikode | Intensity: | ISOL 'H to VH | ISOL. H | ISOL. H | ISOL. H | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Wayanad | Intensity: | ISOL 'H to VH | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Kannur | Intensity: | ISOL 'H to VH | ISOL. H | ISOL. H | ISOL. H | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Kasaragode | Intensity: | ISOL 'H to VH | ISOL. H | ISOL. H | ISOL. H | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Lakshadweep | Intensity: | L to M | L to M | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |

| Intensity of Rainfall | |
|---|---|
| VL | Very Light Rainfall (0.1 to 2.4 mm) |
| L | Light rainfall (2.5-15.5 mm) |
| M | Moderate (15.6-64.4 mm) |
| H | Heavy Rainfall (64.5-115.5 mm) |
| VH | Very Heavy Rainfall (115.6-204.4 mm) |
| EH | Extremely Heavy Rainfall (>204.4mm) |

| Distribution of Heavy Rainfall | |
|---|---|
| Category | % of stations |
| ISOL | 1-25 |
| SCT | 26-50 |

| Probability of Occurence (%) | |
|---|---|
| Likely | 25 - 50 |
| Very Likely | 51 - 75 |
| Most Likely | >75 |

| Warning Colour Codes |
|---|
| Warning (Take Action) |
| Alert (Be Prepared) |
| Watch (Be Updated) |
| No Warning (No Action) |

മറ്റൊരു കേന്ദ്ര സർക്കാർ ഏജൻസിയായ കേന്ദ്ര ജലകമ്മീഷൻ ആണ് പ്രളയമുന്നറിയിപ്പ് നൽകാൻ ഉത്തരവാദിത്വപ്പെട്ട സ്ഥാപനം. എന്നാൽ ജൂലൈ 23 മുതൽ 29 വരെയുള്ള ഒരു ദിവസം പോലും കേന്ദ്ര ജലകമ്മീഷൻ പുന്നപ്പുഴയിലോ ചാലിയാറിലോ പ്രളയ സാധ്യതാ പ്രവചനവും പുറപ്പെടുവിച്ചിട്ടില്ല.

കേരളത്തിൽ ദുരന്ത സാദ്ധ്യതകൾ വർദ്ധിക്കുന്ന മഴക്കാലവുമായി ബന്ധപ്പെട്ട് പൊതുവെ നല്ല നിലക്കുള്ള തയ്യാറെടുപ്പുകളാണ് സംസ്ഥാന സർക്കാർ നടത്തിയത്. മുഖ്യമന്ത്രി, മന്ത്രിമാരുടെയും വകുപ്പ് മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും യോഗങ്ങൾ 2-05-2024, 3-7-2024 എന്നീ ദിവസങ്ങളിൽ വിളിച്ചു ചേർത്ത് തയ്യാറെടുപ്പുകൾ അവലോകനം ചെയ്തു. വിവിധ കേന്ദ്ര രക്ഷാസേനക പ്രതിനിധികളെ പങ്കെടുപ്പിച്ചുള്ള യോഗവും 5-7-2024ന് മുൻകരുതലിന്റെ ഭാഗമായി നടത്തി. വിദ്യാഭ്യാസ മന്ത്രി 4-7-2024ന് മഴക്കാല സ്കൂൾ സുരക്ഷാ സംബന്ധിച്ച യോഗം എല്ലാ ജില്ലകളിലെയും പ്രധാനപ്പെട്ട തദ്ദേശ സ്ഥാപനങ്ങളും, വിദ്യഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തി. റവന്യൂ മന്ത്രി 26-7-2024ന് എല്ലാ ജില്ലകളിലേയും ജില്ലാ കളക്ടർമാരുമായി അവലോകനം യോഗം നടത്തി. കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയുടെ സഹായത്തോടെയുള്ള ആപതാ മിത്ര പദ്ധതി ഉപയോഗിച്ച് വയനാട്ടിൽ 200 സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിക്കുകയും, ഇൻഷുറൻസ്, പ്രതികരണ കിറ്റ് എന്നിവ നല്കി. മേപ്പാടി പഞ്ചായത്തിൽ ഇത്തരത്തിൽ 8 ആപതാ മിത്ര സന്നദ്ധ പ്രവർത്തകർ ഉണ്ട്. കേരളത്തിലെ എല്ലാ അഗ്നിരക്ഷാ സ്റ്റേഷനുകളും കേന്ദ്രീകരിച്ചാണ് ഇവരെ സംഘടിപ്പിച്ചിട്ടുള്ളത്.

ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ 17-5-2024, 25-5-2024, 30-5-2024, 27-6-2024, 1-7-2024 തീയതികളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലകളിലും വിവിധ ദിനങ്ങളിൽ മഴക്കാല മുന്നൊരുക്ക യോഗം നടന്നു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം സൃഷ്ടിച്ച ചില പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നെങ്കിലും തദ്ദേശ സ്ഥാപന തലത്തിലും മഴക്കാലപൂർവ്വ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ നടത്തി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മഴക്കാല ദുരന്ത ലഘൂകരണ-പ്രതികരണ പ്രവർത്തന മാർഗരേഖയായ ഓറഞ്ച് ബുക്ക് മുൻ അനുഭവങ്ങളുടെയും പുതിയ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ പുതുക്കി പ്രസിദ്ധീകരിച്ചു. ദുരന്തഘട്ടത്തിൽ ദ്രുതഗതിയിൽ പ്രതികരിക്കാനും കൃത്യമായ ഏകോപനത്തോടെ രക്ഷാപ്രവർത്തനം നടത്താനുമായി താലൂക്ക് തലം വരെയുള്ള ഉദ്യോഗസ്ഥർക്ക് ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റത്തിൽ 11-6-2024 മുതൽ 14-6-2024 വരെയുള്ള തീയതികളിൽ പരിശീലനം നൽകി. ദേശീയ ദുരന്ത നിവാരണ സേനയുടെ (NDRF) 9 സംഘത്തെ 12-6-2024ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും മുൻകൂറായി കേരളത്തിലെ വയനാട് ഉൾപ്പെടെയുള്ള ദുരന്ത സാധ്യത കൂടിയ



ജില്ലകളിൽ വിന്യസിക്കുകയും ചെയ്തു. മേപ്പാടിയിലും, വിളങ്ങാടും തദ്ദേശതല ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ഔദ്യോഗിക പ്രവചനങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും മറ്റ് സർക്കാർ വകുപ്പുകളും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറുകൾ തയ്യാറാക്കിയിട്ടുള്ളത്. ഔദ്യോഗിക മുന്നറിയിപ്പ് സംവിധാനങ്ങൾക്ക് പുറമെ ദുരന്ത നിവാരണ അതോറിറ്റി സ്വകാര്യ ഏജൻസികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ഉൾപ്പെടയുള്ള വിവരങ്ങളും ഉപയോഗപ്പെടുത്തി വരുന്നു. 9-5-2024, 26-6-2024, 28-6-2024, 16-7-2024, 17-7-2024, 19-7-2024, 21-7-2024 (രാവിലെ 10.30ക്കും, വൈകിട്ട് 5.30ക്കും), 22-7-2024 തീയതികളിൽ വയനാട് വിവിധ മഴക്കാല തയ്യാറെടുപ്പ്, അവലോകന യോഗങ്ങൾ നടന്നു. 26-06-2024ന് GVHSS വെള്ളാർമല സ്കൂളിൽ ദേശീയ ദുരന്ത പ്രതികരണ സേനയുമായി ചേർന്ന് സുരക്ഷാ പരിശീലനം നല്കി.

കാലാവസ്ഥ വകുപ്പിൻറെ ഓറഞ്ച് അലെർട്ട്, സന്നദ്ധ സംഘടനകളിൽ നിന്നും മറ്റും ലഭിച്ച മഴ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഉരുൾപൊട്ടൽ സാധ്യത പ്രവചിച്ചിരുന്നില്ലെങ്കിൽ കൂടി മേപ്പാടിയിലും വിലങ്ങാടും ഉൾപ്പെടെയുള്ള ദുരന്ത സാധ്യത പ്രദേശങ്ങളിൽ ആളുകളെ മാറ്റി താമസിപ്പിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു.

മുണ്ടക്കൈ-ചൂരൽമല പ്രദേശത്ത് അതിശക്തമായ മഴ ലഭിച്ചു കൊണ്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽ പെട്ടപ്പോൾ വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹ-അധ്യക്ഷനായ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, തദ്ദേശ ജന പ്രതിനിധികൾ, തദ്ദേശ വകുപ്പിലെ ഉദ്യോഗസ്ഥർ, അഗ്നിശമന രക്ഷാസേന, പോലീസ്, റെവന്യൂ ഉദ്യോഗസ്ഥരും ആപതാ മിത്ര സന്നദ്ധ പ്രവാര്ത്തകരും സ്ഥലം സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും അപകട സാധ്യത കൂടുതലുള്ള ഇടങ്ങളിൽ നിന്ന് ജനങ്ങളോട് മാറി താമസിക്കാൻ നിർദേശിക്കുകയും ചെയ്തു. സാധാരണ നിലക്ക് ഏറ്റവും അപകട സാധ്യതയുള്ള ഇടങ്ങളിൽ നിന്ന് ആളുകൾ ബന്ധുവീടുകളിലേക്കും ക്യാമ്പുകളിലേക്കും മാറി താമസിച്ചു. പുഞ്ചിരിമട്ടം ഭാഗങ്ങളിൽ നിന്ന് 4


കുടുംബങ്ങളിലെ 15 പേരെ ക്യാമ്പിലേക്ക് മാറ്റി പാർപ്പിക്കുകയും 50 പേരെ ബന്ധു വീടുകളിലേക്ക് മാറ്റി പാർപ്പിക്കുകയും ചെയ്തു. 29.07.2024ന് മേപ്പാടി ഗ്രാമപഞ്ചായത്തിലെ എല്ലാ റിസോർട്ടുകളും ഹോംസ്റ്റേകളും പ്രവർത്തനം നിർത്തുന്നതിനായി പഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അർദ്ധരാത്രിയിൽ ആദ്യ ഉരുൾപൊട്ടൽ ഉണ്ടായ ഘട്ടത്തിൽ തന്നെ ജനങ്ങൾ സർക്കാർ സംവിധാനങ്ങളെ വിവരം അറിയിക്കുകയും അഗ്നിശമന രക്ഷാസേനയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അധികൃതരും സംഭവസ്ഥലത്തേക്ക് ദ്രുതഗതിയിൽ എത്തുകയും രക്ഷാപ്രവർത്തങ്ങൾ ആരംഭിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ തന്നെ കൂടുതൽ ആളുകൾ സുരക്ഷിതമായ ഇടങ്ങളിലേക്ക് മാറ്റാൻ ശ്രമിച്ചു. ഇതെല്ലാം മേപ്പാടിയിൽ ആൾനാശം കുറച്ചെങ്കിലും കുറയക്കാനും സഹായിച്ചു. കോഴിക്കോട് വിലങ്ങാടിലും, വയനാട്ടിൽ മേപ്പാടിയിലും ജനങ്ങളുടെയും, സന്നദ്ധ പ്രവർത്തകരുടെയും, തദ്ദേശ സർക്കാരുകളുടെയും, ജില്ല ഭരണ സംവിധാനത്തിന്റെയും ജാഗ്രത കൊണ്ട് ഒട്ടനവധി ജീവനുകൾ രക്ഷപ്പെട്ടു.

എന്നാൽ എല്ലാ പ്രവചനങ്ങളേയും മുൻ അനുഭവങ്ങളേയും കണക്ക് കൂട്ടലുകളേയും അപ്രസക്തമാക്കി എത്തിയ ആവർത്തിച്ചവർത്തിച്ചുണ്ടായ ഉരുൾപൊട്ടലുകളിൽ സമാനതകളില്ലാത്ത ദുരന്തമാണ് നാടിന് ഏറ്റുവാങ്ങേണ്ടി വന്നത്.

**ചൂരലമൽമല മുണ്ടക്കൈ ദുരന്തം**

1984 ജൂലായ് 1 ന് മുണ്ടക്കൈ മേഖലയിൽ ഉരുൾപ്പൊട്ടൽ ഉണ്ടായിട്ടുണ്ട്. ഇതിൽ 17 പേർക്ക് ജീവൻ നഷ്ടപ്പെടുകയും 80 ഏക്കറോളം സ്ഥലത്ത് ദുരന്തം വ്യാപിച്ചിട്ടുമുണ്ടായിരുന്നതയാണ് രേഖകൾ. 2019 ൽ ഈ മേഖലയുടെ കിഴക്ക് ഭാഗത്ത് സുമാർ 3 കിലോമീറ്റർ മാറി പുത്തുമല എന്ന സ്ഥലത്ത് ഉരുൾപ്പൊട്ടൽ സംഭവിച്ചിട്ടുള്ളതാണ്. ആയതിൽ 17 പേർ മരണപ്പെടുകയും ചെയ്തിട്ടുള്ളതാണ്. 2020ൽ നിലവിലെ പ്രഭവ കേന്ദ്രത്തിനോട് സമീപത്തായി തന്നെ ഉരുൾപ്പൊട്ടൽ സംഭവിച്ചിരുന്നു. ആയതിൽ 4 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപൊട്ടൽ സാധ്യത ഭൂപടത്തിലും 2019 ൽ നടത്തിയ പഠനത്തിലും അതീവ ഉരുൾപൊട്ടൽ സാധ്യത പ്രദേശമായി കണ്ടെത്തിയ സ്ഥലങ്ങളിൽ പുഞ്ചിരിമട്ടവും മുണ്ടക്കൈയും ഉൾപ്പെടുന്നുണ്ട്.

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിലെ പുഞ്ചിരിമട്ടം നിത്യഹരിത വനത്തിനകത്ത് വെള്ളരിമലയിൽ ആണ് ഉരുള്പൊട്ടലിന്റെ പ്രഭവകേന്ദ്രം. വെള്ളരിമല ഉൾപ്പെടുന്ന മലനിരകളെ ബ്രിട്ടീഷ്ഷാർ ഒട്ടകകൂന് മലകൾ (Camel Hump Hills) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സമുദ്ര നിരപ്പിൽ നിന്ന് ഏകദേശം 1544 മീറ്റർ ഉയരത്തിലും മുണ്ടക്കൈയിൽ നിന്ന് 3 കിലോമീറ്ററും ചൂരൽമലയിൽ നിന്ന് 5 കിലോമീറ്ററും ദൂരത്തിലുമായാണ് പ്രഭവ കേന്ദ്രം സ്ഥിതി ചെയ്യുന്നത് എന്നാണ് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ കണ്ടെത്തിയത്. തെന്നിമാറിയ ഭൂമിയും പാറയും അവശിഷ്ടങ്ങളുമടങ്ങിയ ഉരുൾ പുന്നപ്പുഴ വഴി 8 കിലോമീറ്റർ ദൂരം വരെ ഒഴുകിയെത്തി. ചെങ്കുത്തായ ചെരിവും ഉരുളിന്റെ ഒഴുക്കും തോതും വർധിപ്പിച്ചു. ഒരു അന്താരാഷ്ട്ര ശാസ്ത്രപ്രസിദ്ധീകരണത്തിൽ വന്ന ഗവേഷണ പഠനം വ്യക്തമാക്കുന്നത് 2020 ൽ തന്നെ പ്രഭവ കേന്ദ്രത്തിൽ വിള്ളൽ രൂപപ്പെട്ടു തുടങ്ങിയിരുന്നു എന്നാണ്. മഴയിൽ ഇത്തരം വിള്ളലുകളിലേക്കും അതിലൂടെ മറ്റിടങ്ങളിലേക്കും ഊർന്നിറങ്ങിയ ജലവും മറ്റും മണ്ണൊലിപ്പിനും അപക്ഷയത്തിനും ഭൗമശിലകളുടെ വിഘടനത്തിനും കാരണമായി. പഠനം വ്യക്തമാക്കുന്നത് അതിതീവ്ര മഴയുടെ അനന്തരഫലമായി ജൂലൈ 30 ന് പുലർച്ചെ 1 മണിയോട് കൂടി ആരംഭിച്ച ഉരുൾപൊട്ടൽ പുലർച്ചെ 4 മണിയോടെ അതിൻറെ ഉച്ചസ്ഥായിയിലെത്തുകയും അവശിഷ്ടങ്ങളുടെ ഒഴുക്ക് മണിക്കൂറിൽ 100.8 കിലോമീറ്റർ വരെ വേഗത കൈവരിക്കുകയും ചെയ്തു എന്നാണ്. തുടർന്ന് വലിയ അളവിലുള്ള അവശിഷ്ടങ്ങൾ താഴേക്ക് ഒഴുകി നീങ്ങി. രാജ്യത്തെയും വിദേശത്തെയും ശാസ്ത്രജ്ഞർ ചേർന്ന് തയ്യാറാക്കിയ ശാസ്ത്ര ലേഖനത്തിൽ 5.17 മുതൽ 5.72 ദശലക്ഷം ഘന മീറ്റർ അവശിഷ്ടങ്ങൾ ആണ് മണിക്കൂറിൽ 100 കിലോമീറ്റർ വേഗത യിൽ ഒഴുകി എത്തിയത് എന്നാണ് കണക്കാക്കിയിരിക്കുന്നത്. 32 മീറ്റർ വരെ ഉയരത്തിൽ അവശിഷ്ടങ്ങൾ ഒഴുകി. ഇത് ഇന്ത്യയിലെ തന്നെ രേഖപ്പെടുത്തപ്പെട്ട ഉരുൾപ്പട്ടലുകളിൽ ഏറ്റവും വലിയവയുടെ ഗണത്തിൽ പെടുന്നതാണ്. ആദ്യ പൊട്ടലുകൾ വഴി ഒഴുകി നീങ്ങിയ അവശിഷ്ടങ്ങൾ ചിലയിടങ്ങളിൽ



അണകെട്ടി നിന്ന് ശേഷമുണ്ടായ തുടർ പൊട്ടലുകളിൽ ഇവയെല്ലാം ഒരുമിച്ച് ചേർന്ന് അണപൊട്ടി ഒഴുകിയതാണ് മഹാദുരന്തത്തിൽ കലാശിച്ചത്. ഉരുളിന് ഒഴുകാൻ വഴിയൊരുക്കിയ ചാലിയാറിന്റെ പോഷക നദിയായ പുന്നപ്പുഴ 20 മുതൽ 40 മീറ്റർ വരെ വീതിയിൽ നിന്ന് ഉരുൾപൊട്ടലോടെ 200 മുതൽ 300 മീറ്റർ വീതിയുള്ളതായി മാറി. 8 കിലോമീറ്ററോളം ഉരുൾപൊട്ടൽ ഒഴുകിയെത്തിയപ്പോൾ വർഷങ്ങളായി ജനങ്ങൾ വസിക്കുന്ന താരതമ്യേന ജനസാന്ദ്രതയേറിയ ചൂരൽമല പ്രദേശം വരെ സാരമായി ബാധിക്കപ്പെട്ടത് ദുരന്തത്തിൻറെ ആഘാതം ഗണ്യമായി വർധിപ്പിച്ചു. മേപ്പാടി പഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ പെടുന്ന പുഞ്ചിരിമറ്റം, മുണ്ടക്കൈ, ചൂരൽമല, അട്ടമല പ്രദേശങ്ങളെയാണ് ദുരന്തം നാമാവശേഷമാക്കിയത്. ചൂരൽമലയിൽ നിന്ന് മുണ്ടക്കൈ, അട്ടമല പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഏക പാലം ഒലിച്ചു പോയത് രക്ഷാപ്രവർത്തനങ്ങളെ ഉൾപ്പെടെ ദുഷ്കരമായി ബാധിച്ചു.

GO (P) No. 2/2024/DMD dated 9-8-2024 പ്രകാരം മേപ്പാടി പഞ്ചായത്തിലെ 10, 11, 12 വാർഡുകൾ ദുരന്ത ബാധിതമായി പ്രഖ്യാപിച്ചു (https://shorturl.at/O5FF9).

**രക്ഷാപ്രവർത്തനം**

ഉരുൾപൊട്ടൽ എന്ന സംശയിക്കുന്ന ശബ്ദം കേട്ട ഉടനെ തന്നെ നാട്ടുകാരുടേയും ദുരന്ത നിവാരണ അതോറിറ്റിയുടെ പരിശീലനം സിദ്ധിച്ച ആപ്ദ മിത്ര സിവിൽ ഡിഫൻസ് വളണ്ടിയർമാരുടേയും നേതൃത്വത്തിൽ ഉടനടി രക്ഷാപ്രവർത്തനവും ആളുകളെ ഒഴിപ്പിക്കാനും ആരംഭിക്കുകയും അധികൃതരെ വിവരമറിയിക്കുകയും ചെയ്തു. പുലർച്ചെ 2 മണിയോട് കൂടി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കൺട്രോൾ റൂമിലേക്ക് വിവരങ്ങളെത്തുകയും അതോടെ സംസ്ഥാന തലത്തിലെ ഉന്നത ഉദ്യോഗസ്ഥരിലേക്കും വിവരങ്ങൾ എത്തുകയും അവർ നേരിട്ട് കണ്ട്രോൾ റൂമിലെത്തി കാര്യങ്ങളെ ഉടനടി വിലയിരുത്തി രക്ഷാപ്രവർത്തനത്തിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. ഇതിനിടെ 1.45 നും 2.30 നും ഇടയിലായി തന്നെ പോലീസ്, അഗ്നിശമന രക്ഷാസേന, റെവന്യൂ ഉദ്യോഗസ്ഥർ തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ ദുരന്ത ബാധിത പ്രദേശത്തു എത്തിയിരുന്നു. പുലർച്ചെ 3 മണിയോട് കൂടി ജില്ലാ കളക്ടർ, ADM, ജില്ലാ ഹസാഡ് അനലിസ്റ്റ് എന്നിവരടങ്ങുന്ന സംഘവും സംഭവ സ്ഥലത്തെത്തി. പുലർച്ചെ 4 മണിയോട് കൂടി ഉരുൾപൊട്ടൽ സംബന്ധിച്ച വിവരം ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെയും ഉന്നത ഉദ്യോഗസ്ഥരെ തന്നെ അറിയിക്കുകയും കൂടുതൽ രക്ഷാസേനകളെ ആവശ്യപ്പെടുകയും ചെയ്തു. ദുരന്ത ബാധിത പ്രദേശത്തിന്റെ

ലൊക്കേഷൻ ഉൾപ്പെടെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കൈമാറി. വയനാട് ജില്ലയിൽ മുൻകൂറായി വിന്യസിച്ചിരുന്ന ദേശീയ ദുരന്ത നിവാരണ സേന 4.30 നോട് കൂടി രക്ഷാപ്രവർത്തനം ആരംഭിച്ചു. ആർമിയുടെയും വ്യോമസേനയുടെയും സഹായം അപ്പോഴേക്കും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. അതിരാവിലെ തന്നെ മുഖ്യമന്ത്രിയും റവന്യൂ വകുപ്പ് മന്ത്രിയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കണ്ട്രോൾ റൂമായ സ്റ്റേറ്റ് എമെർജൻസി ഓപ്പറേഷൻസ് സെന്ററിൽ നേരിട്ടെത്തി സ്ഥിതിഗതികൾ വിലയിരുത്തി. സംസ്ഥാനത്തെ മുതിർന്ന ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് രക്ഷാപ്രവർത്തനത്തിനായി ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പരിശോധിച്ച് ആവശ്യമായ മാർഗ നിർദേശങ്ങൾ നൽകി. ആർമിയുടെ എഞ്ചിനിയറിങ് ടാസ്ക് ഫോഴ്സ്, വിവിധ സ്കോഡുകൾ ഡോഗ് സ്കോഡുകൾ, നേവിയുടെ റിവർ ക്രോസിംഗ് ടീം എന്നിവരെ കൂടി അടിയന്തരമായി ആവശ്യപ്പെട്ടു.

നാല് മന്ത്രിമാരടങ്ങുന്ന മന്ത്രിസഭ ഉപസമിതി ദുരന്തം നടന്ന ദിവസം മുതൽ ജില്ലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഒരു മന്ത്രി മുഴുവൻ സമയവും പുനരധിവാസ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചു. ഉരുൾ പൊട്ടൽ സംഭവിച്ച ഉടൻ തന്നെ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും എം.എൽ.എ ഉൾപ്പെടെയുള്ള ജന പ്രതിനിധികളുടെയും സഹകരണത്തോടെ ദുരന്ത ഭൂമിയിൽ ദുരിതാശ്വാസ രക്ഷാ പ്രവർത്തനങ്ങൾ തുടങ്ങുകയും 630 പരുക്കേറ്റ ആളുകളെ ആശുപത്രികളിലേയ്ക്ക് മാറ്റുകയും 1300ൽ പരം ആളുകളെ രക്ഷപെടുത്തുകയും ചെയ്തു. ദുരിതബാധിതരെ പാർപ്പിക്കുന്നതിന് വൈത്തിരി താലൂക്കിലെ വിവിധ സ്കൂളുകളിലും സ്ഥലങ്ങളിലുമായി ക്യാമ്പുകൾ ആരംഭിച്ചു.ആകെ 2500 ൽ പരം ആളുകളെ ദുരന്ത ബാധിത പ്രദേശത്ത് നിന്നും മാറ്റി പാർപ്പിച്ചു.

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ലാന്റ് റവന്യു കമ്മീഷണർ, ദുരന്ത നിവാരണ അതോറിറ്റി സ്റ്റേറ്റ് പ്രോജക്റ്റ് ഓഫീസർ ഉൾപ്പടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ജില്ലയിൽ ക്യാമ്പ് ചെയ്യുകയും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഏകോപനം, അടിസ്ഥാന വിവരശേഖരണം, വിശകലനം, അപഗ്രഥനം, റിപ്പോർട്ടിംങ് എന്നീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ജില്ലാതലത്തിലും താലൂക്ക് തലത്തിലും കൺട്രോൾ റൂമുകൾ കൂടുതൽ



കാര്യക്ഷമമാക്കി. ദുരന്ത മേഖലയിൽ റവന്യൂ, പോലീസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളുടെ കൺട്രോൾ റൂം സജ്ജമാക്കി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ചൂരൽമലയിൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് തുറന്നു. ദുരന്ത ബാധിതർക്കായി കളക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കുകയും ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തുകയും ചെയ്തു.

മാറ്റി പാർപ്പിക്കാനുദ്ദേശിച്ച ആളുകൾക്കായി 17 ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുകയും ക്യാമ്പുകളിൽ താമസിപ്പിച്ചിട്ടുള്ള കുടുംബങ്ങളുടെയും വ്യക്തികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുകയും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാധന സാമഗ്രികൾ സജ്ജീകരിക്കുകയും ചെയ്തു. ദുരന്തമുണ്ടായതും രക്ഷാ പ്രവർത്തനം നടന്നതുമായ സ്ഥലങ്ങളിൽ ശുചിത്യമിഷന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. 102 ഹരിത സേന അംഗങ്ങളും 70 ഓളം സന്നദ്ധസേന അംഗങ്ങളും ഈ പ്രവർത്തനങ്ങളിൽ സഹകരിച്ചു.

കണ്ടെത്തിയ മൃതദേഹങ്ങളിൽ തിരിച്ചറിഞ്ഞ എല്ലാ മൃതദേഹങ്ങളും ബന്ധുകൾക്ക് കൈമാറുകയും തിരിച്ചറിയാത്ത മൃതദേഹങ്ങളും ശരീര ഭാഗങ്ങളും പ്രത്യേക സ്ഥലം ഏറ്റെടുത്ത് സംസ്കരിക്കുകയും ചെയ്തു. ദുരന്തത്തിൽ മരണപ്പെട്ടവരുടെ മരണ രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനും ദുരന്ത ബാധിതർക്ക് നഷ്ടപ്പെട്ട രേഖകൾ. സർട്ടിഫിക്കറ്റുകൾ എന്നിവ ലഭ്യമാക്കുന്നതിനും വേണ്ട നപടികൾ സ്വീകരിച്ചു.

ദുരന്തം സംഭവിച്ച് ആദ്യ 48 മണിക്കൂറിനകം തന്നെ രാജ്യത്ത് ലഭ്യമായ എല്ലാ സംവിധാനങ്ങളെയും രക്ഷാപ്രവർത്തനത്തിനായി എത്തിക്കാൻ സാധിച്ചു. പ്രാദേശികമായും സമീപ ജില്ലകളിൽ നിന്നും ആവശ്യമായ യന്ത്ര സാമഗ്രികൾ, വാഹനങ്ങൾ, ആരോഗ്യ സംവിധാനങ്ങൾ, ഉദ്യോഗസ്ഥർ, രക്ഷാപ്രവർത്തകർ തുടങ്ങിയവ ഉടനടി സംഘടിപ്പിക്കാനും വയനാട്ടിലേക്ക് എത്തിക്കാനും യാതൊരു കാലതാമസവും കൂടാതെ സാധിച്ചത് രക്ഷാപ്രവർത്തനത്തിൽ മുതൽക്കൂട്ടായി.

രക്ഷാപ്രവർത്തനത്തിന് കേന്ദ്ര - സംസ്ഥാന സേന വിഭാഗത്തിലെ 1800 ലധികം പേർ ദുരന്ത ബാധിത പ്രദേശത്തെത്തി. ദേശീയ ദുരന്ത നിവാരണ സേന 126, ഡിഫൻസ് സെക്യൂരിറ്റി കോപ്സ് 187, ആർമി 582, എഞ്ചിനിയറിങ് ടാസ്ക് ഫോഴ്സ് 154, വ്യോമസേനയുടെ 2 മുഴുവൻ സമയ ഹെലികോപ്ടറും കൂടാതെ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി പറന്ന എയർക്രാഫ്റ്റുകളും, ആർമിയുടെ Zaver & Recco റഡാറുകൾ, നേവി 137, കോസ്റ്റ്ഗാർഡ് 2 ടീം, ആർമിയുടെ കഡാവർ ഡോഗ്സ് 5 എണ്ണം തുടങ്ങിയ കേന്ദ്ര സേനകളും അഗ്നിശമന രക്ഷാസേന 360, പോലീസ് 1286, ഫോറസ്റ്റ് ഉദ്യോഗസ്ഥർ, തമിഴ് നാട് ഫയർ ഫോഴ്സ്, കേരള പോലീസ് ഡോഗ് സ്ക്വാഡ്, സിവിൽ ഡിഫൻസ് 200, ആപ്ദ മിത്ര 100 തുടങ്ങിയ സംസ്ഥാന സേനാംഗങ്ങളും മെഡിക്കൽ ടീമും പ്രദേശവാസികളും ഇതിലെല്ലാമുപരി നല്ലവരായ അനേകം മനുഷ്യസ്നേഹികളായ സന്നദ്ധ പ്രവർത്തകരും ദുരന്തത്തിൻറെ ആദ്യ 48 മണിക്കൂറിൽ തന്നെ രക്ഷാപ്രവർത്തനത്തിനായി എത്തുകയും ദുർഘടമായ സാഹചര്യത്തിലും മാതൃകാപരമായ രക്ഷാപ്രവർത്തനം കാഴ്ചവെക്കുകയും ചെയ്തു. പരിക്കേറ്റ 630 പേരെ ഉടനടി ആശുപത്രിയിലേക്ക് മാറ്റാനായി. ശേഷിക്കുന്ന കാണാതായവർക്കുള്ള തിരച്ചിലും സജീവമായി തുടർന്നു. ഇതിനിടയിൽ തന്നെ വിവിധയിടങ്ങളിൽ ക്യാമ്പുകൾ ആരംഭിച്ചും ബന്ധുവീടുകളിലേക്കും എല്ലാമായി 1300 ൽ പരം ആളുകളെ ദുരന്ത ബാധിത പ്രദേശത്ത് നിന്ന് അടിയന്തരമായി മാറ്റി താമസിപ്പിക്കുകയും ചെയ്തു. രക്ഷാ പ്രവർത്തനത്തിന് ഊരാളുങ്കൽ സൊസൈറ്റിയുടെ യന്ത്ര സാമഗ്രികളും ഹെവി വാഹനങ്ങളും മറ്റു സന്നദ്ധ സംഘടനകളുടെയും നാട്ടുകാരുടെയും ജെസിബി, ഹിറ്റാച്ചി എന്നിവയുൾപ്പടെയുള്ള എല്ലാ തരത്തിലുള്ള രക്ഷാ പ്രവർത്തന ഉപകരണങ്ങളും ദുരന്ത പ്രദേശത്ത് ഉപയോഗിച്ചു.



| സേനാ വിന്യാസം | | | |
|---|---|---|---|
| **സേന** | **എണ്ണം** | **സേന** | **എണ്ണം** |
| Fire & Rescue | 200 | Madras Engineering Group (Army) | 1 കോളം |
| Civil Defence/Aapda Mitra | 300 | Air Force | 2 ഹെലികോപ്പറ്റർ, 2 വിമാനങ്ങൾ |
| Police | 300 | NDRF | 4 ടീം |
| Defence Security Corps | 2 | Army Zaver 7 Recco Radars | 5 radars |
| Army Cadaver Dogs & Kerala Police Cadaver Dogs | 10 | Navy | 1 team |
| Army | 582 | Coast Guard | 2 units |

ഫയർ & റെസ്ക്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രദേശത്ത് ഉടൻ താൽക്കാലിക പാലം നിർമ്മിക്കുകയും സൈന്യത്തിന്റെ നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ ബെയ്‌ലി പാലം നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തു. ആയത് രക്ഷാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. ദുരന്ത ബാധിത പ്രദേശവാസികളെ ഉൾപ്പെടുത്തി കൊണ്ട് തുടർന്നുള്ള ദിവസങ്ങളിൽ ജനകീയ തെരച്ചിൽ ആരംഭിച്ചു. തിരച്ചിലിൽ വിവിധ മേഖലയിൽപ്പെട്ട 2000 ൽ അധികം പേർ പങ്കെടുത്തു.

**നാശനഷ്ടങ്ങൾ**

| നാശനഷ്ടം | നാശനഷ്ടം |
|---|---|
| മരണം: 266 | നഷ്ട്ടപ്പെട്ട കന്ന് കാലികൾ: 226 |
| കാണാതായവർ: 32 | നാശനഷ്ടം ഉണ്ടായ കൃഷി സ്ഥലം: 626 ha |
| കമ്പുകൾ: 17 | നഷ്ട്ടപ്പെട്ട ആടുകൾ: 165 |
| ക്യാമ്പ്കളിൽ എത്തിയവർ: 4102 | നഷ്ട്ടപ്പെട്ട കോഴി: 1032 |
| പരിക്കേറ്റവർ: 630 | തകർന്ന റോഡ് (പഞ്ചായത്ത്): 1.5 km |
| തകർന്ന പാലങ്ങൾ: 3 | തകർന്ന സ്കൂൾ: 7 (1 school totally damaged) |
| തകർച്ച നേരിട്ട സാമൂഹിക കെട്ടിടങ്ങൾ: 136 | തകർന്ന വീടുകൾ: 1555 (non-liveable) |
| തകർന്ന കടകൾ: 209 | തകർന്ന വൈദ്യുതി കമ്പി: 124 km (LT) |
| തകർന്ന മറ്റ് കെട്ടിടങ്ങൾ: 100 | തകർന്ന ട്രാൻസ്ഫോർമർ: 2 |

**അടിയന്തിര നടപടികൾ**

17 കുടുംബങ്ങളിലെ മുഴുവൻ ആളുകളും (58 പേർ) മരണപ്പെട്ടു. 21 ആളുകൾ അനാഥരായി. ഇതിൽ 6 കുട്ടികളും ഉൾപ്പെടുന്നു. മൃതദേഹങ്ങൾ തിരിച്ചറിയാൻ DNA പരിശോധന നടത്തി. തിരിച്ചറിയാൻ സാധിക്കാത്ത 53 മൃതദേഹങ്ങളും 212 ശരീരഭാഗങ്ങളും മന്ത്രിമാർ, ജില്ലാകളക്ടർ, രാഷ്ട്രീയപ്രവർത്തകർ, വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖർ എന്നിവരുടെ സാന്നിധ്യത്തിൽ സർവ്വമത പ്രാർത്ഥനകളോടെയും ഔപചാരിക ബഹുമതികളോടെയും പുത്തുമല പ്രദേശത്ത് പൊതു ശ്മശാനം ഒരുക്കി സംസ്കരിച്ചു. തിരിച്ചറിയാൻ സാധിക്കാത്തവ തിരിച്ചറിയുന്നതിന് 430 ഡി.എൻ.എ സാമ്പിളുകൾ ശേഖരിച്ചു.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മാനസികാരോഗ്യ വിദഗ്ദ്ധരുടെയും സാമൂഹിക മാനസീകാരോഗ്യ കൌൺസിലർമാരുടെയും നേതൃത്വത്തിൽ 3033 പേർക്ക് കൌൺസിലിങ് അടക്കമുള്ള സേവനങ്ങൾ നൽകി.

പ്രദേശത്തെ പ്രാഥമിക നാശ നഷ്ടങ്ങൾ കണക്കാക്കുന്നതിന് റാപിഡ് വിഷ്വലൈസേഷൻ ടീമിനെ (RVS) നിയോഗിച്ചു. ആയതിൽ 1685 കെട്ടിടങ്ങൾ (വീട്, വ്യാപാര സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, ഡിസ്പെൻസറി, വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള ഏതാനും സർക്കാർ കെട്ടിടങ്ങൾ) കൂടാതെ റോഡുകൾ, പാലങ്ങൾ, വൈദ്യുത ട്രാൻസ്ഫോർമറുകളും അനുബന്ധ സാമഗ്രികളും, 110 ഹെക്ടറിൽ പരം കൃഷി ഭൂമിയ്ക്കും നാശ നഷ്ടം സംഭവിച്ചതായി കണക്കാക്കി. 145 വീടുകൾ പൂർണ്ണമായും തകരുകയും, 170 ഭാഗീകമായി തകരുകയും, 240 വീടുകൾ വാസയോഗ്യം അല്ലാതാകുകയും, 183 വീടുകൾ ഒഴുകിപോകുകയും ചെയ്തു.

ഉരുൾ പൊട്ടലിൽ 171 വളർത്തുമൃഗങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും നിരവധി മൃഗങ്ങൾക്ക് അവശിഷ്ടങ്ങൾക്കിടയിൽപ്പെട്ട് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ദുരന്ത ബാധിത മേഖലയിൽ സ്ഥിതി ചെയ്തിരുന്ന ജി.വി.എച്ച്.എസ്.എസ് വെള്ളാർമല, ജി.എൽ.പി.എസ് മുണ്ടക്കൈ എന്നീ സ്കൂളുകൾ ഉരുൾപൊട്ടലിൽ പൂർണ്ണമായും






തകർന്നു. വെള്ളരിമല വില്ലേജ് ഓഫീസ്, ചൂരൽമല പാലം, പുഞ്ചിരിമട്ടം പാലം തുടങ്ങിയവയും പൂർണ്ണമായി നശിച്ചു.

ഉരുൾപൊട്ടലിൽ 12 നിർമാണ യൂണിറ്റുകൾ, 25 സേവന അധിഷ്ഠിത യൂണിറ്റുകൾ, 45 വ്യപാര സ്ഥാപനങ്ങൾ ഉൾപ്പടെ 84 MSME യൂണിറ്റുകളെ ബാധിച്ചു. ബാധിക്കപ്പെട്ട യൂണിറ്റുകളിലെ സ്റ്റോക്കുകളും യന്ത്ര സാമഗ്രികളും പൂർണ്ണമായും നഷ്ടമായി. ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങൾക്ക് നാശ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചെലവ് ഒഴികെ 36.12 കോടി രൂപയുടെ നാശനഷ്ടവും തൊഴിൽ നഷ്ടവും സ്ഥിരം തൊഴിൽ അവസരങ്ങളും നഷ്ടമായത് വഴി 17.38 കോടിയുടെ വേതന നഷ്ടവും ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ദുരന്ത ബാധിത പ്രദേശം വയനാട് ജില്ലയിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രമായിരുന്നു. തേയില, കാപ്പി, കുരുമുളക്, ഏലം തോട്ടങ്ങളിലെ തൊഴിലവസരങ്ങളും ആളുകൾക്ക് നഷ്ടമായി.

പുഞ്ചിരിമട്ടത്ത് വെള്ളൊലിപ്പാറ ഭാഗത്ത് റി. സർവ്വെ നമ്പർ 260 ൽ വരുന്ന നിക്ഷിപ്ത വനം ഐറ്റം നമ്പർ 22ൽ വരുന്ന ഉൾവനത്തിലാണ് ഉരുൾപൊട്ടലിന്റെ ആരംഭം. ഈ ഭാഗത്ത് 19 ഹെക്ടറോളം വനം ഒലിച്ചു പോയി. ഉരുൾപൊട്ടലിന്റെ മാർഗ്ഗത്തിൽ ഉണ്ടായിരുന്ന മുണ്ടക്കൈ ഭാഗത്തെ വെള്ളരിമല വില്ലേജിലെ റീ. സ. 309ൽ വരുന്ന നിക്ഷിപ്ത വനം 5.16 ഹെക്ടർ പൂർണ്ണമായി തന്നെ ഒലിച്ചു പോയി. പുന്നപ്പുഴയുടെ ഇരു വശങ്ങളിലും ഉരുൾപൊട്ടലിന്റെ ഭാഗമായി ധാരാളം പാറക്കൂട്ടങ്ങളും മണ്ണും അടിഞ്ഞു കൂടിയിട്ടുണ്ട്.

**പുനരധിവാസ പ്രവർത്തനങ്ങൾ**

വയനാട് ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുട്ടികളുടെ മാനസിക സംഘർഷം കുറയ്ക്കാൻ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ 'കുട്ടിയിടം' എന്ന പേരിൽ പ്രത്യേക പദ്ധതി നടത്തി. ദുരന്താനുഭവത്തിൽ നിന്ന് കുട്ടികളെ മാനസികമായി മോചിപ്പിക്കുക, ഒറ്റപ്പെടൽ ഒഴിവാക്കുക, സൃഷ്ടിപരമായ പ്രവർത്തനങ്ങളിലൂടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക എന്നിവ ആയിരുന്നു ലക്ഷ്യങ്ങൾ.







കളറിങ്, ചിത്രരചന, മാജിക് ഷോ, നാടൻ പാട്ടുകൾ, യൂണിസെഫിന്റെ സഹകരണത്തോടെ ആർട്ട് തെറാപ്പി എന്നിവ നടത്തി. സെന്റ് ജോസഫ്സ് യുപി സ്കൂൾ, കാപ്പംകൊല്ലി ആരോമ ഇൻ, കല്പറ്റ ഡീപോൾ തുടങ്ങിയ ക്യാമ്പുകളിലെ കുട്ടികൾ ആണ് കുട്ടിയിടത്തിൽ പങ്കെടുത്തത്. പൊതുജനങ്ങളും സന്നദ്ധ പ്രവർത്തകരും കളിപ്പാട്ടങ്ങൾ, ബുക്കുകൾ എന്നിവ സംഭാവന ചെയ്തു.





ദുരന്ത ബാധിതരായ 794 കുടുംബങ്ങളെ വിവിധ തദ്ദേശ സ്വയംഭരണ പരിധിയിൽ വാടകയ്ക്ക് താമസിക്കാൻ അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തുകയും മുഴുവൻ കുടുംബങ്ങളെയും 28 ദിവസത്തിനകം പുനരധിവസിപ്പിക്കുയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും പുനരധിവസിപ്പിക്കുന്ന ആളുകൾക്ക് അത്യാവശ്യമായ ഭക്ഷണ സാധനങ്ങളും മറ്റുമടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. വീടുകൾക്ക് ആവശ്യമായ ഫർണിച്ചറുകളും മറ്റുപകരണങ്ങളും വിതരണം ചെയ്തു. ഉരുൾ പൊട്ടലിൽ തകർന്ന മുണ്ടക്കൈ സർക്കാർ എൽ പി സ്കൂളും വെള്ളാർമല, സർക്കാർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കുളും മേപ്പാടിയിൽ താൽക്കാലികമായി തുറന്നു. ദുരന്ത മേഖലകളിലെ 607 വിദ്യാർത്ഥികളുടെ പഠനം പുനരാരംഭിക്കുകയും സൗജന്യ യാത്ര സൗകര്യവും, പഠന സാമഗ്രികളുടെ ലഭ്യതയും ഉറപ്പു വരുത്തി. അമ്പതാംദിവസം തേയിലത്തോട്ടങ്ങളിൽ ജോലി പുനരാരംഭിച്ചു.

ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതരായ 131 കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വീതം നൽകി. SDRF ൽ നിന്ന് 4 ലക്ഷവും CMDRF ൽ നിന്ന് 2 ലക്ഷവും വീതമാണ് നൽകിയത്. ഈയിനത്തിൽ SDRF ൽ നിന്ന് 5,24,00,000 രൂപയും CMDRF ൽ നിന്ന് 2,62,00,000 രൂപയും ചെലവാക്കി.




173 പേരുടെ സംസ്കാര ചടങ്ങുകൾക്കായി കുടുംബങ്ങൾക്ക് 10,000 രൂപ വീതം നൽകി. ദുരന്തത്തിൽ ഗുരുതരമായി പരിക്കേറ്റ് ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിവാസം ആവശ്യമായി വന്ന 26 പേർക്ക് 17,16,000




രൂപ സഹായമായി നൽകി. ഇതിൽ 4,16,000 രൂപ SDRF ൽ നിന്നും 13 ലക്ഷം രൂപ CMDRF ൽ നിന്നുമാണ് അനുവദിച്ചത്.

ദുരന്തത്തിൽ ഒരാഴ്ചയിൽ താഴെ മാത്രം ആ ശുപത്രി വാസം ആവശ്യമായ രീതിയിൽ പരിക്കേറ്റ 8 പേർക്കായി SDRF ൽ നിന്ന് 43,200 രൂപയും CMDRF ൽ നിന്ന് 4 ലക്ഷം രൂപയും അനുവദിച്ചു. ആകെ 4,43,200 രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്. ദുരന്ത ബാധിതരായ 1013 കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപ നൽകി. SDRF ൽ നിന്ന് 5000 രൂപയും CMDRF ൽ നിന്ന് 5000 രൂപയും വീതമാണ് നൽകിയത്. 1,01,30,000 രൂപ ഇതിനായി ചെലവഴിച്ചു.

ഉപജീവന സഹായമായി ദുരന്ത ബാധിത കുടുംബങ്ങളിലെ 1694 പേർക്ക് ദിവസം 300 രൂപ വീതം നൽകി. 30 ദിവസത്തേക്ക് 1,52,46,000 രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്.




കിടപ്പ് രോഗികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 33 ഗുണഭോക്താക്കൾക്കായി പ്രത്യേക ധനസഹായമായി 2.97 ലക്ഷം രൂപ നൽകി.

722 കുടുംബങ്ങൾക്ക് പ്രതിമാസ വാടക 6000 രൂപ വീതം നൽകി വരുന്നു. 649 കുടുംബങ്ങൾക്ക് ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള ബാക്ക് റ്റു ഹോം കിറ്റുകൾ നൽകി.

വയനാട് ഉരുൾപൊട്ടലിനെത്തുടർന്ന് ഇരു മാതാപിതാക്കളെയും നഷ്ടപ്പെട്ട 6 കുട്ടികൾക്ക് 10 ലക്ഷം രൂപ വീതവും, മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ നഷ്ടപ്പെട്ട 8 കുട്ടികൾക്ക് 5 ലക്ഷം രൂപ വീതവും നല്കി.

CSR വഴി ദുരന്ത ബാധിതർക്ക് വിവിധ സംരംഭങ്ങൾ, സ്കിൽ എന്നിവ നല്കി വരുന്നു. തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ സ്കിൽ ഫെസ്റ്റ്, ജോബ് ഫെയർ എന്നിവ സംഘടിപ്പിച്ചു. ദുരന്തബാധിതർ തയ്യാറാക്കി ബെയിലി ബാഗുകൾ, അമ്പ്രേല്ലകൾ എന്നിവ വിറ്റഴിച്ചു. ഒരു തൊഴിൽ സംരംഭം ആയി നടത്തി വരുന്നു.

## 1.71 മേപ്പാടി ഉരുൾപൊട്ടൽ - ദുരന്ത ബാധിതർക്ക് പലവ്യഞ്ജനങ്ങൾ വാങ്ങുവാൻ കൂപ്പൺ

10-12-2024ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപാധ്യക്ഷൻ ആയ ബഹു. റവന്യൂ വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ, മേപ്പാടി ഉരുൾപൊട്ടൽ ബാധിതരുടെ ദുരിതാശ്വാസം സംബന്ധിച്ച യോഗം നടത്തുകയും, പ്രസ്തുത യോഗത്തിൽ ക്രിസ്മസ്-പുതുവത്സരം പ്രമാണിച്ച് ദുരന്ത ബാധിതർ ആയ 1050 കുടുംബങ്ങൾക്ക് 2000 രൂപയുടെ പലവ്യഞ്ജനങ്ങൾ സപ്ലൈക്കൊ വഴി വാങ്ങുവാൻ കൂപ്പൺ വിതരണം ചെയ്യുവാൻ തീരുമാനിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭിച്ച സി.എസ്.ആർ ഫൺഡിൽ നിന്നാണ് കൂപ്പണുള്ള പണം നല്കുവാൻ തീരുമാനിച്ചത്. തുടർന്ന് GO (Ms) No. 3/2025/DMD dated 28-2-2025 പ്രകാരം സപ്ലൈക്കൊ വഴി മാസം 1000 രൂപയുടെ സാധനങ്ങൾ വാങ്ങുവാൻ കൂപ്പൺ വാടകയ്ക്ക് താമസിക്കുന്ന ദുരന്ത ബാധിത കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ലഭ്യമായ സി.എസ്.ആർ ഫണ്ടിൽ നിന്നും നല്കാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെംബർ സെക്രട്ടറിക്ക് അനുമതി നല്കി. ഓരോ കൂപ്പണും 2 മാസം വീതം കാലാവധി നല്കുവാനും തീരുമാനിച്ചു. സപ്ലൈകോ സ്റ്റോറുകളിൽ ഉപയോഗിക്കാവുന്ന ₹1000 മൂല്യമുള്ള കൂപ്പണുകൾ 858 ദുരന്തബാധിത കുടുംബങ്ങൾക്ക് 12 മാസത്തേക്ക് വിതരണം ചെയ്യുന്നു. ഈ പദ്ധതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സർക്കാർ ഇടപെടലിന്റെ ഭാഗമാണ്, ഭക്ഷണസുരക്ഷയും സാമ്പത്തിക ആശ്വാസവും ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു.







## 1.72 മേപ്പാടി ഉരുൾപൊട്ടൽ - പ്രധാനമന്ത്രിയുടെ സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദി 2024 ഓഗസ്റ്റ് 10-ന് വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. കണ്ണൂരിൽ വി മാനമിറങ്ങിയ ശേഷം ഹെലികോപ്റ്റർ വഴി മുണ്ടകൈ, ചൂരൽമല, പുഞ്ചിരിമട്ടം എന്നിവയിൽ ആകാശ നിരീക്ഷണം നടത്തി, തുടർന്ന് കൽപറ്റ വഴി റോഡ് മാർഗം ചൂരൽമലയിലെത്തിയതായിരുന്നു സന്ദർശനം.


സന്ദർശനത്തിന്റെ പ്രധാന ഘടകങ്ങൾ:



- വെള്ളാർമല സ്കൂളിലെ കുട്ടികളുമായി സംവദിച്ചു
- തകർന്ന വീടുകളും സ്കൂളുകളും നേരിട്ട് കണ്ടു
- Bailey പാലം സന്ദർശിച്ചു, രക്ഷാദൗത്യ ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തി
- ദുരന്തബാധിതരെ പാർപ്പിച്ച ക്യാമ്പുകളും ആശുപത്രികളും സന്ദർശിച്ചു
- കേന്ദ്ര സഹായം ലഭ്യമാക്കാൻ വിശദമായ മെമ്മോറാണ്ടം സമർപ്പിക്കാൻ നിർദ്ദേശം
- പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക തടസ്സം ഉണ്ടാകില്ലെന്ന് അദ്ദേഹം ഉറപ്പുനൽകുകയും ചെയ്തു.

## 1.73 മേപ്പാടി ഉരുൾപൊട്ടൽ - അടിയന്തിര സഹായ മെമ്മോറാണ്ടം

ബഹു. പ്രധാനമന്ത്രി നിർദേശിച്ചത് അനുസരിച്ച് ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ അടിയന്തിര സഹായ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് 17-8-2024ന് സമർപ്പിച്ചു. വിവിധ മേഖലകളിലായി 1200 കോടിയിലധികം രൂപയുടെ നഷ്ടം ക ണക്കാക്കിയ ദുരന്തത്തിൽ അധിക സഹായം അഭ്യർത്ഥിച്ചു കൊണ്ടുള്ള മെമ്മോറാണ്ടം കേന്ദ്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി തയ്യാറാക്കി സമർപ്പിച്ചു. യഥാർത്ഥ നഷ്ടം കൂടാതെ SDRF ൻറെ മാനദണ്ഡ പ്രകാരം സംസ്ഥാനം ചെലവ് പ്രതീക്ഷിക്കുന്ന തുകയായി 219 കോടി രൂപയും കണക്കാക്കി നൽകി കൊണ്ടാണ് മെമ്മോറാണ്ടം സമർപ്പിച്ചത്. കേന്ദ്ര സംഘം 9-10 ഓഗസ്റ്റ് 2024ന് മേപ്പാടി സന്ദർശിച്ച് ദുരന്ത ആഘാതം വിലയിരുത്തി [GO (Rt) No. 3553/2024/GAD dated 8-8-2024]. റിപോർട്ട്: https://shorturl.at/yJa1r.




കേന്ദ്ര സംഘം മെമ്മോറാണ്ടം സംബന്ധിച്ച് സമർപ്പിച്ച റിപോർട്ട് പരിഗണിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം Ltr. No. 33-07/2024-NDM-I dated 28-11-2024 പ്രകാരം 153.467 കോടി രൂപയുടെ ക്ലെയിം അംഗീകരിച്ചു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നീക്കിയിരുപ്പ് തുക

ലഭ്യമായതിനാൽ കേന്ദ്ര മാനദണ്ഡം അനുസരിച്ച് അധിക തുക കേരളത്തിന് ലഭ്യമായില്ല. Ltr. No. 13-06/2024-NDM-I dated 30-12-2024 പ്രകാരം കേന്ദ്ര അഭ്യന്തര മന്ത്രാലയം മേപ്പാടി ഉരുൾപൊട്ടൽ ഒരു അതിതീവ്ര ദുരന്തം ആണ് എന്ന് അംഗീകരിച്ചു.

2005ൽ പാർലമെന്റ് പാസാക്കിയ ദേശീയ ദുരന്ത നിവാരണ നിയമത്തിലെ സെക്ഷൻ 13 പ്രകാരം അതിതീവ്ര ദുരന്തം ബാധിച്ചതായി അംഗീകരിച്ച ഒരു സ്ഥലത്തെ ദുരന്തബാധിതരുടെ കടങ്ങൾ എഴുതി തള്ളണമെന്ന് ദേശസാത്കൃത ബാങ്കുകളോട് നിർദ്ദേശിക്കാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിക്ക് അധികാരമുണ്ട്. കേരള സർക്കാരിന്റെ ഭാഗമായ കേരള ബാങ്ക് ദുരന്തഭൂമിയിലെ മുഴുവൻ കടങ്ങളും എഴുതി തള്ളി മാതൃക കാണിച്ചുകൊണ്ടാണ് അതിതീവ്ര ദുരന്തം ബാധിച്ചതായി കേന്ദ്ര സർക്കാർ അംഗീകരിച്ച മേപ്പാടി പഞ്ചായത്തിലെ 10, 11, 12 വാർഡുകളിലെ ദുരന്ത ബാധിതരുടെ കടങ്ങൾ എഴുതി തള്ളണമെന്ന് ദേശസാത്കൃത ബാങ്കുകളോട് നിർദ്ദേശിക്കാൻ കേന്ദ്രത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ കേരളം അപേക്ഷിച്ചത്.

### 1.74 മേപ്പാടി ഉരുൾപൊട്ടൽ - ഔദ്യോഗിക പഠനങ്ങൾ

- മേപ്പാടി ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചുവടെ ചേർക്കുന്ന പഠനങ്ങൾ നടത്തി റിപോർട്ട് സർക്കാരിന് സമർപ്പിച്ചു.
- IISER Mohali, University of Kerala, Kerala University of Fisheries and Ocean Studies, IIT Roorkee, University of Mississippi, British Geological Survey of India, University of Hyderabad, Geological Survey of India, Kerala State Disaster Management Authority എന്നിവർ ഒരുമിച്ച് അന്താരാഷ്ട്ര ജേർണൽ ആയ Landslidesൽ മേപ്പാടി ഉരുൾപൊട്ടലിന്റെ വിശദമായ സാങ്കേതിക വിശകലനം നടത്തി Chronicle of destruction: the Wayanad landslide of July 30, 2024 എന്ന പേരിൽ പ്രസിദ്ധീകരിച്ചു (https://link.springer.com/article/10.1007/s10346-025-02494-y)
- GO (Rt) No. 579/2024/DMD dated 6-8-2024 പ്രകാരം കെട്ടിടങ്ങളുടെ നാശനഷ്ടം അതിവേഗം നിർണ്ണയിച്ച് റിപോർട്ട് സമർപ്പിക്കാൻ 10, 11, 12 വാർഡുകളിൽ കമ്മിറ്റികളെ ചുമതലപ്പെടുത്തി. പ്രസ്തുത അടിയന്തിര റിപോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു.
- GO (Rt) No. 590/2024/DMD dated 9-8-2024 & Proceedings No. MTO I/1550/2024/Admin dated 11-8-2024 of Member Secretary, KSDMA: നോ-ഗോ സോൺ നിർണ്ണയിച്ച് ശുപാർശ നല്കി.

സർക്കാർ പ്രസ്തുത ശുപാർശ GO (Ms) No. 11/2024/DMD dated 4-10-2024 പ്രകാരം അംഗീകരിച്ചു.

- GO (Rt) No. 590/2024/DMD dated 9-8-2024 & Proceedings No. MTO I/1550/2024/Admin dated 11-8-2024 of Member Secretary, KSDMA: പുനരധിവാസ യോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി ശുപാർശ സമർപ്പിച്ചു. സർക്കാർ പ്രസ്തുത ശുപാർശ GO (Ms) No. 11/2024/DMD dated 4-10-2024 പ്രകാരം അംഗീകരിച്ചു.
- പുന്നപ്പുഴയുടെ പുനരുജ്ജീവനത്തിനായി വിശദമായ പരിശോധന നടത്തി റിപോർട്ട് സമർപ്പിക്കാൻ സാങ്കേതിക സമിതിയെ GO (Rt) No. 636/2024/DMD dated 21-8-2024. സമിതി വിശദമായ റിപോർട്ട് 27-11-2024ന് സമർപ്പിച്ചു.


## 1.75 മേപ്പാടി ഉരുൾപൊട്ടൽ - WP (C) No. 28509 of 2024 ബഹു. കേരള ഹൈക്കോടതി കേസ്

മേപ്പാടി ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ബഹു. കേരള ഹൈക്കോടതി Suo Motu ആയി Prevention and Management of Natural Disasters in Kerala എന്ന പേരിൽ ഒരു കേസ് റജിസ്റ്റർ ചെയ്തു. പ്രസ്തുത കേസിൽ അഡ്വ. രഞ്ജിത് തമ്പാനെ അമിക്കസ് ക്യൂറി ആയി നിയോഗിച്ചു. 9-8-2024ലെ കോടതി ഉത്തരവ് പ്രകാരം ദുരന്ത നിവാരണ അതോറിറ്റി മെംബർ സെക്രട്ടറി ഹാജരാകുവാൻ കോടതി നിർദേശിച്ചു. Ltr. No. DMA2/224/2024-DMD dated 22-8-2024 പ്രകാരം സർക്കാരിന് വേണ്ടി സ്റ്റേറ്റ്മെൻറ് ഓഫ് ഫക്ട്സ് ഒപ്പിടുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെംബർ സെക്രട്ടറിയെ ചുമതലപ്പെടുത്തി. കേസിന്റെ ഭാഗമായി അനധികൃതമായി ഘനനം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും, GO (Rt) No. 1880/2024/LSGD dated 9-10-2024 പ്രകാരം സംസ്ഥാന, ജില്ലാ, റവന്യൂ ഡിവിഷൻ തല സമിതികളെ രൂപീകരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു.

## 1.76 മേപ്പാടി ഉരുൾപൊട്ടൽ - ചൂരൽമല-മുണ്ടക്കൈ നോ-ഗോ സോൺ





GO (Rt) No. 590/2024/DMD dated 9-8-2024 പ്രകാരം ഉരുൾപൊട്ടൽ ബാധിച്ച സ്ഥലങ്ങളുടെ ഭൂവിനിയോഗം സംബന്ധിച്ച് സൂക്ഷ്മ പരി ശോധന നടത്തി ശുപാർശകൾ സമർപ്പിക്കുവാൻ ഒരു സമിതിയെ നിയോഗിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തി. ഈ പരിശോധനയ്ക്കായി MTO I/1550/2024/Admin dated 11-8-2024




പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഭൌമ ശാസ്ത്രജ്ഞൻ ശ്രീ. ജോൺ മത്തായി നയിക്കുന്ന ഒരു സമിതിയെ നിയോഗിച്ചു. പ്രസ്തുത സമിതി ഈ മേഖല വിശദമായി പരിശോധിച്ച് ഉരുൾപൊട്ടൽ ബാധിച്ച പ്രദേശവും, അതിന് ചുറ്റും ദുരന്ത സാധ്യത വർദ്ധിച്ചിട്ടുള്ളതുമായ പ്രദേശവും അടയാളപ്പെടുത്തി, നോ-ഗോ സോൺ ആയി നിർണ്ണയിച്ച് ശുപാർശ നല്കി. മേൽ പ്രദേശത്ത് ജനവാസം അനുവദിക്കാൻ പാടില്ല എന്ന തീരുമാനം കൈക്കൊള്ളുവാൻ സർക്കാരിന് ശുപാർശ നല്കി. സർക്കാർ പ്രസ്തുത ശുപാർശ GO (Ms) No. 11/2024/DMD dated 4-10-2024 പ്രകാരം അംഗീകരിച്ചു.

## 1.77 മേപ്പാടി ഉരുൾപൊട്ടൽ - പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസ്സസ്മെന്റ്

കേന്ദ്ര ആഭ്യന്തര മന്ത്രാലയം Ltr. No. 33-7/2021-NDM.I dated 14-8-2024 പ്രകാരം പുനർനിർമ്മാണ, പുനരധിവാസ പ്രവർത്തനങ്ങൾക്ക് ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുവാനുള്ള മർഗ്ഗരേഖ പുറത്തിറക്കി. പ്രസ്തുത മർഗ്ഗ രേഖയെ അടിസ്ഥാനപ്പെടുത്തി ദുരന്താനന്തര പുനർനിർമ്മാണ, പുനരധിവാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായം ലഭ്യമാക്കു വാൻ ദുരന്താനന്തര ആവശ്യങ്ങൾ വിലയിരുത്തൽ (Post-Disaster Needs Assessment – PDNA) റിപ്പോർട്ട് അതാത് സംസ്ഥാനങ്ങൾ സമർപ്പിക്കണം. അന്താരാഷ്ട്ര തലത്തിൽ ദുരന്താനന്തര ആവശ്യങ്ങൾ വിലയിരുത്തൽ നടത്തുന്നതിനായി ഒരു നിർദിഷ്ട ചട്ടക്കൂട് നിലവിലുണ്ട്. 2018ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിൽ ആദ്യമായി Post-Disaster Needs Assessment നടത്തി അന്തർദേശീയ തലത്തിൽ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചത് കേരളം ആണ്.



Note: The Socio-Environmental Loss Framework for PDNA is developed based on the learnings of intangible assets loss from Meppadi Landslide in Wayanad, Kerala, 2024 [Source: KSDMA]

GO (Rt) No. 625/2024/DMD dated 23-8-2024 പ്രകാരം PDNA തയ്യാറാക്കുവാൻ ഡോ. ശേഖർ എൽ. കുര്യാക്കോസും (Member Secretary, KSDMA), പ്രൊഫ. അർ.

പ്രദീപ് കുമാറും (Director, Central Building Research Institute) നേതൃത്വം നല്കുന്ന സാങ്കേതിക സമിതിയെ നിയോഗിച്ചു. മേപ്പാടി ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ദുരന്താനന്തര ആവശ്യകതാ വിലയിരുത്തൽ (Post-Disaster Needs Assessment – PDNA) 2024 ഓഗസ്റ്റ് 26 മുതൽ വയനാട്ടിൽ ആരംഭിച്ചു. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയായ NDMAയുടെ സാങ്കേതിക പിന്തുണയോടെ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) നേതൃത്വം നൽകുന്ന ഈ പ്രവർത്തനം, പുനരധിവാസം, പുനർനിർമ്മാണം, സാമ്പത്തിക-സാമൂഹിക പുനസ്ഥാപനം എന്നിവയ്ക്കുള്ള ആവശ്യങ്ങൾ കൃത്യമായി തിരിച്ചറിയുന്നതിനും Sendai Framework അടിസ്ഥാനമാക്കി ദീർഘകാല പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടു. 'Build Back Better' എന്ന ആശയം പ്രാവർത്തികമാക്കുന്നതിനുള്ള ഈ ശ്രമത്തിൽ കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥരും വിദഗ്ദ്ധരും തദ്ദേശീയ പ്രതിനിധികളും ഉൾപ്പെടുന്ന മൾട്ടി-സെക്ടറൽ ടീം സ്ഥലപരിശോധന, മേഖലാപരമായ വിലയിരുത്തൽ, സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ എന്നിവയിലൂടെ ഡാറ്റ ശേഖരിക്കുകയും, പുനസ്ഥാപന പദ്ധതികൾ, ധനസഹായ ആവശ്യങ്ങൾ, സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങൾ എന്നിവ ഉൾപ്പെടുന്ന അന്തിമ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യും. ഐക്യരാഷ്ട്ര സംഘടനകൾ, വേൾഡ് ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) തുടങ്ങിയ അന്താരാഷ്ട്ര പങ്കാളിത്തം സാധ്യതയുള്ള ഈ പ്രവർത്തനം, പ്രതിരോധശേഷിയുള്ള ദീർഘകാല പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള മാതൃകയായി പ്രവർത്തിക്കുകയും, നയ സംയോജനം, ധനസഹായ സമാഹരണം എന്നിവയ്ക്ക് സഹായകരമാകുകയും ചെയ്യും. സമൂഹതലത്തിൽ നിന്നുള്ള അഭിപ്രായങ്ങൾ ഉൾപ്പെടുത്താൻ പ്രത്യേക ശ്രദ്ധ നൽകി. രാജ്യത്ത് ആദ്യമായി പി.ഡി.എൻ.എയിൽ അമൂല്യ നഷ്ടങ്ങൾ (ഉദാഹരണങ്ങൾ: സാമൂഹിക ബന്ധങ്ങൾ നഷ്ടപ്പെടുന്നത്, മാനസിക ആഘാതം, സംസ്കാരപരമായ നഷ്ടങ്ങൾ, ഓർമ്മകളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ നഷ്ടം, പ്രജനന ശേഷിയുടെ കുറവ്) സംബന്ധിച്ച അവലോകനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

Ltr. No. DMA2/249/2024-DMD dated 13-11-2024 പ്രകാരം സംസ്ഥാനം പി.ഡി.എൻ.എ സമർപ്പിച്ചു. Rs. 2221.03 കോടി രൂപ പുനർനിർമ്മാണ സഹായം ആണ് വേണ്ടത് എന്ന് അവലോകനം ചെയ്ത് അറിയിച്ചു. റിപോർട്ട്: https://shorturl.at/co9KZ

## 1.78 മേപ്പാടി ഉരുൾപൊട്ടൽ - പുനരധിവാസ പദ്ധതി




ദുരന്തബാധിതരെ മാതൃകാ ടൗൺഷിപ്പ് സ്ഥാപിച്ച് പുനരധിവസിപ്പിക്കുവാൻ തീരുമാനിച്ചു. പ്രൊജക്റ്റ് മാനേജ്മെൻറ് കൺസൾട്ടൻസിയായി (പി.എം.സി) കിഫ്ബിയെ ചുമതലപ്പെടുത്തി.

ഇക്കാര്യത്തിൽ കിഫ്ബി വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുകയും ഇതിൽ നിയമ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം തേടിയശേഷം മന്ത്രിസഭ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. ടൗൺഷിപ് പദ്ധതിയുടെ ഭരണവകുപ്പായി ദുരന്ത നിവാരണ വകുപ്പിനെ ചുമതലപെടുത്തി.

ടൗൺഷിപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ, എഞ്ചിനീയറിംഗ് പ്രൊകർമെൻറ് ആൻറ് കൺസ്ട്രക്ഷൻ (ഇ.പി.സി) പ്രകാരം അംഗീകരിക്കാനാണ് മന്ത്രിസഭായോഗം തീരുമാനിച്ചിരിക്കുന്നത്.

തൊഴിലുടമയുടെ പ്രതിനിധിയായി കിഫ്ബിയുടെ അനുബന്ധ സ്ഥാപനമായ കിഫ്കോണിനെ (കിഫ്കോൺ) നെ ചുമതലപ്പെടുത്താനും തീരുമാനമായി. ധന, നിയമ വകുപ്പുകളുടെ അഭിപ്രായപ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറുകാരായി നാമ നിർദ്ദേശം ചെയ്യാൻ തീരുമാനിച്ചു.


ചീഫ് സെക്രട്ടറി ദുരന്തമുണ്ടായ 23-ാം ദിവസം 2024 ഓഗസ്റ്റ് 23ന് ക്യാമ്പുകളിൽ കഴിയുന്നവരടക്കമുള്ള ദുരന്തബാധിതരോട് പുനരധിവാസത്തെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ തേടി. എല്ലാവരും പറഞ്ഞ രണ്ട് കാര്യങ്ങളിൽ ഒന്ന് തങ്ങൾക്ക് ദുരന്തഭൂമിയുമായി ഏറ്റവും അടുത്ത സ്ഥലം വേണം. രണ്ടാമത്തേത് ദൈവം തങ്ങളെ പലരെയും വേർപ്പെടുത്തി, മരണത്തിലേക്ക് നയിച്ചു. ജീവിച്ചിരിക്കുന്ന തങ്ങളെ പുനരധിവാസത്തിലൂടെ വീണ്ടും വേർപ്പിരിക്കരുത്. അതുകൊണ്ട് ഒരുമിച്ച് താമസിക്കാൻ അവസരമൊരുക്കണം എന്നായിരുന്നു.



വയനാട്ടിൽ ജന്മംകൊണ്ട ഭൂമി ഇത്രയധികം ഒരുമിച്ച് തരാൻ പറ്റുന്ന ഒരു ഉടമയും ഇല്ല. സർക്കാർ ഉടമസ്ഥതയിലും ഇല്ല. ഭൂപരിഷ്കരണ നിയമത്തിന്റെ സാധാരണ പരിധിയനുസരിച്ച് 15 ഏക്കർ ഭൂമിയാണ് ഒരാൾക്ക് കയ്യിൽ കരുതാനാവു. പ്ലാന്റേഷൻ ഭൂമികളായിരിക്കും വയനാട് പോലുള്ള ഒരിടത്ത് ഇത്തരം ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ ലഭിക്കുക. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ വയനാട് ജില്ലയിലെ 25 എസ്റ്റേറ്റുകൾ കണ്ടെത്തി. ഇതിൽ ഏറ്റവും ഗുണകരവും തുടർ പ്രകൃതി ദുരന്തങ്ങൾ ഉണ്ടാവാത്തതുമായ സ്ഥലങ്ങൾ പരിശോധിക്കാൻ ഭൗമശാസ്ത്രജ്ഞനായ ശ്രീ. ജോൺ മത്തായി, ദുരന്ത നിവാരണ അതോറിറ്റിയിൽ ഹസർഡ് & റിസ്ക് അനലിസ്റ്റ് ശ്രീ. പ്രദീപ് ജി.എസ് എന്നിവരുടെ നേതൃത്വത്തിലുള്ള പഠനസംഘത്തെ സംസ്ഥാന അതോറിറ്റി നിയോഗിച്ചു. 21ൽ ഒമ്പത് ഇടങ്ങൾ ഗുണകരമെന്ന് കണ്ടെത്തി. അതിൽ നെടുമ്പാല എസ്റ്റേറ്റും എൽസ്റ്റോൺ എസ്റ്റേറ്റുമാണ് അനുയോജ്യമായ പ്രദേശങ്ങൾ എന്ന് വിലയിരുത്തി. റിപോർട്ട് ലഭിച്ച് പത്ത് ദിവസത്തിനകം – 2024 ഒക്ടോബർ 4ആം തിയതി - ദുരന്തമുണ്ടായി 62-ാം ദിവസം - ഈ രണ്ട് സ്ഥലങ്ങളും ഏറ്റെടുക്കാൻ കേരള മന്ത്രിസഭ തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് [GO (Ms) No. 11/2024/DMD dated 4-10-2024] പുറപ്പെടുവിക്കുകയും ചെയ്തു. 2024 ഒക്ടോബർ 11ന് വൈകിട്ട് 3.30 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ദുരന്ത നിവാരണ നിയമം വിനിയോഗിച്ച് രണ്ട് എസ്റ്റാറ്റ്കളും പുണ്യരാധിവാസത്തിനായി ഏറ്റെടുക്കുവാൻ നിർദേശിച്ചു.

വിജ്ഞാപനം പുറത്തിറക്കിയതിനെ തുടർന്ന് എസ്റ്റേറ്റ് ഉടമകൾ കോടതിയെ സമീപിക്കുകയും താല്ക്കാലികമായി അവിടെ പ്രവേശിക്കാനുള്ള സർക്കാരിന്റെ നടപടി ക്രമകൾക്ക് കോടതി സ്റ്റേ ഉത്തരവ് നൽകുകയും ചെയ്തു. ദുരന്ത നിവാരണ ആക്ടുപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടിക്ക് തുടർച്ചയായ കോടതി വ്യവഹാരത്തിന്റെ ഭാഗമായ കാലതാമസം വന്നു. ഡിസംബർ 27ന് ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിലൂടെയാണ് ഹൈക്കോടതി, ഈ രണ്ട് എസ്റ്റേറ്റുകളും ഏറ്റെടുത്ത് പുനരധിവാസ നടപടികൾ മുന്നോട്ടുപോകാനുള്ള സർക്കാരിന്റെ തീരുമാനത്തെ ശരിവച്ചത്. ഒക്ടോബർ മൂന്നിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടികളിൽ 2024 ഡിസംബർ 27വരെ അവിടേക്ക് പ്രവേശിക്കാൻ പോലും പറ്റാത്ത വിധത്തിൽ സ്റ്റേയുടെ ഭാഗമായി നിൽക്കേണ്ടിവന്നു. എങ്കിലും ഈ രണ്ടരമാസക്കാലം സർക്കാർ വെറുതെ ഇരുന്നില്ല. രണ്ട് എസ്റ്റേറ്റുകളെയും കേന്ദ്രീകരിച്ച് വിശദമായ രൂപരേഖ

പുനരധിവാസ നഗരത്തെ സംബന്ധിച്ചുണ്ടാക്കി. ഓരോ നഗരത്തിലും വീടുകൾ മാത്രമല്ല, അതിനുബന്ധമുണ്ടായി ഉണ്ടാകേണ്ട സ്കൂളുകൾ, ആശുപത്രി, മാർക്കറ്റുകൾ, അങ്കണവാടി, കളിസ്ഥലങ്ങൾ, വായനശാല,




റോഡുകൾ തുടങ്ങിയ എല്ലാ കാര്യങ്ങളിലും കൃത്യതയുണ്ടാക്കാൻ ഈ കാലയളവിൽ കഴിഞ്ഞു എന്നുള്ളതിന്റെ തെളിവാണ്, ഡിസംബർ 27ന് കോടതി വിധി വന്ന് നാല് ദിവസത്തിനുള്ളിൽ-ജനുവരി ഒന്നിന് മന്ത്രിസഭാ യോഗം ചേർന്ന് പുനരധിവാസ നഗരത്തിന്റെ സ്കെച്ച് ഉൾപ്പടെയുള്ള എല്ലാ വിശദാംശങ്ങൾക്കും അംഗീകാരം നൽകിയത്.

2025 ജനുവരി 2ന് അവിടെ പ്രത്യേകമായ യോഗം ചേർന്ന്, നേരിട്ട് എസ്റ്റേറ്റിൽ പ്രവേശിച്ച് ഗ്രൗണ്ട് സർവെ, ടോപ്പോഗ്രാഫിക്കൽ സർവെ, ഹൈഡ്രോളജിക്കൽ സർവെ, ജിയോ ടെക്നിക്കൽ സ്റ്റഡി തുടങ്ങിയവ പരിശോധനകൾ വളരെ വേഗത്തിൽ പൂർത്തിയാക്കി. ഈ ഘട്ടത്തിലും കേസുകൾ തുടർന്നിരുന്നു. എൽഎആർആർ 2013 അനുസരിച്ച് എത്ര തുകയായിരിക്കും ഉടമകൾക്കായി നിശ്ചയിക്കേണ്ടി വരിക എന്ന വിവരം കോടതിയെ അറിയിക്കുന്ന നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാനും റവന്യൂ വകുപ്പിനായി. നഷ്ടപരിഹാരമായി സർക്കാർ 26.56 കോടി രൂപ നിശ്ചയിച്ച് കോടതിയെ അറിയിച്ചിട്ടും തുകയെ സംബന്ധിച്ച് തർക്കമുണ്ടായി. ജനുവരി 27ന് പുനരധിവാസ നഗര പദ്ധതിക്ക് തറക്കല്ലിടാൻ അനുമതി നൽകിയ കോടതി സർക്കാരിന്റെ തുടർ നടപടികൾക്ക് അനുമതി നൽകുകയും ചെയ്തു.

ദുരന്തത്തിൽ വീട് പൂർണമായും തകർന്നവരുടെ പട്ടികയാണ് ഫെയ്സ് 1 [Proceedings of Chairperson DDMA and District Collector Wayanad No. DCWYD/5621/2024-DM3 dated 7-2-2025] എന്ന രീതിയിൽ പുറത്തിറക്കിയത്. നോ-ഗോ സോണിൽ ഉൾപ്പെട്ട പ്രദേശത്ത് വീടുള്ളവരുടെ പട്ടികയാണ് ഫെയ്സ് 2-എ [Proceedings of Chairperson DDMA and District Collector Wayanad No. DCWYD/5621/2024-DM3 dated 13-3-2025] എന്നതിൽ ചേർത്തിരിക്കുന്നത്. നോ-ഗോ സോണിൽ പെടാതെ അതിന്റെ അതിർത്തിയോട്

അമ്പത് മീറ്ററിനുള്ളിൽ ചേർന്നുകിടക്കുന്നവരുടെ പട്ടികയാണ് ഫെയ്സ് 2-ബി [Proceedings of Chairperson DDMA and District Collector Wayanad No. DCWYD/5621/2024-DM3 dated 18-3-2025] ആയി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതടക്കം 402 പേരുടെ പട്ടികയാണ് പുറത്തിറക്കിയത്.



ഇതുമായി ബന്ധപ്പെട്ട് നിരവധി അപ്പീലുകൾ ലഭിച്ചിരുന്നു. ഇവ പരിശോധിച്ച് വരുന്നു.

ദുരന്തബാധിതരെ പൂർണമായും ഒരു ടൗൺഷിപ്പിലേക്ക് കൊണ്ടുവരിക, അവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഉണ്ടാക്കുക, ഏഴ് സെന്റ് സ്ഥലവും ആയിരം ചതുരശ്ര അടി വിസ്തീർണമുള്ള വീടും നിർമ്മിക്കും. രണ്ട് നില പണിയാനുള്ള തറബലം വീടുകൾക്ക് ഉണ്ടാകും. ടൗൺഷിപ്പിലേക്ക് വരാൻ ആഗ്രഹിക്കാത്ത ദുരന്തബാധിതർക്ക് 15 ലക്ഷം നഷ്ടപരിഹാരമായി നൽകാനുള്ള നടപടിയും സർക്കാർ പൂർത്തീകരിച്ചിട്ടുണ്ട്. വീടുകൾ സ്പോൺസർ ചെയ്ത എല്ലാ ആളുകളുടെയും സംഘടനകളുടെയും യോ ഗം സർക്കാർ വിളിച്ചുചേർത്തിരുന്നു. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും എംഎൽഎമാരും പങ്കെടുത്ത യോഗത്തിൽ ഭൂമിയുമായും പുനരധിവാസവുമായും ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്താണ് മുന്നോട്ടുപോയത്.

ഐഎഎസ് ഉദ്യോഗസ്ഥനായ ഒരു സ്പെഷൽ ഓഫീസർ പുനരധിവാസ മേൽനോട്ടത്തിനായി പ്രവർത്തിക്കുന്നുണ്ട്. ധനവകുപ്പ് അംഗീകരിച്ച പ്രകാരമുള്ള സ്പോൺസർഷിപ്പ് ഫ്രെയിം വർക്ക് അംഗീകരിച്ചു. സ്പോൺസർഷിപ് പ്രകാരം ലഭിക്കുന്ന തുക സ്വീകരിക്കാനും അത് വയനാട് പുനരധിവാസ പദ്ധതിക്കായി ഉപയോഗിക്കാനും ഒരു ഡെഡിക്കേറ്റഡ് ബാങ്ക് അക്കൗണ്ട് തുറക്കും.

വയനാട് പുനരധിവാസ പദ്ധതിക്കായി സി.എം.ഡി.ആർ.എഫ്, എസ്ഡി.ആർ.എഫ്, സ്പോൺസർഷിപ്, സി.എസ്.ആർ ഫണ്ട്, പി.ഡി.എൻ.എ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന കേന്ദ്ര സഹായം എന്നിവ വയനാട് ടൗൺഷിപ് പ്രൊജക്റ്റിനായി വിനിയോഗിക്കും.

**ടൗൺഷിപ്പിന്റെ നിർമ്മാണോത്ഘാടനം**

മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനായി ഒരുക്കുന്ന ടൗൺഷിപ്പിന്റെ നിർമ്മാണോത്ഘാട നം കൽപ്പറ്റയിൽ 27-3-2025ന് നടന്നു. ഈ

ടൗൺഷിപ്പിൽ ദുരന്തബാധിതർക്കായി സുരക്ഷിത ഭവനങ്ങൾ ഒരുങ്ങും. അതോടൊപ്പം ആരോഗ്യകേന്ദ്രം, അങ്കണവാടി, പൊതുമാർക്കറ്റ്, കമ്യൂണിറ്റി സെന്റർ, മൾട്ടി പർപ്പസ് ഹാൾ, ലൈബ്രറി, സ്പോർട്സ് ഹബ്, ഓപ്പൺ എയർ തിയറ്റർ തുടങ്ങി നിരവധി സൗകര്യങ്ങളും മികച്ച രീതിയിൽ സജ്ജമാകും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയും സന്നദ്ധസംഘടനകളും സുമനസ്സുകളായ വ്യക്തികളും നൽകുന്ന സഹായങ്ങളും മുഖേനയാണ് നിർമ്മാണത്തിനുള്ള തുക കണ്ടെത്തുന്നത്.



## 1.79 മേപ്പാടി ഉരുൾപൊട്ടൽ - പുനർനിർമ്മാണ പദ്ധതി

ബഹു. ഹൈക്കോടതിയുടെ WP (C) No. 28509 of 2024 എന്ന കേസിലെ 10-1-2025ലെ വിധി പ്രകാരം കോടതി എസ്.ഡി.ആർ.എഫ്ൽ നിന്നും മാനദണ്ഡങ്ങൾക്ക് അതീതമായി മേപ്പാടി ദുരന്ത ബാധിതർക്കായി വിനിയോഗിക്കാൻ ലഭ്യമാക്കിയ 120 കോടി രൂപ വിനിയോഗിച്ച് തകർച്ച നേരിട്ട ചൂരൽമല, മുണ്ടക്കൈ പ്രദേശത്തെ പുനർനിർമ്മാണ പദ്ധതി നടപ്പാക്കുവാൻ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി 31-1-2025ന് തീരുമാനം കൈക്കൊണ്ടു.

## 1.80 മേപ്പാടി ഉരുൾപൊട്ടൽ - പുന്നപ്പുഴയുടെ പുനരുജ്ജീവനം

മേപ്പാടി ഉരുൾപൊട്ടലിൽ മൂലം പുന്നപ്പുഴയുടെ 8 കി.മി ദൂരം ഇരുകരകളും പൂർണ്ണമായും തീരശോഷണത്തിന് വിധേയമായി. പല ഇടങ്ങളിലും പുഴ വഴിമാറി ഒഴുകി. ഉരുൾപൊട്ടലിന്റെ ഉത്ഭവ സ്ഥാനത്ത്, വെള്ളരിമലയിൽ വനത്തിനുള്ളിൽ അവശിഷ്ടങ്ങളും, അടർന്ന് വീഴാറായ പാറകഷ്ണങ്ങളും, മണ്ണും ഉണ്ട്. ആയതിനാൽ അതി തീവ്ര മഴയുടെ സാഹചര്യത്തിൽ ഈ ഇവ അടർന്ന് ഇനിയും ഈ പുഴയിലൂടെ ഉരുൾപൊട്ടൽ മൂലമുള്ള ചെളിയും, ജലവും പ്രവഹിക്കാൻ സാധ്യത ഉണ്ട്. ആയതിനാൽ പുന്നപ്പുഴയുടെ പുനരുജ്ജീവനത്തിനായി വിശദമായ പരിശോധന നടത്തി റിപോർട്ട് സമർപ്പിക്കാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ പരിഗണിച്ച് GO (Rt) No. 636/2024/DMD dated 21-8-2024 പ്രകാരം ഒരു സാങ്കേതിക സമിതിയെ നിയോഗിച്ചു. കേന്ദ്ര സംഘം മെമ്മോറാണ്ടം സംബന്ധിച്ച് സമർപ്പിച്ച റിപോർട്ട് പരിഗണിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം Ltr. No. 33-07/2024-NDM-I dated 28-11-

2024 പ്രകാരം 153.467 കോടി രൂപയുടെ ക്ലെയിം അംഗീകരിക്കുകയും, ദുരന്ത അവശിഷ്ടങ്ങൾ മാറ്റുന്നതിനുള്ള തുക പൂർണ്ണമായും ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കും എന്നും അറിയിച്ചു. കേരളം സമർപ്പിച്ച വിവിധ ദുരന്ത ലഘൂകരണ പദ്ധതികൾ പരിഗണിച്ച് Ltr. No. 44 (1)/PF-S/2024-25 (CAPEX)-Kerala dated 11-2-2025 പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയം പുന്നപ്പുഴയുടെ 8 കി.മി അരികുകൾ കെട്ടി സംരക്ഷിക്കുവാൻ 65 കോടി രൂപയും അനുവദിച്ചു. സമിതി വിശദമായ റിപ്പോർട്ട് 27-11-2024ന് സമർപ്പിച്ചു. റിപ്പോർട്ട് അംഗീകരിച്ച് സർക്കാർ GO (Rt) No. 268/2025/WRD dated 18-3-2025, GO (Rt) No. 290/2025/WRD dated 25-3-2025 എന്നിവ പ്രകാരം ജലസേചന വകുപ്പിനെ ദുരന്ത അവശിഷ്ടങ്ങൾ മാറ്റുന്നതിനും, പുന്നപ്പുഴയുടെ അരികുകൾ കെട്ടി പുനരുജ്ജീവിപ്പിക്കുന്നതിനും ഉള്ള പദ്ധതിയുടെ മേൽനോട്ടം എൽപ്പിക്കുകയും, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയെ പ്രവർത്തി നിർവഹിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു.

### 1.81 വിലങ്ങാട് ഉരുൾപൊട്ടൽ - 30-7-2024

കോഴിക്കോട് ജില്ലയുടെ വടക്കേ അറ്റത്തായി കോഴിക്കോട്-വയനാട്-കണ്ണൂർ ജില്ലകളുടെ അതിർത്തി സമ്മേളിക്കുന്ന പ്രദേശമാണ് വടകര താലൂക്കിലെ വിലങ്ങാട് വില്ലേജ്. 2024 ജൂലൈ 30ന് അർദ്ധരാത്രി 12.50ന് മാനന്തവാടിയിലെ കുഞ്ഞോം വനപ്രദേശത്ത് സംഭവിച്ച ഉരുൾപൊട്ടലിന്റെ ഭാഗമായി വിലങ്ങാട് പുഴയിൽ ശക്തമായ ഒഴുക്കുണ്ടാവുകയും ചെയ്തിരുന്നു. 1.15ന് അടിച്ചിപ്പാറയിൽ ഉരുൾപൊട്ടുകയും പിന്നീട് മേഖലയിൽ ചെറുതും വലുതുമായ നൂറോളം ഉരുൾപൊട്ടലുകൾ സംഭവിക്കുകയും ചെയ്തു. എന്നാൽ വലിയ ജനസാന്ദ്രത ഇല്ലാത്ത പ്രദേശമായതിനാലും ആദ്യഘട്ടത്തിൽ തന്നെ ജനങ്ങൾ മാറി താമസിച്ചത് കൊണ്ടും പ്രദേശവാസികളുടെയും അധികൃതരുടെയും സമയോചിതമായ ഇടപെടലുകൾ കൊണ്ടും ദുരന്തത്തിൻറെ ആഘാതം ലഘൂകരിക്കാൻ സാധിച്ചു. രക്ഷാപ്രവർത്തനത്തിൽ ഉൾപ്പെടെ പങ്കാളിയായ കളത്തിങ്കൽ മാത്യു എന്ന ഒരാൾ മരണപ്പെടുന്ന സ്ഥിതിയാണുണ്ടായത്. അതിശക്തമായ മഴയും ചെങ്കുത്തായ ചെരിവും തന്നെയാണ് ഇവിടെയും ഉരുൾപൊട്ടലിന്റെ കാരണമായത്. 1984, 2004, 2014, 2019 എന്നീ വർഷങ്ങളിൽ ഈ മലയിൽ നിന്ന് തന്നെ ഉത്ഭവിച്ച ഉരുൾപൊട്ടലുകൾ ഉണ്ടായിട്ടുള്ളതും 5 പേരുടെ മരണത്തിന് മുൻ അനുഭവങ്ങളുണ്ട്. കൂടാതെ ദുരന്ത നിവാരണ അതോറിറ്റിയുടെ പഠനങ്ങളിൽ അതീവ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശത്തു തന്നെയാണ് ഉരുൾപൊട്ടലിന്റെ ഉദ്ഭവസ്ഥാനം. GO (Ms) No. 9/2024/DMD

dated 30-8-2024 (https://shorturl.at/aGkzA) പ്രകാരം വാണിമേൽ പഞ്ചായത്തിലെ 9, 10, 11 വാർഡ്കളും, നരിപ്പറ്റ പഞ്ചായത്തിലെ 3ആം വാർഡും ദുരന്ത ബാധിതമായി പ്രഖ്യാപിച്ചു.

11 കുടുംബങ്ങൾക്ക് പൂർണ്ണമായും ഭൂമിയും വീടും നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായി. 25 വീടുകൾ പൂർണ്ണമായും 9 വീടുകൾ ഭാഗികമായും തകർന്നു. അംഗൻവാടികൾ, കടകൾ, വായനശാല ഉൾപ്പെടെ 9 മറ്റ് കെട്ടിടങ്ങളും തകർന്നു. 1.24 ഹെക്ടർ പുരയിടം ഒളിച്ചു പോയി. 250 ഏക്കർ കൃഷിനാശമുണ്ടായി. വിവിധ മേഖലകളിലായി 58.81 കോടി രൂപയുടെ വ്യക്തിഗത നഷ്ടമുണ്ടായി. റോഡുകൾ, പാലങ്ങൾ, വൈദ്യുതി ലൈനുകൾ, ജലവിതര പദ്ധതികൾ തുടങ്ങി വിവിധ മേഖലകളിലായി 158 കോടിയുടെ പൊതുമുതൽ നഷ്ടവും സംഭവിച്ചു. ആകെ 216.92 കോടി രൂപയുടെ നഷ്ടമാണ് വിലങ്ങാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ടു ഉണ്ടായിട്ടുള്ളത്.

ദുരന്തബാധിതർക്ക് അടിയന്തര സഹായമായി 10000 രൂപ വീതം അനുവദിച്ചു. പൂർണ്ണമായും വീട് നഷ്ടമായ 30 കുടുംബങ്ങളെ വാടക വീടുകളിലേക്ക് മാറ്റുകയും പ്രതിമാസം 6000 രൂപ വീതം നൽകി വരുന്നു. ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 30 ദിവസത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപ വീതം സഹായമായി നൽകി. ഇതിന് പുറമെ കിടപ്പ് രോഗികൾ, ദീർഘനാൾ ആശുപത്രി യിൽ ചികിത്സയിൽ കഴിയുന്ന രോഗികൾ ഉള്ള കുടുംബങ്ങൾക്കും പ്രതിദിനം 300 രൂപ വീതം ഒരു മാസത്തേക്ക് ലഭ്യമാക്കി. മരണപ്പെട്ട വ്യക്തിയുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ SDRF ൽ നിന്നും 2 ലക്ഷം CMDRF ൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. Ltr. No. DMA2/249/2024-DMD dated 13-11-2024 പ്രകാരം സംസ്ഥാനം സമർപ്പിച്ച പി.ഡി.എൻ.എയിൽ വിലങ്ങാട് ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ദുരന്താനന്തര പുനർനിർമ്മാണ, പുനരധിവാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായം അഭ്യർഥിച്ചിട്ടുണ്ട്. GO (Rt) No. 24/2025/DMD dated 13-01-2025 പ്രകാരം വാണിമേൽ പഞ്ചായത്തിന്റെ ലിഡാർ സർവേ നടത്താൻ സ്റ്റാർട്ട്അപ്പ് കമ്പനി ആയ ഡ്രോൺ ഈമാജിനേഷ്യനെയും, ഈ ഡാറ്റാ ഉപയോഗിച്ച് Meso-Scale Landslide Susceptibility Map തയാറാക്കി നല്കുവാൻ NIT Calicutനെയും ചുമതലപ്പെടുത്തി.

## 1.82 ഐ.എ.എസ്. & സംസ്ഥാന സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കായുള്ള പ്രാദേശിക പരിശീലന പരിപാടി

ഐ.എ.എസ്. & സംസ്ഥാന സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കായുള്ള പ്രാദേശിക പരിശീലന പരിപാടി 2025 ജനുവരി 29 മുതൽ ഫെബ്രുവരി 1 വരെ കേരളത്തിൽ നടന്നു. ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷൻ (LBSNAA)യും, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) യും, നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (NDMA)യും സഹകരിച്ച് ഈ പരിപാടി സംഘടിപ്പിച്ചു. കേരളത്തിന്റെ ചീഫ് സെക്രട്ടറി ശ്രീമതി ശരദ മുരളീധരൻ IAS പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. രാജ്യത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള IAS, സംസ്ഥാന സിവിൽ സർവീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ 11 സംസ്ഥാനങ്ങളിൽ നിന്നുള്ള 22 ഉദ്യോഗസ്ഥർ പരിശീലനത്തിൽ പങ്കെടുത്തു.

പരിശീലന പരിപാടിയുടെ പ്രധാന ലക്ഷ്യം ദുരന്ത നിവാരണ രംഗത്തെ ഭരണപരമായ കഴിവുകൾ വർദ്ധിപ്പിക്കുക, അന്തർ സംസ്ഥാന സഹകരണം ശക്തമാക്കുക, മികച്ച പ്രവർത്തന മാതൃകകൾ പങ്കുവെക്കുക എന്നിവയാണ്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ തമ്മിൽ അറിവ് പങ്കുവെക്കുന്നതിനും നയപരമായ ഏകീകരണത്തിനും ഈ പരിപാടി വേദിയായി. https://tinyurl.com/y3f8xv52



## 1.83 KaWaCHaM (കേരള വാർണിംഗ് ക്രൈസിസ് ആൻഡ് ഹസാർഡ് മാനേജ്മെന്റ് സിസ്റ്റം)

കേരളത്തിൽ ദുരന്ത നിവാരണ രംഗത്ത് ഒരു ചരിത്ര നിമിഷമായി, KaWaCHaM പദ്ധതിയെ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആസ്ഥാനത്ത് 21-1-2025ന് ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ കൂടുതൽ സുരക്ഷിതവും പ്രതിരോധ ശേഷിയുള്ളതുമായ സമൂഹം സൃഷ്ടിക്കാനുള്ള കേരളത്തിന്റെ പ്രതിബദ്ധതയാണ് ഈ നവീന പദ്ധതിയിലൂടെ പ്രതിഫലിക്കുന്നത്. ചടങ്ങിൽ ബഹു. റവന്യൂ വകുപ്പ് മന്ത്രി ശ്രീ കെ. രാജൻ, കൃഷി വകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ്, ശ്രീ വി.കെ. പ്രസാന്ത് എം.എൽ.എ, ദുരന്ത നിവാരണ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ടിങ്കു ബിസ്വാൽ, NDMA യുടെ ജോയിന്റ് അഡ്വൈസർ ലെഫ്റ്റനന്റ് കേണൽ ഷാഹി, ദുരന്ത നിവാരണ കമ്മീഷണർ ഡോ. എ. കൗസിഗൻ, കെ.എസ്.ഡി.എം.എ അംഗം ഡോ. ജോയ് ഏളമൺ, മെംബർ സെക്രട്ടറി ഡോ. ശേഖർ ലൂക്കോസ് കുറിയാക്കോസ്, NDMA യിലെ ഓപ്പറേഷൻസ് കൺസൾട്ടന്റ് കേണൽ നദീം അർഷദ് (റിട്ട.) എന്നിവരും, 142 ആപ്ത മിത്ര സന്നദ്ധസേനാംഗങ്ങളെയും മറ്റ് അതിഥികളെയും അഭിസംബോധന ചെയ്തു.




**KaWaCHaM എന്താണ്?**

KaWaCHaM എന്നത് ആധുനിക സാങ്കേതിക വിദ്യയുടെ സംയോജനത്തിലൂടെ ദുരന്ത അപകട സാധ്യത കുറയ്ക്കാൻ രൂപകൽപ്പന ചെയ്ത ബുദ്ധിമുട്ടുകൾക്ക് പരിഹാരമാകുന്ന ഒരു ഇന്റലിജന്റ് ഡിസിഷൻ സപ്പോർട്ട് സിസ്റ്റമാണ്. സംസ്ഥാനത്താകമാനമുള്ള ഭൂഗർഭ-ജല, അന്തരീക്ഷ സെൻസറുകൾ സംയോജിപ്പിച്ച് തത്സമയ ഡാറ്റ ശേഖരണം, 280 ലെയറുകളുള്ള ശക്തമായ ജിയോഡാറ്റാബേസ് വഴി അപകട സാധ്യതകളും പരുക്കളും വിലയിരുത്തൽ, 126 സൈറൺ-സ്ട്രോബ് ലൈറ്റുകളും സോഷ്യൽ മീഡിയ/ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള എസ്എംഎസ് മുന്നറിയിപ്പുകളും ഉൾപ്പെടുന്ന മുന്നറിയിപ്പ് സംവിധാനങ്ങൾ, 93

എമർജൻസി ഓപ്പറേഷൻ സെന്ററുകൾ വഴി കേന്ദ്രസമന്വയം, 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ എന്നിവയാണ് പ്രധാന സവിശേഷതകൾ.




**മുൻകൂട്ടി മുന്നറിയിപ്പ് സംവിധാനങ്ങളുടെ പ്രാധാന്യം**

ദുരന്തങ്ങൾ കാത്തിരിക്കില്ല - നാം കാത്തിരിക്കരുത്. മുന്നറിയിപ്പ് സംവിധാനങ്ങൾ ദുരന്തങ്ങളുടെ ആഘാതങ്ങൾ കുറയ്ക്കുന്നതിൽ ആദ്യത്തെ പ്രതിരോധ നിരയാണ്. സമയബന്ധിതവും കൃത്യവുമായ മുന്നറിയിപ്പുകൾ നൽകുന്നതിലൂടെ വ്യക്തികൾക്കും സമൂഹങ്ങൾക്കും ഏജൻസികൾക്കും വേഗത്തിൽ പ്രതികരിക്കാൻ കഴിയും. ഇതിലൂടെ ജീവൻ രക്ഷിക്കാനും നഷ്ടങ്ങൾ കുറയ്ക്കാനും പുനരധിവാസ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും കഴിയും.

**ദുരന്ത നിവാരണത്തിൽ സാങ്കേതിക വിദ്യയുടെ പങ്ക്**

KaWaCHaM പദ്ധതി സാങ്കേതിക വിദ്യ ദുരന്ത നിവാരണ രംഗത്തെ രൂപം മാറ്റുന്നതെങ്ങനെ എന്നതിന്റെ ഉജ്ജ്വല ഉദാഹരണമാണ്. ഡാറ്റ വിശകലനം, ജിയോസ്പേഷ്യൽ മാപ്പിംഗ്, തത്സമയ അപകട നിരീക്ഷണം എന്നിവ വഴി അപകട സാധ്യതകൾ മുൻകൂട്ടി കണക്കാക്കാനും പ്രതിസന്ധികൾ കൈകാര്യം ചെയ്യാനും പ്രതികരണങ്ങൾ ഏകോപിപ്പിക്കാനും ഈ പദ്ധതി സഹായിക്കുന്നു. NDMAയും വേൾഡ് ബാങ്കും സംയുക്തമായി ധനസഹായം നൽകിയ ഈ പദ്ധതി, കേരളം ഉൾക്കൊള്ളുന്ന, സമഗ്രവും ഉൾക്കൊള്ളുന്നതുമായ ദുരന്ത നിവാരണ സമീപനത്തിന്റെ മാതൃകയായി മാറുന്നു.

### 1.84 സംസ്ഥാന ഹീറ്റ് ആക്ഷൻ - ഗിഗ് വർക്കേഴ്സിനിടയിൽ വേനൽചൂട് വർദ്ധിക്കുന്നത് മൂലമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി യോഗം

സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിന്റെ ഭാഗമായി പുതിയ തൊഴിൽമേഖലയായ ഗിഗ് വർക്കേഴ്സിനിടയിൽ വേനൽചൂട് വർദ്ധിക്കുന്നത് മൂലമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി 25-2-2025ന് യോഗം ചേർന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ ഡോ. ജോയ് ഇളമന്റെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ സ്വിഗ്ഗി, സൊമാറ്റോ, ഇൻസ്റ്റാമാർട്ട്, ഊബർ, ഫ്ലിപ്കാർട്ട് തുടങ്ങിയ പ്രധാന കമ്പനികളുടേത് ഉൾപ്പെടെ ഭക്ഷണ വിതരണം, ഇ-കോമേഴ്സ്, ടാക്സി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ പ്രതിനിധികൾ പങ്കെടുത്തു.

പീക്ക് സമയത്തെ നിർബന്ധിത സേവനത്തിൽ ഇളവ്, ചൂടിന് അനുയോജ്യമല്ലാത്ത യൂണിഫോമിലെ ഇളവ്, മറ്റ് ആരോഗ്യ സുരക്ഷ സൗകര്യങ്ങൾ എന്നീ ആവശ്യങ്ങൾ ഒരുക്കി നൽകാൻ തൊഴിൽദാതാക്കളോട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അഭ്യർത്ഥിക്കും. തണൽ, വിശ്രമസൗകര്യം, കുടിവെള്ളസൗകര്യം തുടങ്ങിയ വിഷയങ്ങൾ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി ചർച്ച നടത്തി പരിഹാരം കാണാൻ ശ്രമിക്കാനും യോഗത്തിൽ തീരുമാനിച്ചു.

### 1.85 ഇടുക്കി - ഹീറ്റ് ആക്ഷൻ പരിശീലനം

ഹീറ്റ് ആക്ഷൻ പ്ലാൻ 2025 ന്റെ ഭാഗമായി ഈ ചൂടിനെ നേരിടാം എന്ന ക്യാമ്പയിൻ നോട് അനുബന്ധിച്ച് ജില്ലയിലെ എല്ലാ പഞ്ചായത്തിലെ രണ്ട് വീതം ഹരിത കർമ്മ സേനാംഗങ്ങൾക്ക് 18-3-2025ന് പരിശീലനം നൽകുകയുണ്ടായി. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ പരിശീലനം ദുരന്തനിവാരണ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഡെപ്യൂട്ടി കളക്ടർ കൂടിയായ ശ്രീ ഷൈജു പി ജേക്കബ് ഉദ്ഘാടനം ചെയ്തു. ഈ ചൂടിന് എങ്ങനെ ഫലപ്രദമായി നേരിടാം എന്ന്



അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ സംസാരിച്ചു. ജില്ലാ മെഡിക്കൽ ടെക്നിക്കൽ ഓഫീസർ ഗ്രേഡ് വൺ ആയ ശ്രീ സുബീർ ക്ലാസുകൾ നയിച്ചു. കൂടാതെ അഗ്നി രക്ഷാ സേനയുടെ ചൂടിനേം ഇടിമിന്നൽ അതുപോലെ മറ്റു അപകട സാഹചര്യങ്ങളും എങ്ങിനെ ഫലപ്രദമായി നേരിടാം എന്ന പരിശീലനവും നൽകുകയുണ്ടായി. ജില്ലാ ഹസർഡ് അനലിസ്റ്റ് രാജീവ് ടി ർ, ദുരന്ത നിവാരണ പ്ലാൻ കോഡിനേറ്റർ കൃഷ്ണപ്രിയ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി ജൂനിയർ സൂപ്രണ്ട് നജ പി കെ, മറ്റ് ഉദ്യോഗസ്ഥർ, ജില്ലാ കളക്ടറുടെ ഇന്റേൺസും പങ്കെടുത്തു.

### 1.86 തിരുവനന്തപുരം - സുനാമി പ്രതിരോധ മോക്ക് ഡ്രിൽ

യുനെസ്കോ-ഐ.ഒ.സി, ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം (INCOIS), കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവ സംയുക്തമായി തിരുവനന്തപുരം ജില്ലയിലെ കരുംകുളം പഞ്ചായത്തിൽ നടപ്പിലാക്കുന്ന സുനാമി റെഡി പദ്ധതിയുടെ ഭാഗമായി, സുനാമി പ്രതിരോധ മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. തിരുവനന്തപുരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും കരുംകുളം ഗ്രാമപഞ്ചായത്തും സംയുക്തമായി 15-3-2025ന് രാവിലെ 7 മണി മുതൽ ഏഴാം

വാർഡായ കല്ലുമുക്കിലും എട്ടാം വാർഡായ കരുംകുളത്തും ചേർന്ന് മോക്ക് ഡ്രിൽ സംഘടിപ്പിച്ചത്.

സുനാമി മുന്നറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് കടലോരത്ത് വീടുകളിൽ നിന്നും നൂറിലധികം ആളുകളെയാണ് ഒഴിപ്പിച്ചത്. ഒഴിപ്പിച്ച് വരെ St. Andrews LP സ്കൂൾ ക്യാമ്പിലേക്കാണ് എത്തിച്ചത്. പോലീസ്, ഫയർഫോഴ്സ്, കോസ്റ്റൽ പോലിസ്, ഫിഷ്റീസ്, ആരോഗ്യ വകുപ്പ്, റവന്യൂ, മോട്ടോർ വെഹിക്കിൾ ടീം, ആപദ്മിത്ര അംഗങ്ങൾ, പഞ്ചായത്ത് അടിയന്തരഘട്ട പ്രതികരണ സേന അംഗങ്ങൾ എന്നിവർ ആളുകളെ ഒഴിപ്പിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.



ബഹു. എം.എൽ. എ., കോവളം, ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം) എ ന്നിവർ ക്യാമ്പിലെത്തി സ്ഥിതിഗതികൾ വിലയിരുത്തി. വില്ലജ് ഓഫീസർ, കരുംകുളം പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെമ്പർ, അതിയന്നൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, എന്നിവരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അംഗം ഡോ. ജോയ് ഇളമൺ, നെയ്യാറ്റിൻകര താലൂക്ക് തഹസിൽദാർ , ദുരന്തനിവാരണ വകുപ്പ് ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ , പഞ്ചായത്ത് പ്രതിനിധികൾ, ജില്ലാ ഹസാർഡ് അനലിസ്റ്റ്, ജില്ലാ ഡി. എം പ്ലാൻ കോർഡിനേറ്റർ, വിവിധ ഉദ്യോഗസ്ഥർ പൊതുജനങ്ങൾ എന്നിവർ മോക്ക് ഡ്രിലിൽ പങ്കെടുത്തു. ജില്ലയിൽ സുനാമി മുന്നറിയിപ്പ് ഉണ്ടാകുന്ന ഘട്ടത്തിൽ എങ്ങനെയെല്ലാമാണ് ആശയ വിനിമയം സാധ്യമാകുക, ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കൈകാര്യശേഷി വർധിപ്പിക്കുക എന്നതാണ് മോക്ഡ്രില്ലിലൂടെ ഉറപ്പുവരുത്തിയത്.

## 1.87 കോട്ടയം - ഉരുൾപൊട്ടൽ മോക്ഡ്രിൽ

ഉരുൾപൊട്ടൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, കില എന്നിവ സംയുക്തമായി കാഞ്ഞിരപ്പള്ളി താലൂക്കിലെ പാറത്തോട് പഞ്ചായത്തിൽ മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ പുളിക്കൽ നഗറിൽ വെച്ചാണ് നടന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത തയ്യാറെടുപ്പും

കാര്യശേഷിയും വർദ്ധിപ്പിക്കുന്നതിനായി പമ്പാനദീതട ജില്ലകളിൽ റീ- ബിൽഡ് കേരള പ്രോഗ്രാം ഫോർ റിസൾട്ട്സ് പദ്ധതിയുടെ ഭാഗമായാണ് മോക് ഡ്രിൽ നടത്തിയത്. ജില്ലയിലെ മുണ്ടക്കയം, പാറത്തോട്, കൂട്ടിക്കൽ, കോരുത്തോട്, എരുമേലി, കാഞ്ഞിരപ്പള്ളി, മണിമല, ചിറക്കടവ് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മോക്ഡ്രിലാണ് സംഘടിപ്പിച്ചത്. 15-3-2025ന് രാവിലെ 10



മണിയോടെ ആരംഭിച്ച മോക് ഡ്രില്ലിൽ പൊലീസ്, അഗ്നിരക്ഷ സേന,ആരോഗ്യം, മോട്ടോർ വാഹന വകുപ്പ്, കെ എസ് ഇബി, ജല അതോറിറ്റി,ജില്ലാ സപ്ലൈ ഓഫീസർ, തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് നടന്നത്. മുണ്ടക്കയം സബ് ഇൻസ്പെക്ടർ വിബിൻ കെ വി on site incident commander ആയി പ്രവർത്തിച്ചു.തുടർന്ന് നടന്ന അവലോകന യോഗത്തിൽ കാഞ്ഞിരപ്പള്ളി ലാൻഡ് റവന്യൂ തഹസിൽദാർ സുനിൽ കുമാർ പി എസ് , തഹസിൽദാർ കെ എം ജോസ്കുട്ടി, ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ സിയാദ് ടി ഇ, പാറത്തോട് പഞ്ചായത്ത് പ്രസിഡൻ്റ് ശശികുമാർ കെ കെ, വാർഡ് മെമ്പർ ഡയസ് കോക്കാട്ട്, കില ഡി. ആർ. എം എക്സ്പർട്ട് ഡോ: രാജ്കുമാർ ആർ , ഹസാർഡ് അനലിസ്റ്റ് സുസ്മി സണ്ണി, ഡി. എം പ്ലാൻ കോർഡിനേറ്റർ അനി തോമസ്, വിവിധ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ സംസാരിച്ചു.

## 1.88 ആലപ്പുഴ - വെള്ളപ്പൊക്ക മോക്ഡ്രിൽ

വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ല ദുരന്ത നിവാരണ അതോറിറ്റി കില എന്നിവ സംയുക്തമായി ചെങ്ങന്നൂർ പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലെ പ്രയാർ ഭാഗത്ത് മോക് ഡ്രിൽ സംഘടിപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത തയ്യാറെടുപ്പും കാര്യശേഷിയും വർധിപ്പിക്കുന്നതിനായി പമ്പാ നദീതട ജില്ലകളിൽ റീ ബിൽഡ് കേരള പ്രോഗ്രാം ഫോർ റിസൾട്ട്സ് പദ്ധതിയുടെ ഭാഗമായാണ് മോക് ഡ്രിൽ നടത്തിയത്. ജില്ലയിലെ ചെറിയനാട്, വെണ്മണി, മുളക്കുഴ, ആല, പുലിയൂർ, ചെങ്ങന്നൂർ മുൻസിപ്പാലിറ്റി, പാണ്ടനാട്, തിരുവൻവണ്ടൂർ, ബുധനൂർ, മാന്നാർ, ചെന്നിത്തല ത്രിപ്പെരുന്തുറ, എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ

ഉൾപ്പെടുത്തിക്കൊണ്ടുള്ള മോക് ഡ്രിൽ പരിശീലനമാണ് സംഘടിപ്പിച്ചത്. 14-3-2025ന് വൈകിട്ട് 3:30 ന് ആരംഭിച്ച മോക് ഡ്രില്ലിൽ പോലീസ്, ഫയർ ആൻഡ് സേഫ്റ്റി, കെ എസ് ആർ ടി സി, കെ എസ് ഡബ്ല്യു ടി ഡി, ആരോഗ്യം, വിദ്യാഭ്യാസം, മോട്ടോർ വാഹന വകുപ്പുകൾ, കെ എസ് ഈ ബി, വാട്ടർ അതോറിറ്റി തുടങ്ങിയവയുടെ ഏകോപനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് നടന്നത്.




ചെങ്ങന്നൂർ ഡി.വൈ.എസ്.പി എം കെ ബിനുകുമാർ മോക് ഡ്രില്ലിന് നേതൃത്വം നൽകി. തുടർന്ന് നടന്ന അവലോകന യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം) സി പ്രേംജി, അസിസ്റ്റന്റ് ഡയറക്ടർ (എൽ എസ് ജി ഡി) സന്തോഷ് മാത്യൂ, ചെങ്ങന്നൂർ മുൻസിപ്പൽ ചെയർപേഴ്സൺ ശോഭ വർഗീസ്, ചെങ്ങന്നൂർ തഹസിൽദാർ അശ്വനി അച്യുതൻ, പാണ്ടനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അമ്മാളുക്കുട്ടി സണ്ണി, കില കോർഡിനേറ്റർ ശ്രീകുമാർ, ഹസാർഡ് അനലിസ്റ്റ് സി ചിന്തു,പ്ലാൻ കോർഡിനേറ്റർ രാഹുൽ വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ ജനപ്രതിനിധികൾ എന്നിവർ സംസാരിച്ചു.

## 1.89 കോഴിക്കോട് – മൂടാടി ഹീറ്റ് ആക്ഷൻ പ്ലാൻ ശിൽപ്പശാല

ചൂട് കുത്തനെ കൂടുമ്പോൾ പരിഹാരം തേടി മൂടാടി ഗ്രാമപഞ്ചായത്ത് ഹീറ്റ് ആക്ഷൻ പദ്ധതി തയാറാക്കുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെയാണ് ഹീറ്റ് ആക്ഷൻ പദ്ധതി തയാറാക്കുന്നത്. അന്തരിക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ ചൂട് ഏതൊക്കെ വിധത്തിൽ പ്രതിരോധിക്കാൻ കഴിയുമെന്ന ആലോചനയാണ് പദ്ധതിയിലൂടെ ചെയ്യാൻ ഉദ്ദേശിക്കുന്നത്. പെട്ടെന്ന് ചെയ്യേണ്ട പ്രവർത്തനങ്ങളും ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തേണ്ട കാര്യങ്ങളും വിഭാവനം ചെയ്യുന്നു.

ഇതിന്റെ ഭാഗമായി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെ പങ്കെടുപ്പിച്ച് 11-3-2025ന് നടത്തിയ എകദിന ശില്പശാല കില മുൻ ഡയറക്ടറും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അംഗവുമായ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് സി.കെ. ശ്രീകുമാർ അധ്യക്ഷത വഹിച്ചു.




ജില്ലാ ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കലക്ടർ ഇ അനിത കുമാരി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഹസാർഡസ് അനലിസ്റ്റ് ഫഹദ്, ആർക്കിടെക്റ്റ് ആര്യ നരേന്ദ്രൻ എന്നിവർ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു. ഗ്രൂപ്പ് ചർച്ചകൾ ഡോ. ജോയ് ഇളമൺ ക്രോഡീകരിച്ചു.

ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർമാൻ ടി കെ ഭാസ്കരൻ, പദ്ധതിയുടെ നോഡൽ ഓഫീസർ ടി ഗിരീഷ് കുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജിജി എന്നിവർ സംസാരിച്ചു.

## 1.90 അന്താരാഷ്ട്ര വനിതാ ദിനം - "സന്നദ്ധം" - ദുരന്ത ലഘൂകരണത്തിലെ കുടുംബശ്രീ വനിതാ സേന

കേരളത്തിലെ ദുരന്താഘാത ലഘൂകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ പങ്ക് ശക്തിപ്പെടുത്തുന്നതിനായി, 2025 ലെ അന്താരാഷ്ട്ര വനിതാ





ദിനത്തിന്റെ പ്രമേയമായ എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടി: അവകാശങ്ങൾ - തുല്യത - ശാക്തീകരണം, എന്നതിന് ഊന്നൽ നൽകിക്കൊണ്ട്, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (KSDMA) സഹായത്തോടെ "സന്നദ്ധം" - ദുരന്ത ലഘൂകരണത്തിലെ കുടുംബശ്രീ വനിതാ സേന/Sannadham – Kudumbashree Women Leadership in Disaster Risk Reduction 2025 ലോകവനിതാദിനത്തിന് തുടക്കം കുറിച്ചു.

## 1.91 പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മർഗ്ഗരേഖ

കേരളത്തിൽ കാലാവസ്ഥാ മാറ്റം, നഗരവൽക്കരണം, ജനസംഖ്യാ ഘടനയിലെ മാറ്റങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ താപതരംഗങ്ങൾ ഒരു പ്രധാന ദുരന്തമായി മാറുകയാണ്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താപഭീഷണികൾ നേരിടാൻ തയ്യാറാകുന്നതിനും പ്രതികരിക്കുന്നതിനും സഹായിക്കുന്നതാണ് പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 21-1-2025ന് പ്രസിദ്ധീകരിച്ചു. താപഭീഷണി തിരിച്ചറിയൽ, അപകടസാധ്യതാ വിലയിരുത്തൽ, അപകടസാധ്യതയുള്ള ജനസംഖ്യയുടെ നിശ്ചയിക്കൽ, ആരോഗ്യ-സാമൂഹിക ഇടപെടലുകൾ, ജാഗ്രതാ ഘട്ടങ്ങൾ, താപസന്ദേശങ്ങൾ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ


സമീപനമാണ് മാർഗ്ഗനിർദ്ദേശങ്ങൾ നിർദ്ദേശിക്കുന്നത്. താപസംബന്ധിയായ അപകടങ്ങൾ കുറയ്ക്കുന്നതിനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും ഈ പദ്ധതി നിർണായകമാണ്.




പദ്ധതിയുടെ വിജയകരമായ നടപ്പാക്കലിന് തലംതോറും വ്യക്തമായ ഭരണഘടനയും പങ്കാളിത്ത സംവിധാനവുമാണ് നിർദ്ദേശിക്കുന്നത്. സംസ്ഥാനതലത്തിൽ KSDMA സാങ്കേതിക പിന്തുണയും ഏകോപനവും നൽകുന്നു. ജില്ലാതലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ (DDMA) മേൽനോട്ടവും വിലയിരുത്തലും നടത്തും. തദ്ദേശ തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSG) പദ്ധതിയുടെ ആവിഷ്കാരവും നടപ്പാക്കലും നിർവഹിക്കും. ആരോഗ്യ, വിദ്യാഭ്യാസ, കൃഷി, തൊഴിൽ, നഗര വികസനം തുടങ്ങിയ വകുപ്പുകൾ തമ്മിലുള്ള ഏകോപനം നിർബന്ധിതമാണ്. താപസന്ദേശങ്ങൾ, താപസഹിഷ്ണുതാ കേന്ദ്രങ്ങൾ, ജലസേചന സൗകര്യങ്ങൾ, പൊതുജന ബോധവ ത്കരണം, താപസംബന്ധിയായ മരണങ്ങളുടെ രേഖപ്പെടുത്തൽ എന്നിവയിലൂടെ താപഭീഷണി നേരിടാനുള്ള പ്രാദേശിക ശേഷി വർദ്ധിപ്പിക്കുകയാണ് ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ പ്രധാന ഉദ്ദേശം. https://tinyurl.com/y5bcdv56

## 1.92 സുരക്ഷിത ഭവന നിർമ്മാണ കൈപ്പുസ്തകം: ഭൂകമ്പം വാല്യം 1, രണ്ടാം പതിപ്പ്

കേരളം ഭൂകമ്പ അപകടസാധ്യതയുള്ള മേഖലകളിൽ പെട്ടതല്ലെങ്കിലും, ചെറിയ ഭൂചലനങ്ങൾ ആവർത്തിച്ച് അനുഭവപ്പെടുന്ന സാഹചര്യത്തിൽ, മുൻകരുതലുകൾ സ്വീകരിക്കുന്നതും ജനങ്ങളെ ബോധവത്കരിക്കുന്നതും അത്യന്താപേക്ഷിതമാണ്. ഈ Earthquake Handbook, Edition 2, തദ്ദേശ ഭരണകൂടങ്ങൾ, പൊതുജനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിർമ്മാണ മേഖല, ദുരന്ത പ്രതികരണ ഏജൻസികൾ എന്നിവയെ ലക്ഷ്യമാക്കി തയ്യാറാക്കിയതാണ്. ഭൂകമ്പത്തെക്കുറിച്ചുള്ള അടിസ്ഥാന ശാസ്ത്രം, കേരളത്തിലെ ഭൂകമ്പ ചരിത്രം, അപകടസാധ്യതാ മേഖലകൾ, ഭൂകമ്പത്തെ നേരിടാനുള്ള മുൻകരുതൽ നടപടികൾ, അടിയന്തര പ്രതികരണ മാർഗങ്ങൾ, പുനരധിവാസ മാർഗ്ഗരേഖകൾ എന്നിവ വിശദമായി ഉൾപ്പെടുത്തിയിരിക്കുന്നു.




ഹാൻഡ്ബുക്കിന്റെ പ്രധാന ലക്ഷ്യം ഭൂകമ്പത്തെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുക, സുരക്ഷിത നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുക, പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും earthquake preparedness മെച്ചപ്പെടുത്താൻ സഹായിക്കുക എന്നതാണ്. സ്കൂളുകൾ, ആശുപത്രികൾ, സർക്കാർ ഓഫീസുകൾ, പൊതുഗതാഗത കേന്ദ്രങ്ങൾ എന്നിവയിൽ സുരക്ഷാ പരിശോധനകളും drill-കളും നിർബന്ധമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ഭൂകമ്പത്തെ തുടർന്ന് സംഭവിക്കാവുന്ന രണ്ടാംഘട്ട അപകടങ്ങൾ (പൊളിഞ്ഞ കെട്ടിടങ്ങൾ, തീപിടിത്തം, വൈദ്യുത ഷോർട്ട്, ജലവിതരണ തടസ്സം) എന്നിവയെക്കുറിച്ചും പ്രതിരോധ നടപടികളും ഉൾപ്പെടുത്തിയിരിക്കുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച്, പ്രാദേശികമായി അനുയോജ്യമായ earthquake risk reduction മാർഗങ്ങൾ ഈ ഹാൻഡ്ബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മർഗ്ഗ രേഖ 21-1-2025ന് പ്രസിദ്ധീകരിച്ചു.

### 1.93 ദുരന്ത നിവാരണ ചട്ടക്കൂടിലേക്ക് അതിഥിത്തൊഴിലാളികളെ ഉൾച്ചേർക്കുന്നതിനുള്ള മാർഗ്ഗരേഖ

കേരളത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ, പ്രത്യേകിച്ച് നിർമാണം, കൃഷി, വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന അതിഥിത്തൊഴിലാളികളെ, കേരളത്തിലെ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുവാൻ ഉദേശിച്ചാണ് 2025 മാർച്ച് മാസം ഈ മർഗ്ഗരേഖ പ്രസിദ്ധീകരിച്ചത്. ഈ മാർഗ്ഗരേഖകൾ, തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരെ ദുരന്തങ്ങൾക്ക് മുൻകൂട്ടി തയ്യാറാക്കുന്നതിനും, ദുരന്താനന്തര പ്രതികരണത്തിൽ ഉൾപ്പെടുത്തുന്നതിനും തദ്ദേശ ഭരണകൂടങ്ങൾക്കും തൊഴിലാളി സംഘടനകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ഭാഷാ ബുദ്ധിമുട്ടുകൾ, താമസ സൗകര്യങ്ങളുടെ അഭാവം, സാമൂഹിക ഒറ്റപ്പെടൽ തുടങ്ങിയ ഘടകങ്ങൾ തൊഴിലാളികളെ കൂടുതൽ അപകടസാധ്യതയുള്ളവരാക്കുന്നു.




മാർഗ്ഗരേഖയിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ, താപതരംഗം, വെള്ളപ്പൊക്കം, ഭൂകമ്പം, തീപിടിത്തം തുടങ്ങിയ ദുരന്തങ്ങൾക്കുള്ള പ്രതിരോധ നടപടികൾ, ബോധവത്കരണ പരിപാടികൾ, മലയാളം, ഹിന്ദി, തമിഴ്, ബംഗാളി തുടങ്ങിയ ഭാഷകളിൽ സന്ദേശങ്ങൾ നൽകൽ, സുരക്ഷിത താമസ സൗകര്യങ്ങൾ, ആശുപത്രികളുമായി ബന്ധം, തൊഴിലാളി WhatsApp ഗ്രൂപ്പുകൾ, ക്യാമ്പ് drill-കൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. തൊഴിലാളികളുടെ സാമൂഹിക ഉൾപ്പെടുത്തലും, അവരെക്കുറിച്ചുള്ള പോസിറ്റീവ് ഇമേജ് ബിൽഡിംഗും Xenophobia തടയുന്നതിനും നിർണായകമാണ്. ഈ മാർഗ്ഗരേഖ, തൊഴിലാളികളെ ഒരു "ദുരന്ത പ്രതികരണ പങ്കാളിയായി" പരിഗണിക്കുന്ന പുതിയ സമീപനമാണ്. https://tinyurl.com/ykbddwjz

## 1.94 റേഡിയോ ആക്ടീവ് വസ്തുക്കളുടെ സുരക്ഷ സംബന്ധിച്ച മാർഗ്ഗരേഖ

കേരളത്തിൽ റേഡിയോ ആക്ടീവ് വസ്തുക്കളുടെ കൈമാറ്റം, ഉപയോഗം, സംഭരണം, ഗതാഗതം എന്നിവ സുരക്ഷിതമായി നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഈ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭൗതിക ശാസ്ത്രം, ആരോഗ്യ സുരക്ഷ, നിയമപരമായ അനുമതികൾ, എന്നിവയെ അടിസ്ഥാനമാക്കി Atomic Energy Regulatory Board (AERB) ന്റെ മർഗ്ഗ നിർദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) വെബസൈറ്റിൽ പ്രസിദ്ധീകരിച്ചു. ആശുപത്രികൾ, ഗവേഷണ സ്ഥാപനങ്ങൾ, വ്യാവസായിക യൂണിറ്റുകൾ എന്നിവയിൽ റേഡിയോ ആക്ടീവ് വസ്തുക്കൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ, പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുമ്പോഴും, അവയുടെ ഗതാഗതത്തിനിടയിലും, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത രേഖയിൽ വിശദീകരിക്കുന്നു.

മാർഗ്ഗനിർദ്ദേശങ്ങൾ പുതിയ ഉപകരണങ്ങൾ രജിസ്റ്റർ ചെയ്യൽ, അനുമതി ലഭ്യമാക്കൽ, പുനരുപയോഗം, അപകടസാധ്യതാ വിലയിരുത്തൽ, അപകടമുണ്ടായാൽ പ്രതികരണ നടപടികൾ, സുരക്ഷാ drill-കൾ, പൊതുജന ബോധവത്കരണം, WhatsApp group coordination, DAE-ECR reporting protocols എന്നിവ ഉൾക്കൊള്ളുന്നു. Transport Emergency Cards (TREM Cards), Standard Operating Procedures (SOPs), incident reporting formats എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. റേഡിയോ ആക്ടീവ് വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ചുള്ള എല്ലാ സ്ഥാപനങ്ങൾക്കും, ഈ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രാദേശിക സുരക്ഷാ പദ്ധതികൾ തയ്യാറാക്കേണ്ടത് നിർബന്ധിതമാണ്. https://tinyurl.com/y2ykzfkj




## 1.95 2024ലെ ഓറഞ്ച് പുസ്തകം - കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ

ദുരന്തങ്ങളെ നേരിടുന്നതിന്റെ കാര്യക്ഷമത ദുരന്തങ്ങളെ നേരിടുന്നതിന് എത്രകണ്ട് തയ്യാറെടുക്കുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും. കേരളത്തിൽ ഏറ്റവും അധികം ദുരന്ത സാഹചര്യം ഉണ്ടാകുന്ന സമയം കാലവർഷ-തുലാവർഷ കാലം ആണ്. 2012 മുതൽ എല്ലാ വർഷവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കാലവർഷ-തുലാവർഷ മുന്നൊരുക്കയോഗം സർക്കാർ തലത്തിൽ നടത്തി വരുന്നു. മുഖ്യമന്ത്രി മന്ത്രിമാരുടെയും വകുപ്പ് മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും യോഗം 2-05-2024ന് വിളിച്ചു ചേർത്ത് തയ്യാറെടുപ്പുകൾ അവലോകനം ചെയ്തു.

സംസ്ഥാന, ജില്ലാ, താലൂക്ക് തലത്തിൽ അടിയന്തിരഘട്ട പ്രവർത്തന സംവിധാനം (Incident Response System) സ്ഥാപിച്ച്, വിവിധ വകുപ്പുകളുടെ പ്രവർത്തന മേഖല വ്യക്തമാക്കി ഒരു പ്രത്യേക രൂപ രേഖയുടെ ആവശ്യം ഓഖി ചുഴലിക്കാറ്റ്, 2018ലെ പ്രളയം എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. മേൽ അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ടാണ് ഇത്തരം ഒരു മാർഗ്ഗരേഖ (ഓറഞ്ച് പുസ്തകം) ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 22 (2) (f) പ്രകാരം കാലവർഷ-തുലാവർഷ കാലത്തേക്ക് തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത്.

അതാത് ജില്ലയുടെ സാഹചര്യം പരിഗണിച്ച് ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തദ്ദേശ സർക്കാരുകളും, വകുപ്പുകളും മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. ഈ പ്രവർത്തങ്ങൾക്ക് ജില്ല ദുരന്ത നിവാരണ അതോറിറ്റി നേതൃത്വം നൽകേണ്ടതുണ്ട്. പ്രതികരണ സമയത്തും, അടിയന്തിര ദുരിതാശ്വാസ സഹായ സമയത്തും സ്വീകരിക്കേണ്ട നടപടികളും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലവർഷ-തുലാ വർഷകാലം അല്ലാത്ത മാസങ്ങളിലും, പ്രളയം, ചുഴലിക്കാറ്റ്, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, തീരശോഷണം, സുനാമീ, കള്ളക്കടൽ എന്നീ സാഹചര്യങ്ങളിൽ ഈ മാർഗ്ഗരേഖ പ്രകാരം ആണ് വകുപ്പുകൾ പ്രവർത്തിക്കേണ്ടത്.

ഈ മാർഗ്ഗരേഖയുടെ ആദ്യ പതിപ്പ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി 6-05-2019ന് അംഗീകരിക്കുകയും സർക്കാർ GO (Rt) No.

280/2019/DMD dated 9-05-2019 എന്ന ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പുസ്തകം ഓരോ വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുതുക്കി പ്രസിദ്ധീകരിക്കുവാൻ സംസ്ഥാന ഇ.ഒ.സിയെ 30-4-2020ന് ചേർന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി. 25-5-2024ന് സംസ്ഥാന ഇ.ഒ.സിയിലെ വിദഗ്ദ്ധർ യോഗം ചേർന്ന് 2024ലെ ഓറഞ്ച് പുസ്തകം അംഗീകരിച്ചു. തുടർന്ന് 27-6-2024ന് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ഈ പുസ്തകം അംഗീകരിച്ചു. 5-7-2024ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഓറഞ്ച് ബുക്ക് സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി അംഗീകരിച്ചു. GO (Rt) No. 577/2024/DMD dated 5-8-2024 പ്രകാരം സർക്കാർ അംഗീകരിച്ച് പ്രസിദ്ധീകരിച്ചു. ലിങ്ക് https://tinyurl.com/4zmb9cwx

### 1.96 ഇടുക്കി - താപ തരംഗം

ഇടുക്കി ജില്ലയിൽ 1-4-2024 മുതൽ 30 ഡിഗ്രീയിൽ അധികം ചൂട് 67 വില്ലേജ്ജളിൽ അനുഭവപ്പെടുകയും കൃഷിക്ക് ഗണ്യമായ നാശ നഷ്ടം ഉണ്ടാകുകയും ചെയ്തു. ഈ സാഹചര്യം പരിഗണിച്ച് GO (P) No. 3/2024/DMD dated 23-10-2024 (https://shorturl.at/KBTfV) പ്രകാരം സർക്കാർ 67 വില്ലേജ്ജളെ താപ തരംഗ ബാധിതം ആയി പ്രഖ്യാപിച്ചു. പ്രസ്തുത പ്രഖ്യാപനത്തിന് 1-4-2024 മുതൽ 8 മാസം കാലാവധി ഉണ്ട്. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഏലം കർഷകർക്ക് ദുരന്ത ആഘാതം ലഘൂകരിക്കുന്നതിനായി GO (Rt) No. 75/2025/DMD dated 18-2-2025 പ്രകാരം 10 കോടി രൂപയുടെ ദുരന്ത ലഘൂകരണ പദ്ധതിക്ക് അംഗീകാരം നല്കി. https://shorturl.at/31hHh

### 1.97 സംസ്ഥാന ദുരന്ത പ്രതികരണ നിധി - നാശനഷ്ടം സംഭവിച്ച വീടുകൾക്കുള്ള ധനസഹായ മാനദണ്ഡം

സംസ്ഥാന ദുരന്ത പ്രതികരണ നിധി, ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നിവ ചേർത്താണ് കേരളത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്കുള്ള ധനസഹായ മാനദണ്ഡം 2018മുതൽ വിവിധ സലാബുകളിലായി നിർണ്ണയിച്ചിട്ടുള്ളത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കൂടി അഭിപ്രായം പരിഗണിച്ച് GO (Ms) No. 1/2025/DMD dated 9-1-2025 പ്രകാരം പ്രസ്തുത മാനദണ്ഡം സർക്കാർ പുതുക്കി. https://shorturl.at/bxCgw

### 1.98 പ്രകൃതിദത്തമായ രീതികൾ ഉപയോഗിച്ച് ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള സമീപനം - കേരളത്തിലെ മാതൃകകൾ

🌿Eco DRR (Ecological Disaster Risk Reduction) എന്നത് എന്താണ്?

Eco DRR എന്നത് പ്രകൃതിയുടെ സ്വാഭാവിക ഘടകങ്ങൾ ഉപയോഗിച്ച് ദുരന്തങ്ങൾ തടയാനും അതിന്റെ ആഘാതം കുറയ്ക്കാനും ശ്രമിക്കുന്ന ഒരു ശാസ്ത്രീയവും സാമൂഹികവുമായ സമീപനമാണ്. ഇത് മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, കടൽക്ഷോഭം, ഉഷ്ണതരംഗം തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനായി മംഗ്രോവ് വനങ്ങൾ, ജലാശയങ്ങൾ, പച്ചപ്പുള്ള പ്രദേശങ്ങൾ, കായൽ പുനരുദ്ധാരണം തുടങ്ങിയ ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുന്നു.

🌱പ്രധാന ലക്ഷ്യങ്ങൾ

- പ്രകൃതിയുടെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ
- പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കൽ
- ദുരന്താനന്തര പുനരധിവാസ ചെലവുകൾ കുറയ്ക്കൽ
- ജൈവവൈവിധ്യ സംരക്ഷണം
- ക്ലൈമറ്റ് റെസിലിയൻസ് മെച്ചപ്പെടുത്തൽ

🌾ഉദാഹരണങ്ങൾ

- മണ്ണിടിച്ചിൽ തടയാൻ വനവൽക്കരണം
- കടൽക്ഷോഭം തടയാൻ മംഗ്രോവ് വനങ്ങൾ
- വെള്ളപ്പൊക്കം നിയന്ത്രിക്കാൻ ജലാശയ പുനരുദ്ധാരണം
- ഉഷ്ണതരംഗം നേരിടാൻ പച്ചപ്പുള്ള നഗരമേഖലകൾ

Eco DRR, Kerala Disaster Management Policy-യിലും Sendai Framework-ലും ഉൾപ്പെടുത്തിയിരിക്കുന്ന ഒരു പ്രധാന തത്വമാണ്.

വർധിച്ചു വരുന്ന വിവിധങ്ങളായ ദുരന്തങ്ങളിൽനിന്നുള്ള ആഘാതലഘൂകരണത്തിനായി നിരവധി പ്രവർത്തങ്ങളാണ് നമ്മുടെ ചുറ്റുപാടും നടന്നു വരുന്നത്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഇത്തരത്തിലുള്ള ജൈവപരിസ്ഥിതി അധിഷ്ഠിത ദുരന്തലഘൂകരണ പ്രവർത്തങ്ങളെ ഉൾപ്പെടുത്തി കൊണ്ടുള്ള ലഘുവീഡിയോകൾ തയ്യാറാക്കുകയാണ്.കാലാവസ്ഥ വ്യതിയാന അനുരൂപീകരണത്തിനും ദുരന്തലഘൂകരണത്തിനും ഉതകുന്ന അനുകരണീയമായ മാതൃകകളാണ് ഈ ലഘുവീഡിയോകളിലൂടെ പൊതുസമൂഹത്തിനു മുന്നിലേക്ക് അവതരിപ്പിക്കുന്നത്.

1. കേണി – വയനാടിന്റെ പരമ്പരാഗത ജലസംഭരണ മാതൃക: കേണി എന്നത് മണ്ണിന്റെ ഉപരിതലത്തിൽ ജലനിരപ്പ് അടുത്തോ അതിനുമുകളിൽ ആയിരിക്കുന്ന പ്രദേശങ്ങളിൽ നിർമ്മിക്കുന്ന ചെറുതും തറവുമുള്ള മരക്കെട്ട്

ഘടനയാണ്. ഈ പരമ്പരാഗത ജലനിരക്കെടുക്കൽ ഘടനകൾ ജലസംഭരണത്തിനും ജലശുദ്ധീകരണത്തിനും അനുയോജ്യമായ മികച്ച ഉദാഹരണങ്ങളാണ്. https://youtube.com/shorts/mgde1nVuG38

2. ബീഹൈവ് വേലിക്കെട്ട് (Beehive Fencing), വയനാട്: മനുഷ്യ-വന്യജീവി സംഘർഷങ്ങൾ, പ്രത്യേകിച്ച് ആനകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കുറയ്ക്കുന്നതിനുള്ള നവീനവും പരിസ്ഥിതി സൗഹൃദവുമായ ഒരു പരിഹാരമാണ്. ഈ ആശയം പ്രകാരം, കൃഷിയിടങ്ങൾക്കും മനുഷ്യവാസ കേന്ദ്രങ്ങൾക്കും ചുറ്റും തക്ക രീതിയിൽ തേൻചെടികൾ സ്ഥാപിച്ച് ആനകളെ അതിർത്തികൾ കടക്കുന്നത് തടയുകയാണ് ലക്ഷ്യം. ആനകൾക്ക് തേൻചെടികളിൽ നിന്നുള്ള കുത്തുകൾ വളരെ വേദനാജനകമായതും, പ്രത്യേകിച്ച് തണ്ടിനും ചെവിക്കും പോലുള്ള അതിസൂക്ഷ്മ ഭാഗങ്ങളിൽ, അതിനാൽ അവ തേൻചെടികളെ ഭയപ്പെടുന്നു. ഈ രീതിയിലൂടെ ആനകളെ പ്രകൃതിദത്തമായ രീതിയിൽ തടയാൻ കഴിയുന്നതാണ്, കൂടാതെ കർഷകർക്ക് തേൻ ഉൽപാദനം വഴിയുള്ള വരുമാനവും ലഭിക്കുന്നു. Eco DRR (Ecological Disaster Risk Reduction) സമീപനത്തിൽ ഇതൊരു മികച്ച ഉദാഹരണമാണ്. https://youtube.com/shorts/Ki1Wlvb17_Y

3. കാസർഗോഡ് ജില്ലയിലെ തീരദേശ ദ്വീപ് പഞ്ചായത്താണ് വലിയപറമ്പ. തീരശോഷണം മൂലം ദുരിതം അനുഭവിക്കുന്ന ഒരു സമൂഹം ഒന്നാകെ കൈകോർത്താണ് സുസ്ഥിരതയിൽ അധിഷ്ഠിതമായ പ്രവർത്തങ്ങൾക്ക് മുൻകൈ എടുക്കുന്നത് . പഞ്ചായത്തു നടത്തിയ ഈ പ്രവർത്തങ്ങൾക്കുള്ള അംഗീകാരമായി വലിയ പറമ്പ പഞ്ചായത്ത് പ്രസിഡന്റിനെ 2024 ൽ ഫിലിപ്പൈൻസിൽ വച്ച് നടന്ന ഏഷ്യ പസഫിക് മിനിസ്റ്റീരിയൽ കോൺഫെറെൻസിലേക്ക് നോമിനേറ്റ് ചെയ്യുകയും അദ്ദേഹത്തിത്തെ ലോക്കൽ ചാമ്പ്യനായി തിരഞ്ഞെടുക്കുകയുണ്ടായി. വലിയപറമ്പ പഞ്ചായത്തിന്റെ അനുകരണീയ മാതൃക ലോക രാജ്യങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുവാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നല്കി. വലിയപറമ്പ പഞ്ചായത്ത് നടത്തിയ ജൈവപരിസ്ഥിതി അധിഷ്ഠിത ദുരന്തലഘൂകരണ പ്രവർത്തനങ്ങളാണ് ഈ ലഘുവീഡിയോയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. https://youtu.be/tv0HnJ1FHXk

## 1.99 ഏഷ്യ-പസഫിക് മന്ത്രിതല ദുരന്തനിവാരണ സമ്മേളനം

2024 ഒക്ടോബർ 14 മുതൽ 18 വരെ ഫിലിപ്പൈൻസിലെ മനിലയിൽ നടന്ന ഏഷ്യ-പസഫിക് മന്ത്രിതല ദുരന്തനിവാരണ സമ്മേളനം (APMCDRR) 2030-ലെ സെൻഡായ് ഫ്രെയിംവർക്കിന്റെ ലക്ഷ്യങ്ങൾ വേഗത്തിൽ കൈവരിക്കാൻ ആസിയാന്റ് പസഫിക് മേഖലയിൽ ആഗ്രഹം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. "Surge to 2030" എന്ന പ്രമേയത്തിൽ നടന്ന സമ്മേളനം ശാസ്ത്ര-സാങ്കേതിക വിദ്യയുടെ പങ്ക്, ലിംഗസമത്വം, ഭിന്നശേഷിയുള്ളവരുടെ ഉൾക്കൊള്ളലുള്ള ഭരണം, DRR ഫിനാൻസിംഗിന്റെ പ്രായോഗിക മാർഗങ്ങൾ, പ്രാദേശികതയും നഗര-ഗ്രാമ പ്രതിരോധശേഷിയും ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ആഴത്തിലുള്ള ചർച്ചകൾക്ക് വേദിയായി. Sendai Framework-ന്റെ മിഡ്ടേം റിവ്യൂ, നാല് ക്രോസ്കട്ടിംഗ് തീമുകളും സമ്മേളനത്തിൽ അവതരിപ്പിച്ചു. Philippines-ൽ DRR ന്റെ പ്രാദേശികത സ്ഥാപനവൽക്കരിക്കാനുള്ള ശ്രമങ്ങൾ, anticipation-based law making, ജനകീയ പങ്കാളിത്തം എന്നിവ ശ്രദ്ധേയമായി. കേരളത്തിൽ നിന്നും വലിയപറമ്പ പഞ്ചായത്ത് പ്രസിഡൻ ശ്രീ. സജീവ് വി.വി, കുമാരി അമൃത കെ, ഹസർഡ് അനലിസ്റ്റ് (പരിസ്ഥിതി), സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ GO (Rt) No. 819/2024/DMD dated 28-10-2024 പ്രകാരം സമ്മേളനത്തിൽ പങ്കെടുത്തു.

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പഞ്ചായത്തിന് വേണ്ടി ശ്രീ. സജീവ് വി.വി. ALL4DR (Asian Local Leaders Forum for Disaster Resilience for Disaster Resilience) പുരസ്കാരം നേടി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ് ശ്രീ. സജീവ് വി.വി യാത്രാ ചെലവുകൾ വഹിച്ചത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് വേണ്ടി കുമാരി അമൃത കെ, ഹസർഡ്, അനലിസ്റ്റ് (പരിസ്ഥിതി), Fail Forward Cafe സെഷനിൽ, കേരളത്തിൽ ലാൻഡ്സ്ലൈഡുകൾ സംബന്ധിച്ച ലൊക്കലൈസ്ഡ് മുന്നറിയിപ്പുകൾ നൽകുന്നതിലെ വെല്ലുവിളികൾ പങ്കുവെക്കുകയും, DRR ന്റെ പരാജയങ്ങൾ വിജയത്തിലേക്ക് മാറ്റാനുള്ള തന്ത്രങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ശ്രീലങ്കയിലെ DRR സംരംഭങ്ങൾ സംബന്ധിച്ച് Disaster Management Centre-ന്റെ ഡയറക്ടറുമായുള്ള സംവാദം, ട്രാൻസ്ജെൻഡർ DRR



പ്ലാനുമായി ബന്ധപ്പെട്ട പാകിസ്ഥാനിലെ പ്രവർത്തകയുമായുള്ള ആശയവിനിമയം എന്നിവ കേരളത്തിന്റെ ഉൾക്കൊള്ളലും സഹകരണവും പ്രതിനിധീകരിച്ചു. Sendai Framework-ന്റെ ലക്ഷ്യങ്ങൾ പ്രാദേശികത, ശാസ്ത്രം, ഉൾക്കൊള്ളലുള്ള ഭരണം, ഫിനാൻസിംഗ്, സ്വകാര്യ പങ്കാളിത്തം എന്നിവയിലൂടെ കൈവരിക്കാനുള്ള ആസിയാന്റ് പസഫിക് മേഖലയിലെ പ്രതിജ്ഞാബദ്ധത ഈ സമ്മേളനം ശക്തമായി പ്രതിനിധീകരിച്ചു.

### 1.100 അന്താരാഷ്ട്ര പരിശീലനം - ഫ്രാൻസ്

ദുരന്ത ലഘൂകരണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ഫ്രെഞ്ച് വികസന ഏജൻസിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിയ അന്താരാഷ്ട്ര പരിശീലന പരിപാടിയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും GO (Rt) No. 30/2025/DMD dated 20-01-2025 പ്രകാരം ശ്രീമതി ചിന്തുമോൾ ചന്ദ്രൻ, ഹസർഡ് അനലിസ്റ്റ്, ഡി.ഡി.എം.എ, ആലപ്പുഴ പങ്കെടുത്തു. 30-03-2025 മുതൽ 7-4-2025 വരെ ആയിരുന്നു പരിശീലനം. നഗരകേന്ദ്രീകൃത ദുരന്ത ലഘൂകരണം ആയിരുന്നു പരിശീലന വിഷയം.



### 1.101 ഇൻസ്പ്പയർ (INSPIRE - Institutional Strengthening through Preparedness and Inclusive Response in India) പദ്ധതി

ദേശീയ ദുരന്ത നിവാരണ അതോറിറ്റി-ഏഷ്യ ഡിസാസ്റ്റർ പ്രിപ്പേർഡ്നെസ്സ് സെൻറർ (ബാങ്കോക്ക്), കെ.എസ്.ഡി.എം.എ, കില എന്നിവർ സഹകരിച്ച് കേരളത്തിൽ തദ്ദേശ തല ദുരന്ത ലഘൂകരണ ശാക്തീകരണ പദ്ധതി നടപ്പാക്കുവാൻ ആയി 19-3-2025ന് ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെംബർ സെക്രട്ടറി, കെ.എസ്.ഡി.എം.എ, ഡോ. ജോയ് എളമൺ എന്നിവർ ദേശീയ ദുരന്ത നിവാരണ അതോറിറ്റി സന്ദർശിക്കുകയും, ഏഷ്യ ഡിസാസ്റ്റർ പ്രിപ്പേർഡ്നെസ്സ് സെന്ററും കെ.എസ്.ഡി.എം.എയും എം.ഒ.യു ഒപ്പിടുകയും ചെയ്തു.

പദ്ധതിയുടെ ആലോചനാ യോഗം 15-12-2023ന് ശ്രീലങ്കയിൽ വച്ച് നടക്കുകയും, ശ്രീമതി അഞ്ജലി പി, ഹസർഡ് അനലിസ്റ്റ് (എറണാകുളം), യോഗത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് വേണ്ടി പങ്കെടുക്കുകയും ചെയ്തു.

### 1.102 പുനരധിവാസവും പുനർനിർമ്മാണവും സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ - പരിശീലന പരിപാടി

ദേശീയ ദുരന്ത നിവാരണ അതോറിറ്റി സംഘടിപ്പിച്ച ദേശീയ/സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ പുനരധിവാസവും പുനർനിർമ്മാണവും




സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾക്കായുള്ള ഓറിയന്റേഷൻയും പരിശീലന പരിപാടിയിലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെംബർ സെക്രട്ടറി 26-11-2024ന് പങ്കെടുത്തു. ഈ പരിപാടിയിൽ "വിഭാഗാനുസൃത പുനരധിവാസവും പുനർനിർമ്മാണവും" എന്ന വിഷയത്തിൽ സെഷൻ കൈകാര്യം ചെയ്തു, റീബിൽഡ് കേരളാ ഇൻഷിയേറ്റീവ് വഴി ലഭിച്ച അനുഭവങ്ങൾ പങ്കുവെച്ചു.

### 1.103 സന്ദർശനം - ജാർഖണ്ഡ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ജാർഖണ്ഡ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും (JSDMA), സംസ്ഥാന ദുരന്ത പ്രതികരണ നിധിയും (SDRF) കൂടുതൽ ക്രമബദ്ധമായ ഘടനയോടെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രമേയം പരിഗണനയിൽ ഉള്ളതായി ജാർഖണ്ഡ് സർക്കാർ അറിയിച്ചു. ഈ ലക്ഷ്യത്തിനായി, ജാർഖണ്ഡ് സംസ്ഥാനത്തെ നിലവിലുള്ള പ്രവർത്തനരീതികൾ പഠിക്കുകയും, JSDMAയും SDRFയും ശക്തിപ്പെടുത്താനും



ക്രമീകരിക്കാനും ഉള്ള വെല്ലുവിളികൾ പരിഹരിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി, താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഒരു

സംഘം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സന്ദർശിച്ചു:

- ശ്രീ. അർവിന്ദ് കുമാർ, അണ്ടർ സെക്രട്ടറി
- ശ്രീ. വിജയ് കുമാർ, അണ്ടർ സെക്രട്ടറി
- ശ്രീ. പ്രഭാത് കുമാർ, ടെക്നിക്കൽ അസിസ്റ്റന്റ്

ഈ സന്ദർശനം ജാർഖണ്ഡ് സംസ്ഥാനത്തെ ദുരന്ത നിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള അറിവ് കൈവരിക്കാൻ ലക്ഷ്യമിടുന്നതാണ്.

## 1.104 സന്ദർശനം - ഫ്രെഞ്ച് വിദഗ്ധരുടെ സന്ദർശനം

ഫ്രാൻസ്-കേരള സാങ്കേതിക സഹകരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന RKI–AFD പരിപാടിയുടെ ഭാഗമായി, 2025 ഫെബ്രുവരി 17ന് ഫ്രാൻസിൽ നിന്നുള്ള വിദഗ്ധരുടെ സംഘം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) ഓഫീസിൽ സന്ദർശനം നനടത്തി. അതോറിറ്റിയുടെ EOCയും, വിവിധ പ്രവർത്തനങ്ങളും നേരിൽ കാണുന്നതിനായാണ് വന്നത്.

## 1.105 സന്ദർശനം - ആസാം ദുരന്ത നിവാരണ അതോറിറ്റിയുടെ സന്ദർശനം

ആസാമിന്റെ സംയോജിത നദീതട മാനേജ്മെന്റ് പദ്ധതിയുടെ ഭാഗമായി, Assam State Disaster Management Authority (ASDMA)യിലെ ഉദ്യോഗസ്ഥർ 2025 ഫെബ്രുവരി 2 മുതൽ 5 വരെ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) സന്ദർശിച്ചു.



ലോകബാങ്ക് പിന്തുണയുള്ള ഈ പദ്ധതിയുടെ ഭാഗമായി അസം സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവഹണ കേന്ദ്രം (SEOC) സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. KSDMAയുടെ പ്രവർത്തനങ്ങൾ, ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ, പ്രത്യേകിച്ച് ജിയോസ്പേഷ്യൽ ടെക്നോളജി, ICT, ഓഡിയോ-വിഷ്വൽ സംവിധാനങ്ങൾ, IEMS എന്നിവയെക്കുറിച്ച് അറിവ് നേടുക എന്നതാണ് സന്ദർശനത്തിന്റെ പ്രധാന ഉദ്ദേശ്യം. മൃണാൽ സിംഗ്ഹ, അഭിജ്ഞാൻ രാജ്ഖോവ, ബിരേൻ ബൈശ്യ, അഭിജിത് ഡേക, കപിൽ ഡേ എന്നിവരാണ് സന്ദർശിച്ചത്. സംഘം ബഹു. റവന്യൂ മന്ത്രി ശ്രീ കെ. രാജനെ സന്ദർശിച്ചു.



## 1.106 ഹിമപാതങ്ങൾ (Avalanches), ഗ്ലേഷ്യൽ ലേക്ക് ഔട്ട്ബർസ്റ്റ് ഫ്ലഡുകൾ (GLOFs), മണ്ണിടിച്ചിലുകൾ - ദേശീയ സമ്മേളനം

ഡോ. ശേഖർ എൽ. കുര്യാക്കോസ് ഇന്ത്യ ഹാബിറ്റാറ്റ് സെന്ററിൽ CSIR-CBRI, റൂർക്കീ 27-11-2024ന് സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിൽ പങ്കെടുത്തു. ഹിമപാതങ്ങൾ (Avalanches), ഗ്ലേഷ്യൽ ലേക്ക് ഔട്ട്ബർസ്റ്റ് ഫ്ലഡുകൾ (GLOFs), മണ്ണിടിച്ചിലുകൾ എന്നിവയിൽ കാലാവസ്ഥാ മാറ്റം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനുള്ള ദേശീയ പദ്ധതി രൂപപ്പെടുത്തലാണ് സമ്മേളനത്തിന്റെ ലക്ഷ്യം.




വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ദരും ശാസ്ത്രജ്ഞരും പങ്കെടുത്ത ഈ ചർച്ചയിൽ, ഡോ. ശേഖർ കുര്യാക്കോസ് മണ്ണിടിച്ചിലുകൾ സംബന്ധിച്ച പ്രശ്നങ്ങളും പരിഹാര സാധ്യതകളും വിശദീകരിച്ചു, കേരളത്തിൽ നടപ്പാക്കിയ മികച്ച മാതൃകകൾ പങ്കുവെച്ചു.

## 1.107 ഗ്ലോബൽ ഹീറ്റ് ആൻഡ് കൂളിംഗ് ഫോറം

2025 മാർച്ച് 17-18 തീയതികളിൽ ന്യൂഡൽഹിയിൽ നടന്ന ഗ്ലോബൽ ഹീറ്റ് ആൻഡ് കൂളിംഗ് ഫോറത്തിലെ വിവിധ വർക്ക്ഷോപ്പുകളിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ (KSDMA) വിദഗ്ദർ പങ്കെടുത്തു. താപനിലയുടെ അതിരൂക്ഷതയും അതിന്റെ സാമൂഹ്യ-പരിസ്ഥിതിക പ്രത്യാഘാതങ്ങളും നേരിടുന്നതിനുള്ള തന്ത്രങ്ങൾ ചർച്ചചെയ്യുന്നതിനായാണ് ഈ ഫോറം സംഘടിപ്പിച്ചത്.

- ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെംബർ സെക്രട്ടറി, KSDMA
- കുമാരി ആര്യ നരേന്ദ്രൻ, ആർക്കിടെക്റ്റ്, KSDMA
- ഡോ. ജസീല (ഹസാർഡ് അനലിസ്റ്റ്, പബ്ലിക് ഹെൽത്ത്
- ശ്രീ. ഫഹദ് മാർസൂക് (ഹസാർഡ് അനലിസ്റ്റ്, കാലാവവസ്ഥാ വിശകലനം
- കുമാരി അമൃത കെ., ഹസാർഡ് അനലിസ്റ്റ്, പരിസ്ഥിതി

താപതീവ്രതയുടെ പശ്ചാത്തലത്തിൽ വിവിധ മേഖലകളിൽ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നയങ്ങൾ, സാങ്കേതികവിദ്യകൾ, അന്താരാഷ്ട്ര അനുഭവങ്ങൾ എന്നിവയെക്കുറിച്ച് ഈ ഫോറത്തിൽ വിശദമായ ചർച്ചകൾ നടന്നു. KSDMAയുടെ പ്രതിനിധികൾ കേരളത്തിൽ നടപ്പാക്കിയ അനുഭവങ്ങൾ പങ്കുവെച്ചതോടൊപ്പം, ദേശീയ-ആഗോള തലത്തിൽ നിന്നുള്ള മികച്ച മാതൃകകൾ പഠിക്കാനും ഈ വേദി അവസരമൊരുക്കി.

## 1.108 Early Warning to Early Action – A Multi-Hazard, Multi-Stakeholder Approach: Learning from Coastal Ecosystems - ദേശീയ സമ്മേളനം

2024 നവംബർ 19-ന് ഒഡീഷയിലെ ഭുവനേശ്വറിൽ സ്ഥിതിചെയ്യുന്ന മെയ്ഫെയർ ലഗൂണിൽ ഐക്യരാഷ്ട്രസഭ ഇന്ത്യയും റിലയൻസ് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച "Early Warning to Early Action – A Multi-Hazard, Multi-Stakeholder Approach: Learning from Coastal Ecosystems" എന്ന ദേശീയ സമ്മേളനത്തിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (KSDMA) അംഗമായ ഡോ. ശേഖർ എൽ. കുര്യാക്കോസ് പങ്കെടുത്തു. ഇന്ത്യയിലെ തീരപ്രദേ ശങ്ങളിലെ കാലാവസ്ഥാ മാറ്റം മൂലമുള്ള ഭീഷണികൾ നേരിടുന്നതിനുള്ള മുൻകരുതലുകളും അതിനോടനുബന്ധിച്ചുള്ള ത്വരിത പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങൾ ചർച്ചചെയ്യുന്നതിനായാണ് ഈ സമ്മേളനം സംഘടിപ്പിച്ചത്.

ഡോ. ശേഖർ കുര്യാക്കോസ് Session 2: Knowledge Sharing: Learning from Coastal States' Experiences with a Focus on Gender and Livelihood എന്ന സെഷനിൽ സ്പീക്കറായി പങ്കെടുത്തു. കേരളത്തിലെ അനുഭവങ്ങൾ, ലിംഗസമത്വം, ഉപജീവനമാർഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആശയങ്ങൾ അദ്ദേഹം പങ്കുവെച്ചു. ദേശീയ-ആഗോള തലത്തിൽ നിന്നുള്ള നയനിർമ്മാതാക്കളും ഗവേഷകരും CSO-കളും NGO-കളും കോർപ്പറേറ്റ് നേതാക്കളും Disaster Management അതോറിറ്റികളുമടക്കം നിരവധി പ്രതിനിധികൾ ഈ വേദിയിൽ പങ്കെടുത്തു. ഇന്ത്യയിലെ തീരപ്രദേശങ്ങളിലെ Early Warning Systems (EWS) and Early Action (EA) സംരംഭങ്ങളുടെ നിലവിലെ നിലയും ഭാവിയും സംബന്ധിച്ചുള്ള ചർച്ചകൾ ഈ സമ്മേളനത്തിൽ നടന്നു.




## 1.109 NATCON'24

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മെംബർ സെക്രട്ടറിയായ ഡോ. ശേഖർ എൽ. കുര്യാക്കോസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന നാഷണൽ കോൺഫറൻസ് NATCON'24-ൽ പങ്കെടുത്തു. "ക്ലൈമറ്റ് ചേഞ്ച്, ദുരന്ത അപകട സാധ്യത കുറയ്ക്കൽ, ഒന്ന് ഹെൽത്ത്" എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം പ്രഭാഷണം നടത്തി. പരിസ്ഥിതിയുടെയും മനുഷ്യാരോഗ്യത്തിന്റെയും അന്തർബന്ധം, കാലാവസ്ഥാ വ്യതിയാനങ്ങൾ ദുരന്ത സാധ്യതയെ എങ്ങനെ

ബാധിക്കുന്നു, അതിനോട് പ്രതികരിക്കാൻ ആരോഗ്യ-ദുരന്തനിവാരണ മേഖലകൾ തമ്മിലുള്ള ഏകീകരണത്തിന്റെ ആവശ്യകത എന്നിവയെക്കുറിച്ചുള്ള ആഴത്തിലുള്ള ചർച്ചകൾ അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ ഉൾപ്പെട്ടിരുന്നു.

# സാമ്പത്തിക വിനിയോഗം 2024-2025

| Sl No | Particulars | Opening Balance (A) | Amount received (B) | Total (C=A+B) | Amount Expended (D) | Surrender (E) | Balance (F=C-(D+E)) |
|---|---|---|---|---|---|---|---|
| | **FY 2024-25** | | | | | | |
| | **Amount allotted in the Head of Account** | | | | | | |
| **I** | **H/A 2053-00-094-50-PV** | | | | | | |
| a. | KSDMA PLAN | ₹ - | ₹ 60,000,000.00 | ₹ 60,000,000.00 | ₹ 59,746,992.00 | ₹ 253,008.00 | ₹ - |
| | **Total (I)** | ₹ - | **₹ 60,000,000.00** | **₹ 60,000,000.00** | **₹ 59,746,992.00** | **₹ 253,008.00** | |
| **II** | **H/A 2245-80-102-95-01-PV** | | | | | | |
| a | NCRMP II | ₹ - | ₹ 3,000,000.00 | ₹ 3,000,000.00 | ₹ 446,197.00 | ₹ 2,553,803.00 | ₹ - |
| | **Total (II)** | ₹ - | **₹ 3,000,000.00** | **₹ 3,000,000.00** | **₹ 446,197.00** | **₹ 2,553,803.00** | ₹ - |
| | | | | | | | |
| | **Treasury TSB & STSB Accounts** | | | | | | |
| **III** | **PSTSB-799012700000232** | | | | | | |
| a | SDMA PLAN 2020-21 | ₹ 6,022.00 | ₹ 7,500.00 | ₹ 13,522.00 | ₹ - | ₹ - | ₹ 13,522.00 |
| | **Total (III)** | **₹ 6,022.00** | **₹ 7,500.00** | **₹ 13,522.00** | ₹ - | ₹ - | **₹ 13,522.00** |
| **IV** | **STSB-701011400000188** | | | | | | |
| a | SDRF | ₹ 3,265.00 | ₹ - | ₹ 3,265.00 | ₹ - | ₹ - | ₹ 3,265.00 |
| b | Miscellanious receipt | ₹ 57,069.00 | ₹ 400.00 | ₹ 57,469.00 | ₹ - | ₹ - | ₹ 57,469.00 |
| c | Security deposit | ₹ 209,098.00 | | ₹ 209,098.00 | ₹ - | ₹ - | ₹ 209,098.00 |
| d | Salary Deductions | ₹ - | ₹ 730,617.00 | ₹ 730,617.00 | ₹ 594,200.00 | ₹ - | ₹ 136,417.00 |
| e | SDMF | ₹ 19,585,296.00 | | ₹ 19,585,296.00 | ₹ - | ₹ 19,585,296.00 | ₹ - |
| f | Petty Cash | | ₹ 186,459.00 | ₹ 186,459.00 | ₹ 186,459.00 | ₹ - | ₹ - |
| | **Total (IV)** | **₹ 19,854,728.00** | **₹ 917,476.00** | **₹ 20,772,204.00** | **₹ 780,659.00** | **₹ 19,585,296.00** | **₹ 406,249.00** |
| **V** | **STSB-701041400000028** | | | | | | |
| a. | SEOC Fund | ₹ 6,798,228.00 | ₹ - | ₹ 6,798,228.00 | ₹ - | ₹ - | ₹ 6,798,228.00 |
| | **Total (V)** | **₹ 6,798,228.00** | ₹ - | **₹ 6,798,228.00** | ₹ - | ₹ - | **₹ 6,798,228.00** |
| | | | | | | | |
| | **Bank Accounts** | | | | | | |
| **VI** | **SEOC Bank Account No 33031314643** | | | | | | |
| a | Interest Accrued | ₹ 142,155.00 | ₹ 1,098,010.00 | ₹ 1,240,165.00 | ₹ 1,220,217.00 | ₹ - | ₹ 19,948.00 |
| b | Strengthening ERCEDAP | ₹ 34,026.00 | ₹ 70,000.00 | ₹ 104,026.00 | ₹ 104,026.00 | ₹ - | ₹ - |
| c | Advance Remittance | ₹ 8,320.00 | ₹ 19,136.00 | ₹ 27,456.00 | ₹ 24,118.00 | ₹ - | ₹ 3,338.00 |
| d | Admin Cost | ₹ 374,900.00 | ₹ 70,000.00 | ₹ 444,900.00 | ₹ 444,900.00 | ₹ - | ₹ - |
| e | Strengthening SDMA&DDMA | ₹ 50,866.00 | ₹ - | ₹ 50,866.00 | ₹ 50,866.00 | ₹ - | ₹ - |
| f | Mullapriyar | ₹ 3,612,825.00 | ₹ 764,458.00 | ₹ 4,377,283.00 | ₹ 1,656,124.00 | ₹ - | ₹ 2,721,159.00 |
| g | Guralph Seismograph | ₹ 372,124.00 | ₹ - | ₹ 372,124.00 | ₹ - | ₹ - | ₹ 372,124.00 |
| h | Weather Company | ₹ 236,772.00 | ₹ 399,357.00 | ₹ 636,129.00 | ₹ - | ₹ - | ₹ 636,129.00 |
| i | Fund received from NIDM | ₹ 170.00 | ₹ - | ₹ 170.00 | ₹ - | ₹ - | ₹ 170.00 |
| j | Security deposit | ₹ 84,478.00 | ₹ - | ₹ 84,478.00 | ₹ - | ₹ - | ₹ 84,478.00 |
| k | NGI | ₹ 103,563.00 | ₹ 61,417.00 | ₹ 164,980.00 | ₹ 48,670.00 | ₹ - | ₹ 116,310.00 |
| l | Miscellanious receipt | ₹ 230,324.00 | ₹ 63,973.00 | ₹ 294,297.00 | ₹ 104,857.00 | ₹ - | ₹ 189,440.00 |
| m | RKI -LSGD DM Plan | ₹ - | ₹ 70,000.00 | ₹ 70,000.00 | ₹ 70,000.00 | ₹ - | ₹ - |
| n | Ncrmp III Phase | ₹ 6,519,471.00 | ₹ - | ₹ 6,519,471.00 | ₹ 1,760,021.00 | ₹ - | ₹ 4,759,450.00 |
| o | RKI Building Damage Assessment App | ₹ 5,400.00 | ₹ - | ₹ 5,400.00 | ₹ - | ₹ 5,400.00 | |
| p | SDMF CSR | ₹ - | ₹ 4,929,163.00 | ₹ 4,929,163.00 | ₹ 2,855,430.00 | ₹ - | ₹ 2,073,733.00 |
| q | ERSS (112) | ₹ - | ₹ 1,826,640.00 | ₹ 1,826,640.00 | ₹ 601,220.00 | ₹ - | ₹ 1,225,420.00 |
| r | Tsunami Ready Program in Kerala | ₹ - | ₹ 3,705,000.00 | ₹ 3,705,000.00 | ₹ 1,824,202.00 | ₹ - | ₹ 1,880,798.00 |
| s | Drone-based Intelligent Buried Object DetectionSystem (IBOD) | ₹ - | ₹ 755,200.00 | ₹ 755,200.00 | ₹ 755,200.00 | ₹ - | ₹ - |
| t | Pilot course of Diploma in Disaster Risk Management jointly launched by SCOLE-KSDMA | ₹ - | ₹ 690,000.00 | ₹ 690,000.00 | ₹ 690,000.00 | ₹ - | ₹ - |
| u | SDMF Living Labs project, Kanichar | ₹ - | ₹ 2,060,910.00 | ₹ 2,060,910.00 | ₹ 108,579.00 | ₹ - | ₹ 1,952,331.00 |
| v | LBSNAA | ₹ - | ₹ 2,146,441.00 | ₹ 2,146,441.00 | ₹ 2,146,441.00 | ₹ - | ₹ - |
| | **Total (VI)** | **₹ 11,775,394.00** | **₹ 18,729,705.00** | **₹ 30,505,099.00** | **₹ 14,464,871.00** | **₹ 5,400.00** | **₹ 16,034,828.00** |

| | | | | | | | |
|---|---|---|---|---|---|---|---|
| **VII** | **Externally Funded Project** | | | | | | |
| a. | UNICEF | ₹ 518,893.00 | ₹ 1,018,270.00 | ₹ 1,537,163.00 | ₹ 1,534,140.00 | | ₹ 3,023.00 |
| | **Total (VII)** | **₹ 518,893.00** | **₹ 1,018,270.00** | **₹ 1,537,163.00** | **₹ 1,534,140.00** | **₹ -** | **₹ 3,023.00** |
| **VIII** | **Corpus Fund** | | | | | | |
| a. | A/c No 35718875550 | ₹ 1,197,257.00 | ₹ 14,502.00 | ₹ 1,211,759.00 | ₹ 14,502.00 | ₹ - | ₹ 1,197,257.00 |
| b. | A/c No 38858756719 | ₹ 318,070.00 | ₹ 21,609.00 | ₹ 339,679.00 | ₹ 339,679.00 | ₹ - | ₹ - |
| c. | A/c No 43591521780 | ₹ 339,597.00 | ₹ 1,501.00 | ₹ 341,098.00 | ₹ 1,501.00 | ₹ - | ₹ 339,597.00 |
| | **Total (VIII)** | **₹ 1,854,924.00** | **₹ 37,612.00** | **₹ 1,892,536.00** | **₹ 355,682.00** | **₹ -** | **₹ 1,536,854.00** |
| **IX** | **SDMF CSR** | | | | | | |
| a. | A/c No 39831022443 | ₹ 6,179,527.00 | ₹ 46,408,317.00 | ₹ 52,587,844.00 | ₹ 7,815,086.00 | ₹ - | ₹ 44,772,758.00 |
| | **Total (IX)** | **₹ 6,179,527.00** | **₹ 46,408,317.00** | **₹ 52,587,844.00** | **₹ 7,815,086.00** | **₹ -** | **₹ 44,772,758.00** |
| **X** | **PM Cares (GoI)** | | | | | | |
| a. | Fund Received | ₹ - | ₹ - | ₹ - | ₹ - | ₹ - | ₹ - |
| b. | Interest | ₹ 2,701,619.00 | ₹ 55,179.00 | ₹ 2,756,798.00 | ₹ - | ₹ - | ₹ 2,756,798.00 |
| | **Total (X)** | **₹ 2,701,619.00** | **₹ 55,179.00** | **₹ 2,756,798.00** | **₹ -** | **₹ -** | **₹ 2,756,798.00** |
| **XI** | **A/c No 41136726272** | | | | | | |
| a. | Aapadamtira Upscaling (GoI) | ₹ 16,652,224.00 | 0 | ₹ 16,652,224.00 | ₹ 5,915,262.00 | ₹ - | ₹ 10,736,962.00 |
| b. | Yuva | ₹ - | ₹ 22,711,000.00 | ₹ 22,711,000.00 | ₹ - | | ₹ 22,711,000.00 |
| c. | Interest (GoI) | ₹ 2,698,915.00 | ₹ 518,855.00 | ₹ 3,217,770.00 | ₹ - | ₹ - | ₹ 3,217,770.00 |
| | **Total (XI)** | **₹ 19,351,139.00** | **₹ 23,229,855.00** | **₹ 42,580,994.00** | **₹ 5,915,262.00** | | **₹ 36,665,732.00** |
| **XII** | **A/C No 41136726272** | | | | | | |
| a. | SENDAI FRAME WORK (GoI) | ₹ 198,905.00 | ₹ - | ₹ 198,905.00 | ₹ 198,905.00 | ₹ - | ₹ - |
| b. | Interest (GoI) | ₹ 33,473.00 | ₹ 5,036.00 | ₹ 38,509.00 | ₹ 177.00 | ₹ 38,332.00 | ₹ - |
| | **Total (XII)** | **₹ 232,378.00** | **₹ 5,036.00** | **₹ 237,414.00** | **₹ 199,082.00** | **₹ 38,332.00** | **₹ -** |
| **XIII** | **A/C No 4113682967** | | | | | | |
| a. | Niti Ayog (GoI) | ₹ 33,871.00 | ₹ - | ₹ 33,871.00 | | ₹ - | ₹ 33,871.00 |
| b. | Interest (GoI) | ₹ 3,095.00 | ₹ 504.00 | ₹ 3,599.00 | ₹ - | | ₹ 3,599.00 |
| | **Total (XIII)** | **₹ 36,966.00** | **₹ 504.00** | **₹ 37,470.00** | **₹ -** | **₹ -** | **₹ 37,470.00** |
| **XIV** | **A/C No 41207763587** | | | | | | |
| a. | ERSS (GoI) | ₹ 127,627.00 | ₹ - | ₹ 127,627.00 | ₹ 119,710.00 | ₹ - | ₹ 7,917.00 |
| b. | Interest (GoI) | ₹ 41,936.00 | ₹ 3,212.00 | ₹ 45,148.00 | ₹ - | | ₹ 45,148.00 |
| | **Total (XIV)** | **₹ 169,563.00** | **₹ 3,212.00** | **₹ 172,775.00** | **₹ 119,710.00** | **₹ -** | **₹ 53,065.00** |
| | | | | | | | |
| | **Public Financial Management System (PFMS)** | | | | | | |
| **XV** | **SENDAI FRAME WORK (GoI)** | ₹ - | ₹ 1,162,419.00 | ₹ 1,162,419.00 | ₹ 1,162,419.00 | ₹ - | ₹ - |
| | **Total (XV)** | **₹ -** | **₹ 1,162,419.00** | **₹ 1,162,419.00** | **₹ 1,162,419.00** | **₹ -** | **₹ -** |
| **XVI** | Niti Ayog (GoI) | ₹ - | ₹ 1,680,000.00 | ₹ 1,680,000.00 | ₹ 1,680,000.00 | ₹ - | ₹ - |
| | **Total (XVI)** | **₹ -** | **₹ 1,680,000.00** | **₹ 1,680,000.00** | **₹ 1,680,000.00** | **₹ -** | **₹ -** |
| | **Grand Total (I+II+III+IV+V+VI+VII+VIII+IX+X+XI+XII+XIII+XIV+XV+XI)** | **₹ 69,479,381.00** | **₹ 156,255,085.00** | **₹ 225,734,466.00** | **₹ 94,220,100.00** | **₹ 22,435,839.00** | **₹ 109,078,527.00** |

**സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ കോർപ്പസ് ഫണ്ട്**: GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് ഒരു കോർപ്പസ് ഫണ്ട് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ കോർപ്പസ് ഫണ്ട് fixed deposit ആയി State Bank of Indiaയിൽ നിക്ഷേപിച്ചിട്ടുണ്ട്. 31-03-2020 വരെ ഇതിൽ ₹12,91,726/- (Twelve lakh ninety-one thousand seven hundred and twenty-six only) രൂപയുടെ നിക്ഷേപമാണ് ഉള്ളത്. GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരമാണ് ഇതിൽ നിന്നുള്ള തുക വിനിയോഗിക്കാവുന്നത്. നികുതി ഒടുക്കൽ അല്ലാതെ ഒരു തുകയും ഇതിൽ നിന്നും 2024-25 കാലഘട്ടത്തിൽ ചെലവഴിക്കേണ്ടി വന്നിട്ടില്ല.

# ഉപസംഹാരം

2024-2025 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വളരെ സജീവമായും കാര്യക്ഷമമായും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.